Cintāratna. Kaivalyanavanīta. Mukundamāla.

1878

Ci
XIV
276

Wilh. Kapp
Buchbinderei & Papierh.
Tübingen Münzg. 3

1039

ശ്രീ

തുഞ്ചത്തെഴുത്തച്ശൻ ഉണ്ടാക്കിയ

ചിന്താരത്നവും.

കൈവല്യനവനീതവും-മുകുന്ദമാലയും.

ഇതിൽ അടങ്ങിയിരിക്കുന്നു

ഇത

മഹാ-രാ-രാ

ച-അ-കാളഹസ്തിയപ്പമുതലിയാരവർകളുടെ

# വിദ്യാവിലാസം

അച്ചുക്കൂടത്തിൽ-അച്ചടിപ്പിച്ചത.

കൊഴിക്കൊട - ൲൮൱൭ - സെപ്തെമ്പ്രമാസം.

10330

വില ഉറുപ്പിക-ഒന്നര

ശ്രീ

Cintāratna ---

ചിന്താരത്നവും-കൈവല്യനവനീതവും

മുകുന്ദമാലയും

ഇതിൽ അടങ്ങിയിരിക്കുന്നു

ഇത

മഹാ-രാ-രാ

ച-അ-കാളഹസ്തിയപ്പമുതലിയാരവർകളുടെ

# വിദ്യാവിലാസം

അച്ചുക്കൂടത്തിൽ-അച്ചടിച്ചത.

കൊഴിക്കൊട - ൧൮൭൮ - സെപ്തെംബ്രമാസം

Koḻikkoṭa 1878.

വില ഉറുപ്പിക-൧॥ഒന്നര

UNIV. BIBL. TÜBINGEN

bi XIV 276

# പീഠിക

മുമുക്ഷുക്കളായുള്ള ജനങ്ങൾ ൟപുസ്തകത്തിൽ അടങ്ങിരിക്കുന്ന സൎവ്വവെദാന്തസാരസംഗ്രഹങ്ങളായ പദാൎത്ഥങ്ങളെ എകാഗ്രഹൃദയന്മാരായി ശ്രദ്ധാലുക്കളായി നൊക്കുകയും പഠിക്കുകയും ചിന്തിക്കയും ചെയ്യാനുള്ളതാകുന്നു അത എന്തെന്നാൽ പലപ്രകാരത്തിലും എറിയജന്മങ്ങൾ കഴിഞ്ഞു ഒരു ജന്മത്തിൽ ൟശ്വരാനുഗ്രഹം ഹെതുവായിട്ടു സുകൃതദുഷ്കൃതങ്ങൾ സമമായിരിക്കും സമയത്തിൽ മനുഷ്യജന്മം ലഭിക്കുന്നതും ആയതു എററവും ദുല്ലഭമായും ക്ഷണഭംഗുരമായും ഇരിക്കുന്നതും ആകകൊണ്ട എഷണത്രയം താപത്രയം എന്നു തുടങ്ങി വിവിധങ്ങളായിരിക്കുന്ന ദുഃഖങ്ങളിൽ ഘടിയന്ത്രം പൊലെ സംഭ്രമിച്ചു സത്സംഗതിയും സൽഗ്രന്ഥകാലക്ഷെപവും ഇല്ലാതെ പ്രജ്ഞാനസ്വരൂപമായി സ്വമായരിക്കുന്ന ആത്മാവിന്റെ വിസ്മൃതി ഭവിച്ചു അതു നിമിത്തം വിശെഷമായിരിക്കുന്ന മനുഷ്യജന്മം വൃഥൈവ കളയാതെയും അഗാധമായി അപാരമായി ഇരിക്കുന്ന സംസാരസാഗരത്തിൽ സമ്മഗ്നന്മാരായിത്തീരാതെയും മതിമാന്മാരായി ധന്യന്മാരായി രിക്കുന്ന ജനങ്ങൾ ൟപുസ്തകത്തിലുള്ള സാരങ്ങളെ സാവധാനചിത്തന്മാരായി നൊക്കി പൊരുൾകളെ ഊഹിച്ചു അറിഞ്ഞുവെങ്കിൽ അവർ എത്രയും എളുപ്പത്തിൽ രാഗദ്വെഷാഭിമാനാഹംകാരാദി ദൊഷങ്ങളൊടു വെർപെട്ടു ആത്മജ്ഞാനം സംഭവിച്ചു നിരുപമമായും നിരതിശയമായും പുനരാവൎത്തിരഹിതമായും ഇരിക്കുന്ന ആനന്ദത്തെ പ്രാപിക്കുന്നതാകുന്നു.

# ചിന്താരത്നം

ഹരിഃ ശ്രീഗണപതയെനമഃ അവിഘ്നമസ്തു

പരമാനന്ദപദംകാണ്മതിന്നാശയൊടു|മരികെവന്നുവിനയാനതവക്ത്രത്തൊടു| മരുവുംസുമംഗലെനിന്നുടെമനൊരഥം| അറിഞ്ഞീടിനെനഹമെന്നതുമല്ലമെന്മെൽ|വളൎന്നീടുന്നഭക്തി വിശ്വാസംകണ്ടുമുള്ളിൽ|തെളിഞ്ഞുനന്നായിനിക്കെററവുംധന്യശീലെ| അറിഞ്ഞീടെണംപരതത്വമെന്നുള്ളതുന്നിൽ| നിറഞ്ഞ ഭക്തിശ്രദ്ധയുണ്ടായ്വന്നതുമൊൎത്താൽ| കുറഞ്ഞുനിനക്കുപാപങ്ങളെന്നറിഞ്ഞീടാം| ഉയൎന്നുവരുംപുണ്യജാലവുമിനിമെലിൽ| പുണ്യമുണ്ടായാൽ പുരുഷാൎത്ഥവുംസാധിച്ചീടാ| മെന്നുചൊല്ലുന്നുവിദ്വജ്ജനമെന്നറിഞ്ഞാലും| ധന്യാംഗികെൾക്കുപരമാൎത്ഥജ്ഞാനമെന്നിമ| റെറാന്നിനാൽകണ്ടുകിട്ടാപരമാനന്ദപദം| പരമാൎത്ഥജ്ഞാനമാകുന്നൊരുമനസ്സിങ്കൽ|പെരുകുംരാഗാദി ദൊഷങ്ങളെന്നറിഞ്ഞുടൻ|വിരവൊടവയെല്ലാമകലെകളഞ്ഞാത്മ| സ്വരൂപജ്ഞാനമുണ്ടായീടണംവഴിപൊലെ| അന്നെരമാത്മാവിനെയറിയാംമനസ്സിനാൽ| നിൎണ്ണയമായൊരാത്മജ്ഞാനവു മതുതന്നെ| ആത്മാനുഭൂതികൊണ്ടജ്ഞാനാദിമലമററി| ട്ടാത്മാനന്ദമാംപരമാനന്ദംപ്രാപിച്ചീടാം| ഭക്തിശ്രദ്ധകൾ നിനക്കുണ്ടാകകൊണ്ടുനിന്നൊ| ടുക്തമായിടാമാത്മജ്ഞാനമുണ്ടായീടുവാൻ|രാഗാദിദൊഷങ്ങളെമാനസംതന്നിൽനിന്നു| വെവ്വെറാക്കുവാൻവെലചെയ്യാലുംപൊലെ|ചിത്തത്തിലശുദ്ധത ചെയ്യീടുംരാഗാദിയാം|വൃത്തികൾപതിമൂന്നുംത്യജിച്ചുവിവെകത്താൽ|ശുദ്ധമാക്കണംമനസ്സതിനുള്ളൊരുവെല| എത്രയുംവളരെയുണ്ടായവബൊധിക്കെണം| സാധനചതുഷ്ടയമുണ്ടായീടണംപിന്നെ| ബൊധവാനായുള്ളൊരാചാൎയ്യനെത്തിരയെണം| ഗുരുവിൻകൃ

പാവശാൽത്രിഗുണഭേദത്തിനാൽ| വരുമീശ്വരജീവജഗത്ഭേദ
ങ്ങളെല്ലാം|ധരിക്കായ്വരുമാത്മസ്വരൂപത്തെയുമപ്പോൾ|കരസ്ഥ
മാകും ധാത്രീഫലത്തെപ്പോലെകാണാം| നിൎണ്ണയമായൊരാത്മ
സ്വരൂപംകണ്ടീടുവാൻ|പിന്നെമറ്റൊരുവഴിയില്ലെന്നു ധരി
ച്ചാലും|പൂൎവ്വജന്മങ്ങൾതൊറുംപുണ്യങ്ങളാൎജ്ജിച്ചവ|പൂൎണ്ണമായി
ജ്ജന്മത്തിലീശ്വരകൃപാവശാൽ! വന്ദ്യനാംശിവാത്മകൻതാൻ
തന്നെഗുരുവായി| വന്നീടുംമുന്നിലാത്മജ്ഞാനത്തെനൽകീടുവാ
ൻ|കൎമ്മപുണ്യത്താൽജ്ഞാനൊല്പത്തിവന്നിടകൂടാ|നിൎമ്മലയായ
ഭക്തിവിശ്വാസംമുമുക്ഷുത്വം|എന്നിവയെല്ലാമുന്നമുള്ളജന്മങ്ങ
ൾതൊറും|ഒന്നിനൊന്നതിശയമായുണ്ടായ്വന്നാലൊരു| ജന്മത്തി
ൽഗുരുലാഭംവന്നിടുമതെന്നിമ|റ്റൊന്നിനാലൊരുവനും കൈ
വല്യംവരുന്നിലാ|മാനുഷജന്മംവന്നാൽ മാനിയായിരിക്കാതെ
ജ്ഞാനമുണ്ടാവാൻപരമാനന്ദസ്വരൂപനാം|ഈശനെ ഭജിക്കെ
ണമാവൊളമപ്പോൾകൎമ്മ| പാശനാശമാംജ്ഞാനൊല്പത്തിയു മു
ണ്ടായ്വരും|രാഗാദിദൊഷങ്ങളുമാകവെനശിച്ചീടും| യൊഗീന്ദ്ര
പ്രതാപവുംഭക്തിയുംവൎദ്ധിച്ചീടും|ഭക്തിവൎദ്ധിച്ചാൽപിന്നെ മു
ക്തിയുംസിദ്ധിച്ചീടും|ഭക്തവത്സലനായൊരീശന്റെ കാരുണ്യ
ത്താൽ|മൎത്ത്യജന്മത്തെലഭിച്ചീടുവാൻതന്നെപാൎത്താൽ|എത്രയും
ഭാഗ്യൊദയമുണ്ടായെകഴിവരു|തത്രകെളറിയാതെമായാമൊഹിക
ളായി|കുത്രചിൽഭ്രമിക്കുന്നുജന്മാദിദുഃഖങ്ങളിൽ| പരന്നലൊക
മീരെഴുള്ളതുമതിലുള്ള|ചരവുമചരവുംജന്മാദിദുഃഖങ്ങളും| മായാ
കല്പിതമെന്നുമാനസെനിനയാതെ|കായാഭിമാനികളാ യജ്ഞാന
വശന്മാരായി| കാൎയ്യകാരണഭെദഭാവങ്ങളറിയാതെ| കാൎയ്യങ്ങ
ളൊരൊതരംചെയ്തു മൊഹാന്ധന്മാരായി| കായത്തിന്നപായമു
ണ്ടെന്നുമിജ്ജന്മത്തിലു|ള്ളായുസ്സുംപൂൎവ്വജന്മകൎമ്മവു മറിയാതെ|
ജനനജരാമരണാദിദുഃഖങ്ങളെല്ലാം| ഇനിയുമനുഭവമുണ്ടെന്നു
നിനയാതെ| കനകധനധാന്യാദികളിൽ മമതപൂണ്ടനുവാസരം
വൎത്തിച്ചീടുന്ന ജനങ്ങൾക്കു| നരകനിഷൂദനനാകിയഭഗവാ
ന്റെ|ചരണസരൊരുഹെഭക്തിയുണ്ടായീവരാ|പെരുകുംജനിമൃ
തിജലധിതന്നിലുള്ള| തിരമാലയിൽകിടന്നുഴലുകെന്നിയെയൊരു|

കരയുംകാണാതെവാണീടുവൊരവക്കെന്നും| അറിവാൻപണി
മുക്തിപദമെന്നറികെടൊ|ഭവസാഗരം കടക്കെണമെങ്കിലൊഭ
ക്ത്യാ|ഭവസെവയെചെയ്തുകൊള്ളണംവഴിപൊലെ| യുവതിമ
ണെനിനക്കജ്ഞാനമൊഹവശാൽ|വിവശഭാവമുള്ളിലുള്ളതുനീ
ങ്ങിടുവാൻ|പരമെശ്വരപദഭജനംചെയ്തീടുക| പരമാമൃതംനാമ
കീൎത്തനംചൊല്ലീടുക|പരമെശ്വരനുടെ പദസെവയെക്കൊണ്ടു|
പരമാനന്ദമായപദത്തെലഭിച്ചീടാം| സല്കഥകളുംഭഗവൽകഥക
ളുംകെട്ടി| ട്ടുൾക്കരുന്നിങ്കൽഭക്തിവൎദ്ധിച്ചുവന്നീടണം| സദ്വൃ
ത്തിയുണ്ടാകണംസാധുക്കളൊടുസംഗ|മെത്രണെ മപ്പൊഴുള്ളില
ജ്ഞാനംനീങ്ങുമെന്നു|വെദാന്തസാരജ്ഞന്മാർചൊല്ലീട്ടുണ്ടതുകൊ
ണ്ടു| വെദാന്തവാക്യസ്മൃതിഗീതയെന്നിവയൊരൊ| കഥകളതിലു
ള്ള സാരൊപദെശങ്ങളെ| പുതുതായ്പുരിഭാഷയായിഹലൊകത്ത
ന്നിൽ|മൃദമാനസന്മാരായ്മരുവുംജനങ്ങൾക്കും മൃദുഭാഷിണിയാ
യനിനക്കുംവഴിപൊലെ| പരമാൎത്ഥജ്ഞാനമുണ്ടാവതിന്നെളുപ്പ
മാം| ചരിതാമൃതഞ്ചിന്താരത്നമാനന്ദൊദയം| പരമാചാൎയ്യനായി
പ്പരമഹംസനായി| പ്പരമാനന്ദപ്രദനായ്പരമാത്മാവായി| പരമ
ഭക്തന്മാൎക്കുഗുരുവായ്സുരാലയ| ഗുരുവായ്ഗുണത്രയ യുക്തയാം ശ
ക്തിയൊടും| ഒരുമിച്ചഹൎന്നിശമാനന്ദസ്വരൂപനാ| യ്മരുവീടുന്ന
ശ്രീകൃഷ്ണാചാൎയ്യസ്വാമിയുടെ| ചരണസരൊരുഹ യുഗളാന്തൎഭാ
ഗത്തിൽ| പെരുകീടുന്നസുധാംപെരികെപ്പാനഞ്ചെയ്തു| മരുവീടു
കകൊണ്ടു പരമാനന്ദനായി| ട്ടുരചെയ്യുന്നെൻ നന്നാശ്രദ്ധയൊളി
ഞ്ഞുകെൾക്കബാലെ| അജ്ഞത്വമായിട്ടവിവെകമായനാദ്യയാ|
യജ്ഞാനാംശമായുള്ള മിത്ഥ്യയുന്തല്കാൎയ്യവും| സത്യജ്ഞാനാത്മ
സ്വരൂപിണിയായിരിപ്പൊരു| വിദ്യയുന്തല്കാൎയ്യവും പ്രത്യെകമ
റിവാനായി| ചൊല്ലുവൻചുരുക്കിഞാനെകാഗ്രചിത്തത്തൊടും|
അല്ലൽതീൎന്നിരുന്നുകെട്ടീടുകശുഭപ്രിയെ| പരബ്രഹ്മവും മഹാ
മായയുമെന്നുരണ്ടാ| യിരിപ്പൊന്നനാദിയായുള്ളവ രണ്ടുംപാ
ൎത്താൽ| ആദ്യന്തവിഹീനനാമാത്മാവെന്നിമററില്ലെ| ന്നാദ്യ
നെയറിഞ്ഞവൎക്കറിയാംവഴിപൊലെ| ബ്രഹ്മമെന്നുള്ളവസ്തു ഒ
ന്നെയുള്ളതുതന്നെ|ചന്ദ്രമസ്സിനെപ്പൊലെതൊന്നിപ്പീച്ചീടുന്നി

തു| പ്രപഞ്ചസൃഷ്ടിസ്ഥിതിസംഹാരകാൎയ്യത്തിന്നാ| യ്യുരൻതാ
ൻതന്നെരണ്ടായ്യമഞ്ഞിട്ടിരിപ്പതു| മായയെന്നതുപരബ്രഹ്മമാം
സ്വരൂപത്തിൻ| ജായയാകുന്നതെന്നുചൊല്ലുന്നി തജ്ഞാനിക
ൾ| പരനാകുന്നതൊരുപുരുഷനല്ലപിന്നെ| ത്തരുണിയെങ്കില
തുമല്ല ക്ലീബവുമല്ല| പരമാനന്ദമാകുന്നൊന്നിതെന്നതുകൊണ്ടു
പരമാനന്ദംതന്നെരണ്ടായിട്ടിരിപ്പതും| അളവില്ലാതപരമാനന്ദാ
മൃതമുള്ളൊ| ന്നൊളിവാമതിലനവധിബ്രഹ്മാണ്ഡങ്ങളും| അക
മെകിടക്കുന്നിതരയാൽക്കുരുതന്നിൽ| തരുവെങ്ങിനെ യിരിക്കു
ന്നുവെന്നതുപൊലെ| ഒരുനാൾസൃഷ്ട്യാദികൾ ചെയ്യണമെന്ന
ഭാവാൽ| പ്രകൃതിയുണ്ടായ്യരുമതുതൽപ്രകൃതിയാം| ജഡചൈത
ന്യമായിട്ടിരിക്കുംപ്രകൃതിയാൽ|ഉടനെസൃഷ്ടിക്കുന്നു സകലപ്ര
പഞ്ചവും| ബ്രഹ്മാണ്ഡകൊശമായിട്ടുള്ളൊരു വിരാൾപുമാൻ|
തന്നെലൊകങ്ങൾപതിന്നാലുമെന്നറിഞ്ഞാലും| വഹ്നിയിൽനി
ന്നുധൂമമെങ്ങിനെപൊങ്ങിടുന്ന|തെന്നതുപൊലെപരൻ തൻക
ൽനിന്നുണ്ടായീടും| ത്രിഗുണാത്മികയായിട്ടിരിക്കും മഹാമായാ|
ജഡചൈതന്യമായഭാവവും ധരിച്ചീടും| ജീവനും മൂൎത്തിത്രയാദ്യ
വതാരങ്ങൾപൂണ്ടു| ദൈവതങ്ങളുംവിദ്യാരൂപിണിയായ്യെവ്വന്നു|
ചൈതന്യമതുതന്നെവിജ്ഞാനമാകുന്നതും| കൈതവഹീനം വി
ദ്യാത്തുക്കളായ്യെവീടുന്ന| ഭക്തന്മാരുടെ ഹൃദയാംബുജ ന്തന്നിൽ
പര| മ ൎത്ഥമായ്യെവല്യാൎത്ഥപ്രദയായിരിപ്പതും| പിന്നെമ
ററചൈതന്യമാകുന്നതജ്ഞാനമാ| യ്യിന്നീടുമവിദ്യാരൂപിണിയെ
ന്നറിഞ്ഞാലും| രണ്ടുനാമരൂപങ്ങൾപൂണ്ടിരിക്കുന്നിതവ| കൊ
ണ്ടുബന്ധമൊക്ഷങ്ങൾരണ്ടിനുമധികാരം| ഉണ്ടെല്ലൊ മഹാമാ
യയ്ക്കാത്മാനാത്മഭെദന| ണ്ടായപ്രപഞ്ചവും തങ്കൽനിന്നുണ്ടാ
കുന്നു| കാൎയ്യവുംകാരണവും കൎമ്മവുംദെഹങ്ങളും| രാഗാദികളുമ
ഭിമാനവുംമററുമൊരൊ| കായധൎമ്മങ്ങളെല്ലാം മായയാമചൈത
നം| ജീവനായതുമായാകാൎയ്യാൎത്ഥചൈതന്യതാം| ഒക്കയുംമഹാമാ
യാതൽക്കാൎയ്യമാകകൊണ്ടു| സത്യവുമസത്യവുന്നിത്യവു മനിത്യ
വും| ഉൾക്കുന്നിങ്കലറിവുററുനിൎമ്മലനായി| നിത്യനായാന
ന്ദനാസ്സിരുപാധികനായി| വ്യക്തനായവ്യക്തനായഖിലാൎത്ഥനാ

മായി। സച്ചിദാനന്ദാത്മാവാസ്സകലെശ്വരനായി। നിഷ്കൃമാത്മാ
വ്വപരമാനന്ദമുള്ളൊന്നന്ന്യ। മൊക്ഷയുംമായാകാൎയ്യ മസത്യമാഗ
ന്തുകം। ബുദ്ധിയുമുപാധിയും പൊലെമായയുംരണ്ടാ। ശുദ്ധയും
മലിനയുമെന്നനാമവുംപൂണ്ടു। ബുദ്ധിയിലറിവിന്ന ചിത്സ്വരൂ
പിണിയായി। ശുദ്ധമാമവബന്ധാൎത്ഥ സിദ്ധിക്കുള്ളൊരു മാൎഗ്ഗം।
സിദ്ധിപ്പിപ്പതിന്നു ബൊധസ്വരൂപിണിയാകും। ശുദ്ധതാനെ
ല്ലൊവിദ്യാരൂപിണിയാകുന്നതും। അല്ലായാന്താൎത്ഥവെദ്യഭൂതയാ
മവൾതന്നെ। ആനന്ദപ്രാപ്തിഹെതുഭൂതയായിരിപ്പതും। അ
ജ്ഞാനാന്ധകാരമാമവിദ്യാസ്വരൂപിണി। വിജ്ഞാന വിനാശി
നിയായിരിപ്പതുംസദാ। ശുക്തിയെതാരമെന്നും രജ്ജുവെസൎപ്പ
മെന്നും। വസ്തുവെതിരിയാതെമിത്ഥ്യയാജ്ഞനിമ്മതി। ദുഃഖങ്ങളു
ണ്ടാക്കുവാൻകാരണഭൂതയായി।നിൽക്കുന്നു ജഡാത്മികയായിട്ടു
മലിനയും।ശുദ്ധയുംമലിനയുമിങ്ങിനെ ദുഃഖത്തിന്നും।മുക്തിക്കും
കൎത്തവ്യയായ്വൎത്തിച്ചീടുന്നുസദാ। രണ്ടുമൊന്നെന്നു മുള്ളൊന്ന
ല്ലെന്നുംമതഭെദം।കൊണ്ടുചൊല്ലുന്നുചില ശാസ്ത്രികളെന്നാകി
ലും। നിൎമ്മലയായവിദ്യാരൂപിണിയുള്ളൊന്നെന്നും। നിൎണ്ണയി
ച്ചീടാംനിഗമാന്തവെദ്യയാകയാൽ। ഭക്തന്മാൎക്കണഞ്ഞീടു മത്ത
ൽതീൎത്താനന്ദമാംമുക്തിയെക്കൊടുപ്പാനായ്പരമെശ്വരൻതന്റെ।
ശക്തിയാകുന്നവിദ്യാരൂപമാസ്ഥസിക്കയാൽ। നിത്യത്വമിതുകൊ
ണ്ടുവിദ്യക്കുണ്ടതുംചൊല്ലാം। സത്യവുമസത്യവുംനിത്യവുമനിത്യ
വും।ബുദ്ധ്യപാധികളുമാകാശാദിഭൂതങ്ങളും। വൃത്തിഭെദവു മതി
ൻവൃദ്ധിസ്സംകൊചങ്ങളും।ഇത്രിലൊകവുംചരാചരവും മറ്റുമു
ള്ളാ।നൊക്കയുമറിവാന്ന മജ്ഞാനംകളവാനും। സത്യമുള്ളൊ
ന്നെന്നുള്ളിലുറപ്പുവരുവാനും। സത്യജ്ഞാനാനന്ദമാമീശ്വരംപ്ര
തിചിത്തെ। ഭക്തിവൎദ്ധിച്ചുവരുവാനുമെത്രയുംവെഗാൽ।നിത്യാ
നിത്യവസ്തുജ്ഞാനാദിസാധനങ്ങളും। വൃത്തിജ്ഞാനവുമാത്മജ്ഞാ
നവുംവരുവാനും। എത്രയുമെളുപ്പമായുള്ളൊരുവഴിയായി। ചി
ത്സ്വരൂപിണീവിദ്യാവൎത്തിക്കുമതുനെരം। ഭക്തവത്സലയാകും
വിദ്യാതന്നനുഗ്രഹ। ശക്തികൊണ്ടാത്മാനന്ദ പ്രാപ്തിയുംവരുമ
പ്പൊൾ। സകലപ്രപഞ്ചവുമാത്മാവുതങ്കൽചെരും। സകലെശ്വ

തനഹമെന്നായിവരുമപ്പൊൾ। സകലാത്മികയായ വിദ്യയുംല
ഭിച്ചീടും। സകലവിഹീനയായെന്നുബൊധിക്കപൊലെ। ആദ്യ
ന്തവിഹീനനാമാത്മാവുനിത്യനെന്നും। വെദ്യമായ്ബൊധിച്ചാത്മ
തത്വാൎത്ഥമറികെടൊ। ആത്മാവെയറിയുന്ന വാറതെങ്ങിനെയെ
ന്നു।ള്ളാമയംവെണ്ടാപറഞ്ഞീടാംകെൾക്കെടൊപൊലെ। ആത്മാ
നാത്മഭെദങ്ങളറിവാകിയവിദ്യാ। നുഗ്രഹശക്തികൊണ്ടാത്മാന
ന്ദപ്രാപ്തിയുണ്ടാം। സകലപ്രപഞ്ചവുമാത്മാവാന്തങ്കൽചെന്നു
സകലെശ്വരനഹമെന്നുവന്നിടുമപ്പൊൾ। സകലാത്മികയായ
വിദ്യയുംനശിച്ചീടും। സകലവിഹീനയായെന്നുബൊധിച്ചീടെ
ടൊ। മായയുംമായാകാൎയ്യമായതുമറിയാതെ। മായയില്ലെന്നുത
ന്നെനിനച്ചുമുമുക്ഷുത്വം। ഭാവിച്ചാൽവരുന്നവാറെങ്ങിനെ ദെ
ഹതത്വം। എവവുംമിത്ഥ്യാഭൂതമാകയാലതുകൊണ്ടു। ദെഹമുള്ള
പ്പൊൾമഹാമായയുമുള്ളൊന്നത്രെ। ദെഹമില്ലെന്നുവന്നാൽമായ
യുമില്ലാതയാം। ദെഹഹീനയാംമുക്തിസായുജ്യംലഭിപ്പാനും।ഐ
ഹികസൌഖ്യങ്ങളെഭുജിച്ചുവസിപ്പാനും। ദെഹമാനസം രണ്ടു
മെങ്ങിനെയതുപൊലെ। മൊഹവിജ്ഞാനജഡാജഡമായിരിക്കു
ന്നു। വിദ്യയുമവിദ്യയുംമുക്തിയുംസംസാരവും। പ്രത്യെകംകൊടു
ക്കുന്നുഭക്തന്മാൎക്കാനാരതം। ശുദ്ധമായിരിപ്പൊരു വിദ്യയെഭ
ജിക്കുമ്പൊൾ। ബുദ്ധിയിലറിവുണ്ടായജ്ഞാനമകന്നുപൊം। മി
ത്ഥ്യയാമവിദ്യാതൻവശന്മാരജ്ഞാനികൾ। നിത്യവും സംസാരി
കളായിട്ടുഭവിച്ചീടും।വൃത്തിഭെദെനരണ്ടായുത്ഭവിച്ചീടുന്നു സദാ।
നിത്യാനന്ദാനുഭൂതിപ്രദയാംമഹാമായാ।ചിത്സ്വരൂപിണിയായ
മായാതൻപ്രഭാവത്തെ।തത്വാൎത്ഥമറിയുമ്പൊളറിയാംവഴിപൊ
ലെ। പരതത്വത്തെയറിഞ്ഞീടുമ്പൊൾമഹാമായാ। പരമെശ്വര
ൻതന്നെയെന്നുബൊധിക്കായ്വരും।പെരുകുംപരിമളം പുഷ്പത്തി
ലുണ്ടാംവണ്ണം। പരമാത്മാവിങ്കൽനിന്നു ണ്ടാമെന്നറികെടൊ।
ആദ്യന്തംബ്രഹ്മത്തിനും മായക്കുമില്ലനൂനം। ആദ്യൻതാൻത
ന്നെമായാരൂപമായിരിക്കയാൽ। തങ്കൽനിന്നുണ്ടാകുന്ന ലയി
ക്കുന്നതുംതങ്കൽ।പങ്കമെങ്ങിനെജലന്തങ്കലെന്നതുപൊലെ।തൊ
യത്തിൽനിന്നുഫെനമുണ്ടാകുന്നിതുപിന്നെ। തൊയത്തിൽ ത

ന്നെലയിച്ചീടുന്നിതതുപൊലെ। പരമെശ്വരൻ തങ്കൽ നിന്നു
ണ്ടാംമഹാമായാ। പരമാത്മനിതന്നെ ലയിക്കുമറിഞ്ഞാലും। പരമാ
ത്മാവെജ്ജീവാത്മാവിനാലറിയുമ്പൊൾ। പരയാകുന്ന മായാകാ
ൎയ്യവുമറിഞ്ഞീടാം। പരജ്ജീവയൊരൈക്യമുണ്ടായ്വന്നീടുന്നെരം। പര
മെശ്വരനൊഴിഞ്ഞന്യമില്ലൊന്നുമെന്നു। വരുമന്നെരംമഹാമായ
യുന്തല്ക്കാൎയ്യവും। പരമാത്മനിലയിച്ചാനന്ദംശെഷിച്ചീടും। അഗ
ണ്യമാകുംബ്രഹ്മാനന്ദമാംവസ്തുതന്നെ। അറിഞ്ഞീടുവാ ന്മഹാമാ
യതൻപ്രഭാവവും। പരന്നകാൎയ്യങ്ങളു ന്നിറഞ്ഞഗുണങ്ങളും। വ
ളൎന്നൊരജ്ഞാനവുമറിവാലറിഞ്ഞുടൻ। പിണഞ്ഞ ഗുണങ്ങളെ
ഗണിച്ചുമനസ്സിനാൽ। ഗുണിച്ചുകണ്ടുതള്ളി നീക്കീടുന്നെരത്തി
ങ്കൽ। അവസ്തുഭൂതമായതൊക്കയുംനശിച്ചീടും। അവശ്യംബ്രഹ്മാന
ന്ദവസ്തുശെഷിക്കുംപൊലെ। വസ്തുവൊന്നവസ്തുവൊ ന്നിങ്ങി
നെരണ്ടുഭാവം। കയ്ക്കൊണ്ടീടുന്നുജഗന്നായകൻപ്രപഞ്ചത്തെ।
ശിക്ഷിച്ചുരക്ഷിച്ചുസംഹരിച്ചീടുവാനതിൽ। ശിഷ്ടന്മാരായി പു
ഷ്ടമാനസ ന്മാരായുള്ള। ഭക്തന്മാൎക്കറിവാൎന്നി നജ്ഞാനന്നീക്കി
സ്സദാ। നിത്യാനന്ദമാന്നിജപദവുംകൊടുക്കുന്നു। ജ്ഞാനഹീന
ന്മാൎക്കവിദ്യാസ്വരൂപമാൎന്നിന്നുമാനസെസംസാരമുണ്ടാക്കീടുന്ന
തുംസദാ। നൂനമൊക്കയുമാനന്ദാത്മക നെന്നുനിജ। മാനസന്ത
ന്നിലറിഞ്ഞീടുമാറുരചെയ്യാൽ। പരനുംപരയായശക്തിയു മെവ
മെന്നു। ള്ളറിവായെല്ലൊനിന ക്കിതിനാൽമനൊഹരെ। പരമാ
ത്മാവെജ്ജീവാത്മാവിനാലറിവാനും। പരിചൊടനാദിബന്ധങ്ങ
ൾജ്ജീവാത്മാതനി। ക്കൊരുനെരവുമില്ലെന്നറിഞ്ഞിട്ടാത്മാതാനെ।
ന്നറിവുണ്ടാവാനുരചെയ്യീടാംകെൾക്കപൊലെ। ആത്മാവുമനാ
ത്മാവുമെ ങ്ങിനെയെന്നു ചിന്തി। ച്ചാത്മാവെ ത്തിരിച്ചറിഞ്ഞീടു
ന്നതാത്മജ്ഞാനം। എന്നതുനിനക്കുബൊധിപ്പാനായ്ജ്ജീവാത്മാവു।
തന്നുടെതത്വങ്ങളെത്തന്നെചൊല്ലീടാമെല്ലൊ। ഭൂജലാഗ്നിയും വാ
യു വാകാശ മിവയഞ്ചും। ഭൂതികളെന്നു ധരിച്ചീടുക മനൊഹ
രെ। ഇന്ദ്രിയദശകവുമതിന്റെവിഷയവും। പിന്നെപ്രാണാദി
യഞ്ചുമുപപ്രാണന്മാരഞ്ചും। ഇന്ദ്രിയദശകമെന്നാലതു ജ്ഞാനെ
ന്ദ്രിയം। പിന്നെതുകൎമ്മെന്ദ്രിയമിങ്ങിനെപത്താകുന്നു। ശ്രൊത്രത്വ

ക്ഷുക്ഷ്മ ജിഹ്വാഘ്രാണമെന്നിവയഞ്ചും | ഓൎത്തുകണ്ടാലും ജ്ഞാനെ
ന്ദ്രിയങ്ങളനന്തരം | വിഷയമഞ്ചുണ്ട തുചൊല്ലീടാം ശബ്ദസ്പൎശ
രസഗന്ധരൂപങ്ങളാകുന്നിതതുപൊലെ | വാക്പാണിപാദപായൂ
പസ്ഥമിവയഞ്ചും | പാൎത്തുകണ്ടാലും കൎമ്മെന്ദ്രിയങ്ങ ളവററിനും |
വചനദാനയാനവിസൎഗ്ഗാനന്ദങ്ങളാം | വിഷയമഞ്ചും കൂടിട്ടിന്ദ്രി
യമിരുപതാം | പ്രാണാദിപത്തുണ്ടെന്നു ചൊല്ലുന്നിതതിൻ ക്രമം |
പ്രാണാദിയഞ്ചുമുപപ്രാണന്മാരഞ്ചുമെവം | പ്രാണനു മപാന
നും വ്യാനനുമുദാനനും | എന്നാലൊചനെ സമാനനു മിങ്ങിനെക്ര
മാൽ | നാഗനും കൂൎമ്മൻ തഥാ ദെവദത്തനും പിന്നെ | വെഗവാനായ
ധനഞ്ജയനും കൃകലനും | ഇങ്ങിനെ പ്രാണാദികൾ പത്തെന്നു ധ
രിച്ചാലും | ഇന്നിമെലാധാരമാറുണ്ടതും കെട്ടുകൊൾക | മൂലാധാ
രവും സ്വാധിഷ്ഠാനവും മണിപൂരം | നാലാമതനാഹൃദയം വിശു
ദ്ധിയും പിന്നെ | ആറാമതാജ്ഞാചക്ര മിങ്ങിനെ ഷഡാധാരം |
നെരെ കെൾ രാഗാദിദൊഷങ്ങളുമെട്ടുണ്ടല്ലൊ | രാഗവും ദ്വെ
ഷം കാമം ക്രൊധവും മാത്സൎയ്യവും | മൊഹവും ലൊഭം മദമിങ്ങിനെ
യഥാക്രമം | അഷ്ടരാഗങ്ങളിവ കരണമെട്ടുണ്ടതും | പുഷ്ടമൊദെ
നകെട്ടു കൊണ്ടാലും ചൊല്ലീടുവൻ | മനസ്സും ബുദ്ധിചിത്ത മഹ
ങ്കാരവും പിന്നെ | മനസ്സിതു സങ്കല്പവുന്നിശ്ചയം ബുദ്ധിയിലും | അ
ഹങ്കാരത്തിലഭിമാനവു മതുപൊലെ | അവധാരണഞ്ചിത്തം
തന്നിലുമുണ്ടാകുന്നു | എട്ടായ കരണങ്ങളെവമെന്നറിഞ്ഞാലും | തു
ഷ്ടിയൊടിനിയും കെൾ ധാതുക്കളെഴുണ്ടതും | ത്വഗസൃങ്മാംസമെദ
സ്സസ്ഥിമജ്ജയും ശുക്ലം | ഇവറെറ ധാതുക്കളെന്നറിക സുമദ്ധ്യ
മെ | നാഡികൾ മൂന്നുണ്ടിഡാപിംഗലാസുഷുമ്നയെ | നെഷമ
ണ്ഡലത്രയമുണ്ടതും കെട്ടുകൊൾക | അഗ്നിമണ്ഡല മൎക്കമണ്ഡലം
ശ്ലൌമണ്ഡല | മഗ്ന്യാദിത്രയമിദം മണ്ഡലമെവിടയും | എഷണമൂ
ന്നുണ്ടൎത്ഥെഷണവുന്ദാരെഷണം | ശെഷം കെൾ പുത്രെഷണം
പിന്നെ ദൂഷണം കെൾക്ക | വാതവും പിത്തം ശ്ലെഷ്മമെന്നിവമൂ
ന്നാകുന്നു | സാധുഭാഷിണി ഗുണത്രയവും കെട്ടുകൊൾക | രാജ
സഗുണം സത്വഗുണവും തമൊഗുണം | രാജീവനെത്രെ ധരിച്ചീടു
കവഴിപൊലെ | ജാഗരം സ്വപ്നം സുഷുപ്തിയുമിങ്ങിനെ ക്രമാൽ | ജാ

ശരാദിയാമവസ്ഥാത്രയംധരിക്കെടൊ| അദ്ധ്യാത്മികവുമാധി
ദൈവികംഭൌതികവും| അത്യൎത്ഥമായതാപത്രയ മെന്നറിഞ്ഞാ
ലും|കൊശങ്ങളഞ്ചുണ്ടന്നമയവുംപ്രാണമയ| കൊശവുംമനൊ
മയംവിജ്ഞാനമയംപിന്നെ|ആനന്ദമയകൊശമിങ്ങിനെയഞ്ചു
ണ്ടത്രെ| ദെഹവുംമൂന്നുണ്ടതുഞ്ചൊല്ലുവൻകെട്ടുകൊൾക| സ്ഥൂല
വുംസൂക്ഷ്മംപിന്നെക്കാരണമെന്നീവണ്ണം| മൂലമാംപ്രകൃതിക്കു
ള്ളൊരുപാധികളെല്ലൊ| വിശ്വൻതൈജസൻ പ്രാജ്ഞനെന്ന
നാഥന്മാരൊട്ടും| നിശ്ശെഷംതൊണ്ണൂററാറു തത്വങ്ങളറിഞ്ഞാലും|
ചൊല്ലുവനിനിയുങ്കെശതത്വങ്ങൾതൊണ്ണൂററാറാ| യുള്ളവററി
ൻറസംഖ്യാപ്രത്യെകമറിവാനായി| ഇന്ദ്രിയമിരുപതുംഭൂതങ്ങ
ളഞ്ചുംപിന്നെ|മണ്ഡലംമൂന്നും ഗുണംമൂന്നുമീശന്മാർമൂന്നും| ദൂ
ഷണം മൂന്നും താപം മൂന്നും ദെഹങ്ങൾ മൂന്നും എഷണം മൂ
ന്നും നാഡിമൂന്നും ജാഗ്രാദി മൂന്നും| പ്രാണാദിയഞ്ചും രാ
ഗാദികളൊരെട്ടുമപ| പ്രാണന്മാരഞ്ചും കരണങ്ങളൊരെട്ടും ത
ഥാ| ആധാരമാറുംകൊശമഞ്ചുംധാതുക്കളെഴും| ബൊധിച്ചീടുക
തൊണ്ണൂററാറിവയെല്ലാംകൂടെ|എവമിത്തൊണ്ണൂററാറു തത്വവുമ
റിയുമ്പൊൾ| ജീവാത്മാവിനെത്തിരിച്ചറിയാം വഴിപൊലെ|
ജീവാത്മാവെന്നുമാത്മാവെന്നുമുള്ളൊരുഭെദ|ഭാവവുമകന്നുള്ളി
ൽജ്ഞാനവുമുണ്ടായ്വരും|നിത്യനായ്കൎത്താവായിസാക്ഷിയായ്ഗുണ
ത്രയ| യുക്തനായ്സ്വതന്ത്രനാമാത്മാവിനൊന്നിനൊട്ടും| കൎത്തൃത്വ
മില്ലാചെററുമുണ്ടെന്നുതൊന്നുന്നതു| ചിത്തത്തിലവിവെകമ
ണ്ടാകകൊണ്ടുതന്നെ| ഖഡ്ഗത്തൊടില്ലബന്ധമുറക്കെന്നതു പൊ
ലെ|തത്വങ്ങളൊട്ടുബന്ധമില്ലജീവാത്മാവിനും|ആത്മാജീവാത്മാ
പരമാത്മാവെന്നെവം പല|താല്പൎയ്യന്നിതു പൎയ്യായനാമമെ
ല്ലൊ|ഒരുവൻദെവദത്തനവനുപുത്രനായി| ട്ടൊരുവനവനുടെ
പുത്രനായൊരുവനും| രണ്ടുസന്തതിദെവദത്തങ്കൽ നിന്നുണ്ടാ
ക|കൊണ്ടുദെവദത്തനുംരണ്ടുനാമങ്ങൾചൊല്ലാം| പുത്രനുംജന
കനുംപൌത്രനുംപിതാമഹൻ| പുത്രപൌത്രന്മാരുണ്ടായ്വന്നാലി
ങ്ങിനെചൊല്ലാം|അച്ഛനുംമുത്തച്ഛനുമിങ്ങിനെചൊല്ലീടുന്നു|നി
ശ്ചയമെങ്കിലൊൎത്താലൊന്നെല്ലൊദെവദത്തൻ| എന്നതുപൊ

ലെ പരമാത്മാവൊന്നാത്മാവെന്നും| പിന്നെ ജീവാത്മാവെന്നും
മൂന്നായി ചൊല്ലീടുന്നു| ദെവദത്തനെപ്പൊലെയാത്മാവൊന്നറി
ഞ്ഞാലും| ജീവനെന്നാക്കി ദുഃഖമുണ്ടാക്കീടുന്നു കെചിൽ| ഹെയ
മായിരിപ്പൊരു ദെഹതത്വങ്ങളെല്ലാം| ദെഹിയാമാത്മാവിനെസ്പൎ
ശിക്കുന്നില്ലെങ്കിലും| നിൎഗ്ഗുണനായിട്ടവററാൽ മറച്ചിരിക്കയാ
ൽ| അഗ്ഗുണങ്ങളെ ജീവൻ തനിക്കുള്ളൊന്നെന്നാക്കി| ദെഹം ഞാ
നെന്നു ചിന്തിച്ചൊരോരൊ കൎമ്മങ്ങളെ| മൊഹിയാച്ചെയ്യുകകൊണ്ടു
ബന്ധനാകുന്നു ജീവൻ| നിൎമ്മലനെന്നാകിലും കൎമ്മബന്ധനം
കൊണ്ടു ജന്മാദി ദുഃഖങ്ങളും വന്നനുഭവിക്കുന്നു| മുന്നം ഞാനുര
ചെയ്യതത്വങ്ങൾ തൊണ്ണൂററാറിൽ| ഒന്നിനുമാത്മാവിനു സംബ
ന്ധമില്ലായെല്ലൊ| പിന്നെയെങ്ങിനെ ദുഃഖമാത്മാവിനുണ്ടാകു
ന്നു| എന്നതു കെൾക്ക ദുഃഖമാത്മാവിനാഗന്തുകം| എന്നതുവഴി
പൊലെ നിനക്കു ബൊധിപ്പാനായി| ഞാൻ ചൊല്ലീടുവൻ
തെളിഞ്ഞു കെട്ടാലും നീ| മായാകാൎയ്യമായ്കൎമ്മജന്യമായതത്വങ്ങളാൽ|
ജാതമായുള്ളതനു മൂന്നും ജീവാത്മാവിനു| ഗെഹമായിരിക്കയാൽ
ദെഹധൎമ്മങ്ങളായി| മൊഹജാലങ്ങൾ കയ്ക്കൊണ്ടിട്ടുടൻ ചെയ്യീ
ടുന്ന| കൎമ്മങ്ങളാത്മധൎമ്മമെന്നു ഭാവിക്കകൊണ്ടു| കൎമ്മബന്ധവു
മുണ്ടായ്ദുഃഖവും ഭവിക്കുന്നു| കൎമ്മം കൊണ്ടുണ്ടായ്വന്നീടുന്നിതു ദെ
ഹങ്ങളും| കൎമ്മവും കരണങ്ങൾ കൊണ്ടുടനുണ്ടാകുന്നു| മായയാ
മജ്ഞാനെന കരണങ്ങളുമുണ്ടാം| മായാകാൎയ്യമാകയാൽ ജഡമാ
കുന്നിതെല്ലാം| ചിത്സാന്നിദ്ധ്യനജഡതത്വവും ചെഷ്ടിക്കുന്നു|
ചിത്താകു മാത്മാവൊന്നും ചെയ്യുയില്ലൊരിക്കലും| തന്മായാഗു
ണങ്ങൾക്കു താനൊരു സാക്ഷിയാസ്സി| നെങ്ങുമെ ജഡങ്ങളെ
ശൊഭിപ്പിച്ചവയൊരൊ| കൎമ്മങ്ങൾ ചെയ്യുന്നതുതാനെന്നു തൊ
ന്നിച്ചീടും| കൎമ്മികളാകുമജ്ഞാനികൾക്കു നിരന്തരം| ജന്മാദിദുഃ
ഖങ്ങളുണ്ടാക്കുവാൻ ജീവനെന്നു| സമ്മതം പൂണ്ടു ദെഹന്തന്നിൽ
വാഴുന്നു പരൻ| അങ്ങിനെയുള്ള പരൻ തന്നുടെ തത്വങ്ങളെ| യെ
ന്നറിയുന്നതകക്കാമ്പു കൊണ്ടത്രനാളും| കൎമ്മവും വളൎന്നീടും ജന്മ
വുമുണ്ടാമാത്മാ| നിൎമ്മലനെന്നാകിലും ബന്ധനായ്ഭവിക്കുന്നു|
പരതത്വത്തെ പ്പരമാൎത്ഥെന ബൊധിക്കുമ്പൊൾ| പൎയ്യായശ

ബ്ധങ്ങളായുള്ള നാമങ്ങൾ രണ്ടും | പരിചൊടില്ലെന്നു ബൊധിക്ക
മന്നെരന്താനാ | ഖ്യരുമാനന്ദമായ പരമാനന്ദാമൃതം | കർമ്മജന്യമാം
ശരീരങ്ങൾ ഞാനെന്നു മായ | ധർമ്മമാമജ്ഞാനെന ചിന്തിച്ചു വല
യാതെ | ബ്രഹ്മതല്പരയായിട്ടാത്മതത്വത്തെപ്പാർത്തു | നിർമ്മലെന്നി
യും പരമാനന്ദമായിടെടൊ | ജന്മങ്ങൾ പലതിലുമുണ്ടാമെന്നതിൽ
മർത്ത്യ | ജന്മമൊന്നത്രെ ഫലപ്രദമായിടുന്നതു | തരുജാലങ്ങളായും കൃ
മികീടങ്ങളായും | മൃഗജാതികളായും ജലജാതികളായും | പലതായ്ജനി
ക്കുന്ന കാലത്തിലൊന്നുകൊണ്ടും | ഭഗവല്പദം കാണ്മാൻ കഴിവു
ന്നീടുന്നീലാ | അശനനിഹാരമൈഥുനനിദ്രയെന്നിവ | വശമായ
തുകൊണ്ടു കാലവും കഴിഞ്ഞീടും | ഭഗവൽസ്മരണക്കു പാത്രവുമാകു
ന്നില | ഭഗവാനുണ്ടെന്നുള്ളിൽ ബൊധജ്ഞാനവും വരാ | കഥകൾ
പുരാണങ്ങളെന്നിവ കെട്ടിട്ടൊരു | സ്തുതിയുണ്ടാവാനവകാശവുമി
ല്ലപിന്നെ | തീർത്ഥങ്ങളാടിപ്പുണ്യമുണ്ടായിട്ടറിവാനും | ക്ഷെത്രങ്ങ
ൾ തന്നിൽ ചെന്നു തൊഴുതു സെവിപ്പാനും | ജന്തുക്കളായിട്ടുള്ള ജാ
തികൾക്കൊരുത്തർക്കും | അന്ധത്വം കൊണ്ടു കഴിവരുന്നീലറിഞ്ഞാ
ലും | ക്ഷൊണിയിൽ മർത്ത്യജന്മം കിട്ടിയാൽ ജ്ഞാനൊല്പത്തി | വെ
ണമെന്നാകിലവർക്കുണ്ടാക്കാം മനൊഹരെ | മാനുഷ ജന്മത്തില
ല്ലാതൊരു ജന്മത്തിലും | ജ്ഞാനഹീനമാമവിവെകം വെർപെടുന്നി
ല | ജ്ഞാനമാകുന്ന വസ്തുവെന്തെന്നു മതിനാലെ | ആനന്ദപ്രാപ്തി
യുണ്ടാമെന്നും ഭൂമിയിൽ വന്നു | മാനുഷജന്മം ലഭിച്ചീടുമ്പൊളരി
ന്നൊരു | ദിനമെന്നിയെ സാധിച്ചീടാമെന്നതും മഹാ | മായാവൈ
ഭവം കൊണ്ടിക്കാണായ വസ്തുവെല്ലാം | ഛായാരൂപങ്ങൾ പൊലെ
കാണുന്നിതെന്നുമുള്ളിൽ | ബൊധിച്ചീടെണമതിനായിനക്കു പ
ദെശം | സാധിപ്പിച്ചീടുന്നെൻ ഞാൻ കെട്ടുകൊണ്ടാലും ഭദ്രെ | തത്വ
ങ്ങളെല്ലാം ജഡമാകയാലവയൊന്നും | ചിത്താകുമാത്മാവിനൊടി
ല്ല സംബന്ധമെന്നും | ചിത്തത്തിലറിഞ്ഞാത്മസ്വരൂപം കണ്ടീ
ടുവാൻ | ഉക്തമായെല്ലൊമുന്നമിനിയും ചൊല്ലീടുവൻ | പരമ്പ
രയായമായയുമൊന്നെന്നു ഞാൻ | ഉരചെയ്യുമെല്ലൊ നിന്നൊടെ
ങ്കിലുമതിൻ ഭെദം | പറയാം മായാകാര്യ്യ മൊക്ഷപൊളുശെഷവും |
നെറിയല്ല സത്യ മാത്മജ്ഞാന മെന്നാസ്ഥരും | അറിവാകുന്നൊ

രാത്മാസ്വരൂപമറിയുമ്പൊൾ|അറിയാംമഹാമായാതൻകാൎയ്യംതെ
ളിവൊടെ|അറിവുനിനക്കുള്ളിലുണ്ടാവാന്മായാകാൎയ്യം|അറിഞ്ഞീ
ടുമാറുരചെയ്യീടാംകെൾക്കബാലെ|പരമാത്മാവുതന്റെപ്രകൃതി
യാകുന്നതു|പരയായിരിക്കുന്നശക്തിതാനെന്നാകിലും|പ്രപഞ്ച
സൃഷ്ടിസ്ഥിതിസംഹാരകൎമ്മങ്ങളാൽ|ഭ്രമംചെയ്യീടും സൎവ്വജീവാ
ത്മാക്കൾക്കുമവൾ| നിത്യാനിത്യാനന്ദദുഃഖാനൃതസത്യവസ്തു ഒ
ക്കെക്കുംവിപരീതഭ്രാന്തികളുണ്ടാക്കീടും| രജ്ജുവെ സൎപ്പമെന്നും
സ്ഥാണുവെപുമാനെന്നും| ശുക്തിയെത്താരമെന്നും വസ്തുവെ
ത്തിരിയാതെ| അവസ്തുവസ്തുവെന്നുമസത്യംസത്യമെന്നും| പ്ര
വൃത്തിയുക്തയായിതൊന്നിക്കുംമഹാമായാ|ത്രിഗുണാത്മികയായ്
ട്ടിരിപ്പൊന്നനന്തരം|ത്രിഗുണൈസ്സൎവ്വപ്രപഞ്ചത്തെയുംസൃഷ്ടി
ക്കുന്നു|വിദ്യയുമവിദ്യയുംവിക്ഷെപാവരണവും| ചിത്താഹങ്കാ
രമഹത്തത്വസംസാരങ്ങളും| തത്വങ്ങൾശിവാദി മെദിനിപൎയ്യ
ന്തമുള്ള|തൊക്കയുംമഹാമായാതങ്കൽനിന്നുണ്ടാകുന്നു| മായാതൻ
ഗുണങ്ങളെയെവമെന്നറിയാതെ|മായാമൊഹിതന്മാരാം പ്രാകൃ
തജനങ്ങൾക്കു|കായാഭിമാനാലവിവെകമുണ്ടായിട്ടഹം| ഭാവിക
ളായിസ്സംസാരാമയമുണ്ടാകുന്നു|അവിദ്യാവശന്മാരാന്നിത്യസം
സാരികളാ|ന്നിവൃത്തി നിരതന്മാരായീടുന്നതുമവർ| ലൊകമാതാ
വാംമായാതൻകാൎയ്യമെല്ലാമവ|ലൊകനഞ്ചെയ്യുവിവെകികളായ
നാരതം|വിദ്യയെയറിഞ്ഞുപാസിപ്പവർവിദ്വത്തുകൾ| നിത്യമു
ക്തന്മാരവരവൎക്കുകൈവല്യവും|ഏത്രയുംവെഗാൽ സിദ്ധിച്ചീടു
മെന്നറിഞ്ഞാലും|ഇപ്രകാരമെന്നരണ്ടുവിധമായുത്തിക്കയൽ|നി
ത്യാനന്ദമാംപരമാത്മാവുതങ്കൽനിന്നു|വ്യക്തയായിരിക്കുന്ന ശ
ക്തിക്കു നിത്യത്വവും| സത്യനിൎമ്മലത്വവു മില്ലതുകൊണ്ടു മാ
യാ| മിത്ഥ്യയെന്നെല്ലൊ ചൊല്ലീടുന്നിതു വിദ്വത്തുകൾ| മി
ത്ഥ്യയെങ്ങിനെസത്യവൃത്തിയെതൊന്നിപ്പതെ| നുൾത്താരിൽ
വിഷാദമുണ്ടാകെണ്ടചൊല്ലാമതും|വിദ്യയുമവിദ്യയു മിങ്ങിനെ
രണ്ടു ഭാവം| കയ്യ്ക്കൊണ്ടജ്ഞാനമായ മിത്ഥ്യയെ കളഞ്ഞീടും|
വിജ്ഞാനാത്മികയാകും വിദ്യയെന്നറിഞ്ഞാലു| മുത്തമെ
ഉചൊല്ലീടുവനിനിയും കെട്ടുകൊൾക| ശുദ്ധയും മലിനയുമാ

യിട്ടുഭവിക്കയാൽ| ശുദ്ധാത്മലിനയെ നശിപ്പിക്കുന്നു ക്ഷ
ണാൽ| ശുദ്ധനായിരിപ്പൊരു വിപ്രനുസ്വപ്നത്തിങ്കൽ| മി
ഥ്യാജ്ഞാനെന്ന ചണ്ഡാലൊഹ മെന്നുളവായി | വനസ്ഥ
നായചണ്ഡാലെശ്വരൻമുമ്പിലൊരു| കനത്തമൃഗെന്ദ്രനുംമി
ഥ്യാഭൂതനായുണ്ടായി| സിംഹത്തെക്കണ്ടു ഭയം പൂണ്ടപ്പൊ
ൾചണ്ഡാലത്വം| സന്ത്യജിച്ചുണൎന്നപ്പൊൾ വിപ്രനായതു
പൊലെ| മിഥ്യാഭൂതമായുള്ള സംസാരംകളഞ്ഞാത്മ| ബൊധ
ത്തെനൽകുംവിദ്യാദെവിയെന്നറിഞ്ഞാലും| ശുദ്ധമായിരിപ്പൊ
രുമനസ്സിലവിവെകം|വൎദ്ധിച്ചുവരുന്നെരമജ്ഞാനമുണ്ടായ്വരും|
അജ്ഞാനംവളൎന്നപ്പൊൾചണ്ഡാലൊഹമെന്നായി| പ്രജ്ഞാ
സംസാരത്തെയുമുണ്ടാക്കിച്ചമക്കുന്നു| മിത്ഥ്യയാമജ്ഞാനത്താലു
ണ്ടാകും ചണ്ഡാലത്വം| വിദ്യയായിരിപ്പൊരു കെസരികളുയു
മ്പൊൾ| ചിത്തവുംപവിത്രമായാത്മാവെ ത്തിരിച്ചുക|ണ്ടെത്തു
മെത്രയുംവെഗാൽവിദ്യാനുഗ്രഹവശാൽ| വിദ്യയെഭജിച്ചാൽ
മറെറാക്കയുന്നശിശിച്ചീടും| വിജ്ഞാനമുണ്ടായ്വരു മെന്നുബൊ
ധിക്കബാലെ| വിഗ്രഹംരഥംമനസ്സശ്വംസാരഥികൎമ്മ| നിഷ്ക്രി
യനായജീവൻകൎത്താവായിരിപ്പതും| ഇപ്രകാരങ്ങളുറിഞ്ഞീടു
മ്പൊൾമനസ്സിനു|സ്വപ്രകാശത്വംഭവിച്ചീടുമെന്നറിഞ്ഞാലും|
കൎമ്മമാംസൂതൻതെളിച്ചീടുന്നവഴിയെകൂ|ടൊന്നിച്ചു ഗമിച്ചീടും
മാനസാശ്വവുംതദാ| വിഗ്രഹരഥവുംജീവനുമശ്വത്തിൻപിൻ
പെ| നിൎഗ്ഗമിച്ചീടുംകൂടെക്കൎത്താവായിരിക്കയാൽ| കൎത്താവാകു
ന്നുജീവനെന്നുള്ളസംബന്ധത്താൽ| ദുഃഖംജീവനുമനസ്സുണ്ടാ
ക്കിട്ടുണ്ടാകുന്നു| ചിത്തവുംകൎമ്മത്തിന്റെ വാസനാബലംപൊ
ലെ| വൎത്തിക്കുംകൎമ്മംനശിപ്പൊളവുംമടിയാതെ|പൂൎവ്വജന്മനിചെ
യ്യുകൎമ്മത്തിന്നുടെഫലം|സൎവ്വവുമിജ്ജന്മനിചെയ്യുനുഭവിപ്പൊ
ളും| നിന്നീടുംവിധെയനായ്പിന്നയുമിനിമെലിൽ| വന്നീടുംജ
ന്മത്തിലുമിങ്ങിനെതന്നെവരും| ദെഹംഞാൻമനസ്സെന്റെ ജീ
വനെന്നുടെയെന്നും| മൊഹികളായിട്ടജ്ഞാനികളാ യ്ജീവാത്മാ
വും|ദെഹവുമൊന്നെന്നുറച്ചാത്മാവെയറിയാതെ|ദെഹാന്തം വ
രുന്നെരംജീവനുംനശിച്ചീടും| ഇങ്ങിനെനിനക്കയാൽ ജന്മാദി

ദുഃഖങ്ങളെ| നിൎമ്മലനായജീവനുണ്ടാക്കുന്നിതു ചിത്തം| ചിത്ത
ത്തിലവിദ്യയാമജ്ഞാനമുണ്ടാകയാൽ| ചിത്താകുമാത്മാവിനെയ
റിയുന്നില ചിത്തം| സ്വച്ഛതകലൎന്നതിശുദ്ധമായിരിപ്പൊന്നി|
ച്ചിത്തമാകുന്നതതിലജ്ഞാനകലുഷങ്ങൾ| പററിയാലതിൻനി
റമായിടുന്നവയെല്ലാം| തെററന്നു നീക്കിടിനാൽ സ്വപ്രകാശ
വും വരും| ദൎപ്പണം തന്നിൽ സൎവ്വവസ്തുവും കാണാമെല്ലൊ| അ
പ്രകാരമെകാണായ്വന്നീടും മനസ്സിലും| ചിത്സ്വരൂപിണിയായ
വിദ്യാതൻപ്രഭാവത്വ| ഞ്ചിത്തത്തിൽ പ്രകാശിച്ചാലജ്ഞാനം ന
ശിച്ചീടും| അജ്ഞാനം നശിക്കുമ്പൊളദ്വൈതമാൎഗ്ഗം ലഭി| ച്ചാത്മാ
നന്ദമാമനുഭൂതിയുമുണ്ടായ്വരും| ചിത്തിന്റെ സ്വഭാവമായിരി
ക്കും പ്രകാശത്വം| ചിത്സ്വരൂപിണിയായ വിദ്യയായിരിപ്പതു|
വ്യൊമവിഗ്രഹയായിട്ടിരിക്കുമവൾ സംസാ| രാമയ വിനാശകാ
രിണിയെന്നറിഞ്ഞാലും| ആവരണയായുള്ള ശക്തിഃതാനുമഹാസു
ഷു| പ്ത്യാമയീസംസാരകാരണിയായിരിപ്പതും| ഉള്ളതൊന്നാ
ത്മാസത്യമിതിനെമറെപ്പാൻത| ന്നുള്ളിൽ വെച്ചതിനുറപൊല
താനിരുന്നുടൻ| ഉള്ളത്തിൽ കലൎന്നുതാനുള്ളതുമറവാക്കി| കൊ
ള്ളുമ്പൊളാത്മാവിനു ബന്ധവുമുണ്ടായ്വരും| മാനസത്തിനാലറി
യപ്പെട്ടു ചെയ്തീടുന്ന| നാനാകൎമ്മവുമാത്മാവിങ്കലാരൊപിക്കയാ
ൽ| ആനമാത്മാവുഗുണവാനല്ലെങ്കിലും കൂടെ| താനും ബന്ധനാ
യ്സംസാരാമയെവലയുന്നു| മായാതൻഗുണങ്ങൾക്കു സാക്ഷിയാ
യ്നിൽക്കകൊണ്ടു| മായാമൊഹിതന്മാൎക്കു ബന്ധനാകുന്നു ജീവൻ|
കൎമ്മമാം പാശം കൊണ്ടു ബന്ധിപ്പിച്ചീടും മായാ| നിൎമ്മലന്മാരെ
ബന്ധിച്ചീടുകയില്ലതാനും| ബുദ്ധിയുമുപാധിയു മൊന്നായിട്ട
ഹമെന്ന| ചിത്തമാത്മാവുതങ്കൽ കലൎന്നു രാഗാദിയാം| വൃത്തിക
ൾകൊണ്ടു കൎമ്മങ്ങളാൽ ബന്ധനാക്കി| ദുഃഖിപ്പിക്കുന്നു ജീവ
ൻതന്നെത്താനറിയാതെ| തന്നെത്താനറിയുന്നതാത്മാവു താനാ
കുന്ന| തെന്നുള്ളിലറിവുണ്ടായ്വന്നീടുന്നതുതന്നെ| തന്നുള്ളിലറി
വുണ്ടായ്വന്നീടുവതിനാത്മാ| തന്നുടെ സ്വഭാവമുള്ളിൽ പ്രകാശി
ച്ചീടണം| ആത്മാവിൻ സ്വഭാവികം വിദ്യയാമറിവിന്നു| താല്പ
ൎയ്യത്തൊടു മുമ്പെ പറഞ്ഞു ബൊധിച്ചെല്ലൊ| അവിദ്യാകാൎയ്യമെ

ല്ലാമനിത്യംജനിമൃതി|ഭവിപ്പിപ്പതിനുള്ള കാരിയമെന്നുമുള്ളിൽ|
ധരിച്ചുമനൊശുദ്ധി വരുത്തിട്ടാത്മാവിനെ| ത്തിരിച്ചുകണ്ടീട്ടു
മ്പൊളാനന്ദപ്രാപ്തിയുണ്ടാം |ആത്മാനന്ദമാംമുക്തിലഭിച്ചീടണ
മെന്നാ|ലാത്മാവെയാത്മാവിനാലറിഞ്ഞിടണംബാലെ| വിദ്യാ
മാൎഗ്ഗേണഗമിച്ചീട്ടുവൊക്കറിഞ്ഞിടാ|ന്നിത്യനാമാത്മാവിനെ യ
ന്ന്യന്മാക്കവിരതം| വിദ്യയെയറിയാതെവിദ്വാൻഞാനെന്നുഭാ
വി|ച്ചുദ്യൊഗിച്ചൊരൊകാവ്യനാടകശാസ്ത്രങ്ങളും| അഭ്യസിച്ചു
നദിനംശീലിക്കുന്നവർകൾക്കും| സിദ്ധിക്കുന്നീലമൊക്ഷം ക
ൎമ്മവാസനാബലാൽ| അക്ഷരമറിഞ്ഞതുകൊണ്ടുസംസാര മായ
വൃക്ഷമാമജ്ഞാനത്തിനില്ലൊരുനാശമെന്നും| ലക്ഷം കാവ്യങ്ങ
ൾഗ്രഹിച്ചാലുമക്ഷരത്തിന്റെ|ലക്ഷണംധരിച്ചാലുംഭക്ഷണം
നന്നായുണ്ടിട്ടും| കുക്ഷിരക്ഷണത്തിനുള്ളൊരുവെലകളത്രു| മൊ
ക്ഷപ്രാപ്തിക്കുള്ളൊരുവെലയെല്ലറിഞ്ഞാലും| നിത്യവുമനിത്യവു
മെവമെന്നറിഞ്ഞാത്മ|സത്തായിട്ടിരിപ്പവൻവിദ്വാനെന്നറി
ഞ്ഞാലും| നിൎമ്മലനായവിദ്വാനവനങ്ങനാദിയാം| കൎമ്മബന്ധ
വുന്നശിച്ചാനന്ദപ്രാപ്തിയുണ്ടാം| ജ്ഞാനമില്ലെന്നാകിലുമക്ഷര
മറിഞ്ഞവ|നാനന്ദപ്രദനാകുമീശ്വരചരിത്രങ്ങൾ| പലതുംകെ
ട്ടുമുള്ളിൽചിന്തിച്ചുമനുദിനം|പലനാൾപലകാലം പലജന്മങ്ങ
ളെവം| കഴിഞ്ഞാലൊരുജന്മന്തന്നിലീശാനുഗ്രഹാൽ| കഴിവ
ന്നീട്ടുമാത്മസ്വരൂപംകണ്ടീടുവാൻ| വണ്ണമൊന്നറിയാതെ മെ
വുന്നൊർപലരുമു|ണ്ടന്ധജമൃഗതരുജാലങ്ങളെന്നപൊലെ| മ
ണ്ണതിൽപിറന്നാൽപിന്നഞ്ചുവത്സരത്തൊളു| മുണ്ണിയായുള്ളൊരും
പുനരഞ്ചുവത്സരത്തൊളും|കൌമാരമവിട്ടുന്നുമഞ്ചുവത്സരത്തൊ
ളും|കൈശൊരമിതിന്നകം ക്രീഡയായ്കഴിഞ്ഞീട്ടും| യൌവ്വനന്തു
ടങ്ങീടുംഷൊഡശവയസ്സിങ്കൽ|പവ്വനെശശിമുഖിമാരെ ത്തെ
ടീട്ടുമപ്പൊൾ| മത്തെഭനടെനടയൊത്തൊരു തരുണിയി| ലുൾ
പ്രെമംകൈക്കൊണ്ടനംഗാധിയെക്കെട്ടുപ്പാനായി| ചിത്തജനു
ടെചൊല്ലാൽമുഗ്ദ്ധയാമവൾതന്നി|ക്കൊത്തപൊലിരുന്നൊരു നാ
ല്പതുവയസ്സൊളം| ചിത്തജതാപമൊട്ടുകുറഞ്ഞു ഗൃഹാദിസം|പ
ത്തുകൾക്കുള്ളപൂൎത്തിവരുത്തീടണമെന്നു|ചിത്തത്തിലറിവുററി

ട്ടുദ്യോഗംകലന്നുടൻ| വിത്തങ്ങൾനെടിവെച്ചു തുടങ്ങിയതുകാ
ലം| പുത്തനായൊരുഗൃഹംതീൎപ്പിച്ചീടണമെന്നു|ള്ളാസ്ഥ പൂണ്ട
തിനുള്ളകൊപ്പുകളൊക്കക്കൂട്ടി|പത്തുവത്സരംകൊണ്ടുഗൃഹവും പ
ണിതീൎത്തു|സ്വസ്ഥമാനസനായി പുത്രദാരാദികളൊടും| നിത്യ
വുംസുഖെനവാണിരുന്നൊരിരുപതു|വത്സരംധനധാന്യവൃദ്ധി
യൊടനുദിനം| ഭൃത്യരുമമാത്യരുംപുത്രരുംകളത്രവും| പുത്രന്മാരുടെ
പുത്രന്മാരുംബാന്ധവന്മാരും| വിത്തവുംഗൃഹങ്ങളു മപ്പുത്തി വ
സ്തുക്കളും| തൽകുലജാതന്മാരായ്ക്കുവീട്ടുമവർകളും| ഒക്കയുമിനി
ക്കുള്ളതെന്നുടെയെന്നുംഞാനി|ന്നിക്കണ്ടധനധാന്യ വസ്തുക്കളു
ണ്ടാക്കിയൊൻ| ഇനിഞാൻനിരൂപിച്ചാലൊന്നുമെ സാധിക്ക
യി| ല്ലെന്നുടെമനസ്സന്യെനടപ്പാൻശക്തിപൊരാ| ദൃഷ്ടിക്കുമു
ന്നെപ്പോലെകാഴ്ചയില്ലൊന്നുംകണ്ടാൽ| സ്പഷ്ടമെകാണുന്നിലാ
ശ്രൊത്രവുമതുപൊലെ| വ്യക്തമായ്ക്കെൾക്കുന്നില മുക്തമാന്ദ്രാമ
ങ്ങളും|വ്യക്തമായ്പ്പുരുന്നില വക്തവ്യവചനവും| ദന്തവുംവിഹീ
നമായ്പ്പുന്തവുംനശിച്ചുപൊ|യ്ബസ്ഥുവായിതുദണ്ഡും ഗന്ധവും
ഗളിതമായി|തുണ്ഡവുന്നിണ്ടുജരാവൎണ്ണവുന്നശിപ്പിച്ചു| വൎണ്ണ
വുംകുറഞ്ഞുശൊഷിച്ചിതുശരീരവും|ദന്തങ്ങളൊരൊന്നു വന്നു
ണഞ്ഞിട്ടാത്മാവിനെ|ദണ്ഡിപ്പിച്ചീടുമെന്നുതൊന്നുന്നു നിരൂ
പിച്ചാൽ| എണ്ണുകിൽവയസ്സൊരുഎഴുപത്തഞ്ചാമിപ്പൊ|ളിന്നി
മെലെത്രയിരിപ്പുണ്ടെന്നുമറിഞ്ഞില| എന്നുടെകാലം കഴിഞ്ഞാ
ലിവരെന്നെപ്പൊലെ| തന്നെയിപ്പുരാധീനം രക്ഷിച്ചുപൊറുക്കു
മൊ| തങ്ങളിൽവാശിപിടിച്ചന്ന്യായസ്ഥലത്തെത്തി| ഇന്നു
ഞാൻനെടിവെച്ചദ്രവ്യങ്ങൾകളയുമൊ| എങ്ങിനെവരുമെന്നത
റിഞ്ഞിലെന്നാകിലും| ഇന്നുഞാൻചെയ്യെണ്ടതുചെയ്യെണമെ
ന്നാലിപ്പൊൾ|എന്നുടെഗൃഹങ്ങളിൽഞാൻ പുലത്തുണ്ടുന്നവ|
രൊന്നൊഴിയാതെപാൎത്താലെണ്ണുതുപെരുണ്ടല്ലൊ| എന്നതിൽ
വിശെഷമുണ്ടുമകനിളയവ|നെന്നൊടുകൂടിഭുജിച്ചല്ലാതെ തൃ
പ്തിവരാ| നന്ദനന്മാൎക്കുവെണ്ടുന്നാഭരണങ്ങളെല്ലാം|നന്നായി
ത്തീൎപ്പിച്ചുനൽകീടിനെനിനിയതിൽ| മൂത്തവൻതന്റെ മകൻ
തനിക്കായൊരുവള| തീൎപ്പിച്ചുനൽകിടണ മതിനുണ്ടുപായവും|

സൊദരൻമഹാശുദ്ധാത്മാവതികൊപശീല| നൊദനംഭുജിപ്പാ
നുംകൂടെസ്സാമൎത്ഥ്യമില്ലാ| മുന്നൂറുപറവിത്തിനുള്ളൊരു വിളനി
ലം|ഒന്നായിട്ടിരിപ്പതുകൊണ്ടുഞാനുണ്ടാക്കിയെൻ| തൊണ്ണൂറുപ
റയ്ക്കൊരിടത്തുകൊണ്ടിട്ടുള്ളതിൽ|ഒന്നാകപ്പത്തുപറ കൂടവെച്ചെ
ത്തീടണം| നാലുനൂറാകുംപത്തുകൂടെച്ചെൎക്കുമ്പൊളതു|കാലത്തി
ൽവാണാലുണ്ടായ്വന്നീടുംധാന്യംകൊണ്ടു| നാലഞ്ചുഗൃഹത്തിലാ
യ്വസിക്കുന്നവൎക്കെല്ലാം| ആലസ്യമെന്ന്യെഭുജി ച്ചാനന്ദിച്ചിരു
ന്നീടാം| വിത്തൊരുപത്തുപറവിതെപ്പാനുള്ളനിലം| സത്വരം
കൊണ്ടീടണമതിനുണ്ടുപായവും| ഇത്ഥംവിചാരിച്ചങ്ങിരിക്കു
ന്നശാന്തരെ|ചത്തുപൊകുന്നുകൎമ്മവാസനപൊലെതദാ| സ്വൎഗ്ഗ
ദുൎഗ്ഗതികളെ ഭുജിച്ചാലുടൻതന്നെ|പൃത്ഥ്വീമണ്ഡലെവന്നു ജാത
ന്മാരായീടുന്നു| ഇങ്ങിനെജനിമൃതിതെടുന്നുകൎമ്മങ്ങളാൽ| എന്ന
വൎക്കെത്തുംമൊക്ഷമെന്നറിയുന്നീലഹൊ| സമസ്തസംഹാര കാ
ലത്തിങ്കൽദെഹശ്രൂന്യം| ഭവിക്കുമെന്നുംമായാ തൻകൽപൊയ്ല
യിക്കുന്നു| പൊന്മണിപലമാററായുള്ളതൊക്കയുംകൂടി|കഞ്ചുവ
ണ്ണമാമൊരുസഞ്ചിതന്നുള്ളിലാക്കി| ചെഞ്ചെമ്മെ സൂക്ഷിച്ചുവ
ച്ചിരിക്കുന്നതുപൊലെ| ചഞ്ചലയായമായാതങ്കൽചെന്നീടുന്നു
പൊൽ| പിന്നെയാതൊരുകാലംസൃഷ്ടിയെച്ചെയ്തീടുന്നി| ത
ന്നുമായയിൽനിന്നുപൂൎവ്വവാസനപൊലെ| ജനിച്ചീടുന്നുജീവ
ന്മാർപലതരംഭ്രമെണ|തന്നുക്കൾപൂണ്ടുജന്മംതെടുന്നുകൎമ്മങ്ങളാൽ|
എവമജ്ഞാനികളായ്വൎത്തസദാതദാ| മെവീടും ജീവാത്മാക്കൾ
ക്കൊരുകാലത്തിലും| രണ്ടെന്നഭാവംപൊയിട്ടദ്വൈതം സി
ദ്ധിക്കയില്ലന്ധന്മാരാകകൊണ്ടെന്നറിക മനൊഹരെ| കൎമ്മം
കൊണ്ടുളവായിടുന്നുസംസാരാമയം| കൎമ്മവുംപഞ്ചഭൂതസഞ്ചയ
ങ്ങളാലുണ്ടാം|സഞ്ചിതംദെശകാലസഹിതമായിട്ടുള്ള| പഞ്ചഭൂത
ങ്ങൾസാധാരണകാരണമത്തും|ശുക്ലശ്രൊണിതങ്ങളായ്വൃത്താകു
മതിനൊടു| യുക്തകാരണമസാധാരണകാരണമാം| കുംഭകാര
വ്യാപാരമാകുന്നപൂൎവ്വകൎമ്മം| സംഭവിച്ചീടുംശരീരങ്ങളുമതിനാ
ലെ| മൃത്സയുംകുലാലവ്യാപാരവുംകൂടിഘട|മുത്ഭവിക്കുന്നു യഥാ
ദെഹവുമുണ്ടാകുന്നു| കാരണനിമിത്തവുംപാൎക്കുമ്പൊൾകൎമ്മം

തന്നെ| കാരണംകുലാലവ്യാപാരമെന്നതുപൊലെ| മൃത്താകുമു
പാദാനമീശ്വരസൃഷ്ടമായി| വൎത്തിക്കുംപഞ്ചഭൂത സഞ്ചയമെ
ന്നാകിലും| കൎത്തവ്യമില്ലാ സംസാരാമയമുണ്ടാകുവാൻ| കൎത്ത
വ്യംകൎമ്മത്തിനെന്നറികവരാനന്നെ| കൎമ്മാണിനശിപ്പിച്ചാൽജ
ന്മാദിദുഃഖങ്ങളും|നിൎമ്മൂലംനശിച്ചാനന്ദാപ്തിയുമുണ്ടായ്വരും| ക
ൎമ്മമെങ്ങിനെനശിപ്പിപ്പതെന്നതുംകെൾക്ക|കൎമ്മങ്ങളനാദി ഭൊ
ഗപ്രദമെന്നാകിലും| പുണ്യപാപവുംമിശ്രമിങ്ങിനെ മൂന്നായു
ള്ളു|പിന്നെയൊരൊന്നുമമ്മൂന്നായിട്ടുവരുംക്രമാൽ| പുണ്യൊല്കൃ
ഷ്ടവുംപുണ്യസാമാന്യംമദ്ധ്യമവും|പുണ്യകൎമ്മങ്ങളെവം മിശ്രക
ൎമ്മവുംതഥാ| മിശ്രൊല്കൃഷ്ടവുംമിശ്രസാമാന്യംമദ്ധ്യമവും|മിശ്ര
കൎമ്മങ്ങളെവംപാപകൎമ്മവുന്തഥാ| പാപൊല്കൃഷ്ടവുംപാപ മദ്ധ്യ
മംസാമാന്യവും|എവംകൎമ്മങ്ങൾനവവിധമായുള്ളൊന്നെല്ലൊ|
എന്നതിൽപുണ്യപാപമിശ്രമാകുന്നുമൎത്ത്യ|ജന്മമെന്നതിലു മുൽ
കൃഷ്ടമായുള്ളജന്മം| സിദ്ധിച്ചാൽകൎമ്മക്ഷയംവരുത്താം ജ്ഞാനാ
ഗ്നിനാ| മുക്തിയുംസിദ്ധിച്ചീടുമില്ലസംശയംബാതല| നിഷ്കാ
മാനുഷ്ഠാനവുഞ്ചിത്തശുദ്ധിയുംമുഖ്യ|വൃത്തിസാധന ചതുഷ്ടയ
വുംവന്നാലുടൻ| സൽഗുരുലാഭംവസ്തുശ്രവണമനനാദി|യൊ
ക്കവെവന്നിട്ടാത്മജ്ഞാനവുമുദിച്ചുടൻ| മുക്തിജീവനുവരുമാറു
ചിതമായുള്ളൊ|രുത്തമജന്മമതുൽകൃഷ്ടമായുള്ളജന്മം| മാനസവ
ചനദെഹങ്ങളാംകരണങ്ങൾ| മൂന്നിനാലുണ്ടാംപുണ്യപാപ മി
ശ്രകൎമ്മങ്ങൾ| മാനസന്തന്നിൽവിചാരിച്ചറിഞ്ഞവാന്തര| മാ
യിരിക്കുന്നഫലന്ത്യജിച്ചുമുഖ്യഫലം| ബൊധിച്ചു കരണങ്ങൾ
കൊണ്ടുപജീവിക്കുന്ന|ബൊധവാനവൻ കൃതകൃത്യനായ്ഭവിക്കു
ന്നു| ത്രിവിധകരണവുംവെവ്വെറെമമ്മൂന്നായി| നവഭാഗമാ
യ്പൃഥക്ചെയ്യുന്നുകൎമ്മങ്ങളെ| പുണ്യതീൎത്ഥത്തിൽസ്നാന ഞ്ചെയ്ക
യുംസത്തുകളൊ| ടൊന്നിച്ചുവസിക്കയുംദൎശിച്ചുസുഖിക്കയും| മ
ന്നിടന്തന്നിലുള്ളക്ഷെത്രങ്ങൾതൊറുഞ്ചെന്നു|വന്ദിച്ചു പ്രദക്ഷി
ണംവെക്കയുംപൂജിക്കയും|| നന്ദിച്ചുഗുരുപദംവന്ദിച്ചുഭജിക്കയും|
മന്നിടന്തന്നിലെല്ലാംസഞ്ചരിക്കയുംചെമ്മെ| വന്ദ്യന്മാരായുള്ള
വർത്തമ്മെക്കാണുന്നനെരം| വന്ദിച്ചുനമസ്കരിച്ചൊന്നിച്ചു വ

സിക്കയും| ഇങ്ങിനെകായത്തിനാൽചെയ്യുന്ന പുണ്ണ്യകൎമ്മ|മെന്നറിഞ്ഞാലുമിനിക്കെട്ടാലുംവാക്കുപുണ്ണ്യവും| ശാസ്ത്രങ്ങൾഗീതാ ഭഗവച്ചരിതവുന്നാമ|കീൎത്തനം സഹസ്രനാമങ്ങളെന്നിവ യെല്ലാം| കീൎത്തിച്ചുപഠിക്കയുംനാമങ്ങൾജപിക്കയും| വാൎത്തകൾ പരൊപകാരാൎത്ഥമായുരിക്കയും| ചഞ്ചലവിഹീനമായുള്ളൊരു സത്യവാക്കും| ചെഞ്ചെമ്മെമൃദുലമായുള്ളൊരുവചനവും| മന്ത്രങ്ങൾ പഞ്ചാക്ഷരാദികളെ ജപിക്കയും| സന്തതംസാധുക്കളുമായി സംവാദിക്കയും| ഇങ്ങിനെവാണീപുണ്ണ്യമെന്നുബൊധിക്കബൊലെ| ഇനിമെൽമനൊപുണ്ണ്യമുണ്ടതുംകെട്ടീടുക| നാവിനാലുരക്കന്നതെതൊന്നായതിനുടെ| ഭാവബന്ധാൎത്ഥങ്ങളെയാവൊളം മനസ്സിനാൽ| ചിന്തിച്ചുചിന്തിച്ചറിഞ്ഞനാദിമയങ്ങളാ|മന്ധതാമശെഷവുംകളഞ്ഞുവിവെകിയായി| സന്തതം പരൊപകാരാൎത്ഥമായിരിപ്പൊരു| ചിന്തയുംപരലൊകചിന്തയുംഭക്തിജ്ഞാന| ചിന്തയുംബന്ധങ്ങളറ്റിട്ടുവാൻവൈരാഗ്യാദി| ചിന്തയും മനസ്സിനാൽചെയ്യുന്നപുണ്ണ്യകൎമ്മം| അന്ന്യകൎമ്മങ്ങളെല്ലാംനിന്ദ്യമദ്ധ്യമമത്രെ| നന്നല്ലജന്മപ്രദമായിട്ടു ഭവിച്ചീടും| എന്നതുകൊണ്ടു പുണ്ണ്യകൎമ്മങ്ങളായുള്ളവ|തന്നെക്കായവാങ്മനസ്സാകുന്ന കരണങ്ങൾ| തന്നാലെചെയ്യപ്പെട്ടീടെണമാവൊളമെന്നാൽ| തന്നെവന്നീടുംകൎമ്മനാശമായിരിപ്പൊരു|വൃത്തിജ്ഞാനവുമാത്മജ്ഞാനവുമനന്തരം|മുക്തിയുംസിദ്ധിച്ചീടുമില്ലസംശയംബൊലെ| മൎത്ത്യജന്മത്തിലത്യുത്തമമാംജന്മംവന്നാൽ| സത്വരംകൎമ്മക്ഷയംവന്നുമുക്തനായിട്ടും| മുക്തിജീവനുവരുമാറുചിതമാംജന്മം| ഉത്തമമെന്നുപറഞ്ഞെല്ലൊനിന്നൊടുപുരാ| ഉക്തമായീടാമിനിയു ന്നിനക്കാത്മജ്ഞാന|മുൾക്കാമ്പിലുദിപ്പാനായുക്കൂട്ടാലുംവരാനനെ| ത്രിവിധകരണങ്ങളാലെ ചെയ്യപ്പെട്ടീടും| സകലകൎമ്മങ്ങളു മീശാരാപ്പണമായി| കാമ്യമെന്നിയെചെയ്തീടെണമായതു നിഷ്കാ|മാനുഷ്ഠാനമെന്നറിഞ്ഞീടുനീവരാനനെ| ചിത്തത്തിൽരാഗാദിദൊഷങ്ങളെത്യജിച്ചുടൻ| വൎത്തിക്കുന്നെരഞ്ചിത്ത ശുദ്ധിയുമുണ്ടായ്വരും| സാധനചതുഷ്ടയമെന്നുചൊല്ലീടുന്നതും| ബൊധിച്ചീടുകനാലുന്തിരിച്ചുചൊല്ലീടുവൻ| നിത്യവുമനിത്യവു മിന്ന

തെന്നറിയുന്നു| വസ്തുവൊന്നപരമായുള്ള ഐഹികന്തന്നിൽ|
ഐഹികന്തന്നിലുള്ള ഭോഗങ്ങളഖിലവും|ഔവ്വണ്ണം പരന്തന്നി
ലുള്ളൊരുഭോഗങ്ങളും| കർമ്മജന്യമാകയാലൊക്കയു മനിത്യങ്ങ|
ളെന്നുള്ളിലറിഞ്ഞുകുത്സിതമാമതുപൊലെ| സർവ്വവു മുപെക്ഷി
ച്ചെകാഗ്രമായ്യുന്നൊരഥം| നിർവ്വാണെച്ശയാവസിക്കുന്ന സാധ
നമിഹ| പുത്രാർത്ഥഫലഭൊഗവിരാഗമെന്നുള്ളതെ| ന്നൊൎത്തുക
ണ്ടാലുംരണ്ടുസാധനമായതിപ്പൊൾ| മൂന്നാമതാകുംശമാദികളാ
മതിനുടെ|നാമങ്ങൾശമദമൊപരതിസമാധാനം| ശ്രദ്ധയുന്തി
തീക്ഷയുമിങ്ങിനെചൊല്ലീടുന്നി|തുത്തമെശമാദികളാറുമെന്നറി
ഞ്ഞാലും| മാനസത്തിനെശ്രവണാദിയിൽനിൎത്തുന്നതു| മാനി
നിശമംജ്ഞാനെന്ദ്രിയനിഗ്രഹംദമം|കാമ്യഹീനമാംകർമ്മ മെങ്കി
ലുംവ്യവഹാര|ലൊപവുംസന്ന്യാസമെങ്കിലുമാമുപരതി| പ്രാര
ബ്ധവശമായിട്ടെന്തൊന്നുവരുന്നതു| വാരാതെപൊകയില്ലെന്ന
റിഞ്ഞുദുഃഖങ്ങളെ| വന്നീടുന്നതുസഹിക്കുന്നതുതിതീക്ഷയും|പി
ന്നെമാനസംശ്രവണാദ്യനുഗുണങ്ങളാം| വിഷയങ്ങളി ലാധി
ക്യംകലൎന്നിരിപ്പതു|മുഴുതിംകൾനെർമുഖികെളിതു സമാധാനം|
ശ്രദ്ധയായതുഗുരുവെദാന്തവാക്യങ്ങളിൽ| ഭക്തിയുംവിശ്വാസ
വുമുണ്ടായിട്ടിരിപ്പതു| മൊക്ഷംവെണമെന്നിച്ശ യുണ്ടാകുന്നതു
മുമു|ക്ഷുത്വമിങ്ങിനെശമാദികളെന്നറിഞ്ഞാലും| സാധന ചതു
ഷ്ടയമാകുന്നിതിവനാലും| ബൊധവാനായാല്പിന്നെ സൽഗുരു
ലാഭംവെണം| സത്തുചിത്താനന്ദമായിരുന്നീടുന്നഗുരു| സൽ
ഗുരുവരൻതസ്യകരുണകടാക്ഷത്താൽ| വസ്തുവെന്നെന്നുകെട്ടു
ചിന്തിച്ചുബൊധിക്കുമ്പൊൾ| ഉൾത്തളിരിങ്കലാത്മജ്ഞാനവുമ
ണ്ടായ്വരും| മർത്ത്യജന്മത്തിലത്യുത്തമമാംജന്മംവന്നാൽ| ചിത്ത
താരിങ്കൽവിവെകംവെണമാവൊളവും|ചിത്തശുദ്ധിയുംഭക്തി
ശ്രദ്ധയുമുണ്ടാമപ്പൊൾ|തത്വബൊധവുമുണ്ടാംജ്ഞാനിയായ്യുവി
ച്ചീടും| കർമ്മങ്ങൾചെയ്യ്വീടുന്നതൊക്കയുമപ്പൊൾദെഹ| ധർമ്മമെ
ന്നറിയുമ്പൊളൊക്കയുംജ്ഞാനാഗ്നിനാ| ദെഹിച്ചീടുന്നുദെഹ ശൂ
ന്യമാംകൈവല്യവും|ഭവിച്ചീടുന്നുപിന്നെ ജന്മമില്ലാതവണ്ണം|
കർമ്മത്തിന്നുടെശൂന്യംവരുത്തീടുമ്പൊൾജീവൻ|നിർമ്മലനായി

പ്പരമാനന്ദനായിടുന്നു। കൎമ്മമുള്ളളവൊക്കെ ബന്ധനെന്നുള്ള ഭാവാൽ। ജന്മാദിദുഃഖങ്ങളുംകൈക്കൊണ്ടീടുന്നുജീവൻ। താനൊരുഗുണവാനല്ലായ്കയാൽബന്ധങ്ങളും। ആനന്ദരൂപനാകുമാത്മാവിനില്ലെന്നാലും। ബന്ധമൊക്ഷങ്ങൾരണ്ടും സംഭവിപ്പിപ്പാനൊരു। ബന്ധുവാകുന്നുമഹാമായയെന്നറിഞ്ഞാലും। അജ്ഞാനസ്വരൂപിണിയെന്നെല്ലൊചൊല്ലീടുന്നു। വിജ്ഞാനംപിന്നെമായാതങ്കൽനിന്നുണ്ടാകുമൊ। എന്നുസംശയമുള്ളിലുണ്ടെങ്കിൽ ചൊല്ലാമതും। വന്നീടുമൊന്നുതന്നെരണ്ടായിട്ടിരിക്കയാൽ। വിദ്യയുമവിദ്യയുമിങ്ങിനെരണ്ടായതിൽ। വിദ്യയാകുന്നുസദാ വിജ്ഞാനസ്വരൂപിണി। വിദ്യയെയറിഞ്ഞുപാസിപ്പവർ വിദ്വത്തുകൾ। വിജ്ഞാനജ്ഞാനങ്ങളുമുള്ളവരവരെല്ലാ। അവിദ്യാവശന്മാരായ്ഭവിക്കുന്നവരെല്ലാം। അവശ്യം സംസാരികളെന്നുമെന്നറിഞ്ഞാലും। രണ്ടുനാമങ്ങൾപൂണ്ടു രണ്ടായിട്ടിരിക്കയാൽ। രണ്ടുന്താൻതന്നെയനുഭവിപ്പിച്ചീടുന്നതും। രണ്ടു മുള്ളൊന്നല്ലെന്നതാകിലുംമഹാമായാ। ബന്ധമൊക്ഷങ്ങൾക്കധികാരിണിയാകമൂല। മുള്ളതുതൊന്നിപ്പൊളമുള്ളതായ്ത്തൊന്നിപ്പിക്കും। ഉള്ളത്തിലവിവെക മുള്ളവൎക്കെല്ലായ്പ്പൊഴും। സത്യവും നിത്യത്വവും ബൊധിപ്പിച്ചീയങ്ങുന്ന। ശക്തിതാനവിദ്യയാകുന്നതു നിരന്തരം। വിദ്യയായ്വിവെകികൾക്കാത്മജ്ഞാനത്തെനൽകി। മുക്ത്യൎത്ഥയായിട്ടിരുന്നീടുന്നി തതുകൊണ്ടു। ശക്തിയാം മഹാ മായാകല്പിതമെല്ലൊപാൎത്താൽ। ഇത്രിലൊകവുമതിലുള്ളൊരു പദാൎത്ഥവും। ഒക്കെയുംമായാകാൎയ്യമെന്നുചൊല്ലുകകൊണ്ടു। ഉക്തമായിടാം മായാകാരിയംതന്നെകെൾക്ക। സത്വാദിഗുണത്രയയുക്ത യാം പ്രകൃതിക്കു। പില്പാടുനാമംമഹാസുഷുപ്തിയെന്നുഞ്ചൊല്ലും। അമ്മഹാസുഷുപ്തിയിലഖിലജീവന്മാരും। പൊന്മാറുമെഴുകുണ്ടതന്നിലെന്നതുപൊലെ। വാസനപൊലെലയിച്ചിരിക്കും കാലത്തിങ്കൽ। ശാസനചെയ്യുംജഗന്നായകൻസൃഷ്ടിക്കായിഅന്നെരം മഹാമായാതന്നുടെഗുണങ്ങളെ। ഒന്നായിട്ടിരിപ്പതുമൂന്നായിത്തിരിച്ചുടൻ। മുന്നെതുസത്വഗുണംപിന്നെതുരജൊഗുണം। പിന്നെതുതമൊഗുണമിങ്ങിനെമൂന്നായതിൽ। സത്വാംശമായ

വിദ്യാരൂപിണിയാകുന്നതും| മിത്ഥ്യയാമവിദ്യക്കുതാമസമായ
ഗുണം|നിശ്ചലയായവിദ്യാചെയ്യുന്ന്യംപ്രതിബിംബി|ച്ചീശ്വ
രനവ്യാകൃതനന്തൎയ്യാമിയുമെവം| മൂന്നുനാമങ്ങൾചൊല്ലീടുന്നി
തു മൂവർകളാൽ|മൂന്നുലൊകവുംസൃഷ്ടിയുണ്ടായെന്നറിഞ്ഞാലും|
ഈശ്വരചെയ്യുന്ന്യം കൊണ്ടുണ്ടായിജഗത്തെങ്കിൽ| താല്പൎയ്യമെ
ന്തുമായാകല്പിതമെന്നുചൊൽവാൻ| താല്പൎയ്യമതിനുണ്ടായ്യുന്നീടു
മതിനുടെ| യുക്തവംവിചാരിച്ചുകാണുമ്പൊളറിഞ്ഞീടാം| സ
ത്വാംശഗുണമായമായയിൽനിന്നീശ്വര| തന്നെത്രെവരജൊഗുണ
യുക്തയാമവിദ്യയും| പലതായ്പിരിഞ്ഞതിലീശ്വരചെയ്യുന്ന്യവും|
കലന്നുജീവാത്മാക്കളായുണ്ടായ്യുമഞ്ഞിതു| ആത്മാവുപരമാത്മാ
ജീവാത്മാവെന്നിങ്ങിനെ|ആത്മാവെകനെങ്കിലുംമൂന്നായിച്ചൊ
ല്ലീടുന്നു| നിൎണ്ണയംപരമാത്മാതന്നുടെജഠരത്തി| ലെണ്ണമില്ലാ
തൊളംബ്രഹ്മാണ്ഡങ്ങൾകിടക്കുന്നു| അങ്ങിനെയുള്ളപരമാത്മാ
വുതൻകൽനിന്നു| പൊങ്ങിനജഗത്തെല്ലാമൊരിക്കലുണ്ടായ്യതും|
അഖിലത്തിനുമാത്മാതാനായിട്ടിരിക്കിലും| സകലമാതാവായമാ
യതൻഗുണങ്ങളെ| പുറമെപ്രകാശിച്ചിട്ടകമെയവ്യക്തനാ|യ്യ
രുവീടുന്നുജീവാത്മാക്കളിൽജീവാത്മാവാ| യകവുംപുറവുമെല്ലാ
ടവുംനിറഞ്ഞൊരു| പരമാത്മാവുതന്നെജീവാത്മാവാകുന്നതും |
ഈശ്വരനാകുന്നതു മന്തൎയ്യാമിയുംപിന്നെ| ശാശ്വതനായൊര
വ്യാകൃതനുമാത്മാവെല്ലൊ| മായയാമജ്ഞാനെനമറച്ചങ്ങിരിക്ക
യാൽ| മായാമൊഹിതന്മാൎക്കുതൊന്നീടുംപലതരം| മായയാമവി
ദ്യയിലീശ്വരചെയ്യുന്ന്യെന| കായവുംമൂന്നുണ്ടായിജീവാത്മാക്ക
ൾക്കുപൊലെ| കാരണംസൂക്ഷ്മംസ്ഥൂലംപൊരുകളുവററിനു| കാ
രണംവിചാരിച്ചാൽമായൊപാധികളത്രെ| മായയാമവിദ്യയാ
കുന്നുകാരണദെഹ| മായതിൽസുഷുപ്തിയാമവസ്ഥയതുമുണ്ടാ
യി| സ്ഥായിയൊടവസ്ഥയിലാനന്ദമയകൊശ| മായതുമുണ്ടാ
മജ്ഞാനാന്ധകാരമിതെല്ലാം|കാരണദെഹമുണ്ടായ്യുന്നതിങ്ങിനെ
യതു| കാരണംപിന്നെസൂക്ഷ്മദെഹവുമുണ്ടായ്യുന്നു| ഈശ്വരനു
ടെയൊരുയീക്ഷണന്തന്നാലതി| രൂക്ഷമാന്തമൊഗുണംരണ്ടാ
യിത്തിരിഞ്ഞുത|വിക്ഷെപാവരണശക്തികളായതിൽപിൻപു|

വിക്ഷെപ ശക്തിസൂക്ഷ്മകാരിണിയാകുന്നതും| വിക്ഷെപശ
ക്തിയിൽ നിന്നുണ്ടായിതാകാശവും| തൽക്ഷണമതിൽനിന്നു
വായുവുമുണ്ടായ്വന്നു| അഗ്നിയുമതിൽനിന്നുണ്ടായി തദഗ്നിയിൽ
നിന്നി| ട്ടപ്പുമുണ്ടായിതതിൽനിന്നുണ്ടായ്പൃഥിവിയും| പഞ്ചഭൂത
ങ്ങളുണ്ടാ യിങ്ങിനെയിതിന്നുപെർ| പഞ്ചതന്മാത്രയെന്നുമപ
ഞ്ചീകൃതമെന്നും| സൂക്ഷ്മഭൂതമെന്നതുംകാരണഭൂതമെന്നും| സൂ
ക്ഷ്മമായുണ്ടാകയാൽചൊല്ലുന്നുപലതരം| ഇങ്ങിനെയുള്ള പഞ്ച
ഭൂതങ്ങളുടെഗുണം| സഞ്ചയംകൊണ്ടുസൂക്ഷ്മദെഹവും മുണ്ടായ്വ
ന്നു| പ്രാണാദിവൎഗ്ഗംജ്ഞാനെന്ദ്രിയവുംകൎമ്മെന്ദ്രിയം| മാനസം
ബുദ്ധിപതിനെഴിവയെല്ലാംകൂടി| ഭൊഗസാധനമായസൂക്ഷ്മ
ദെഹവുമുണ്ടാ| യ്ക്കൊശങ്ങൾമൂന്നുംസ്വപ്നാവസ്ഥയു മുണ്ടായ്വ
ന്നു| താമസഗുണമായൊരപഞ്ചീകൃതഭൂത| മാകവെപഞ്ചീകര
ണഞ്ചെയ്തിട്ടവകൊണ്ടു| സ്ഥൂലദെഹവുംഭുവനങ്ങളുഞ്ചതുൎവ്വിധ|
സ്ഥൂലങ്ങളുണ്ടായതിൽജാഗ്രമാമവസ്ഥയും| കൊശവുമന്നമയ
മിങ്ങിനെയുണ്ടായ്വന്നി| താദൃശകൾജഗത്തുകളെല്ലാമെന്നറിഞ്ഞാ
ലും| ഇങ്ങിനെദെഹത്രയമുണ്ടായീശരീരിണാ| മിന്നിമെൽജീ
വെശ്വരഭെദത്തെകെട്ടുകൊൾക| ഗാത്രങ്ങൾമനുഷ്യൎക്കമീശനു
മൊരുപൊലെ| പാൎക്കുമ്പൊൾഭെദംവ്യഷ്ടിസമഷ്ടി യെന്നായ്വ
രും|സകലാത്മകനാകുമീശ്വരനതുമൂലം|സമഷ്ടിയെന്നുചൊല്ലും
വ്യഷ്ടിജീവനുഞ്ചൊല്ലും| സമസ്തംസമഷ്ടിയുമെകംവ്യഷ്ടിയുമെ
വം| സമഷ്ടിവ്യഷ്ട്യുപാധിഭെദങ്ങളറിഞ്ഞാലും| ൟശ്വരൻ
ഹിരണ്യഗൎഭനതഥാവൈശ്വാനര| നീശ്വരചൈതന്യമിമ്മൂന്നു
മെന്നതിൽതന്നെ| കാരണസമഷ്ടിയുംസൂക്ഷ്മമാംസമഷ്ടിയും|
നെരെകെൾ സ്ഥൂലസമഷ്ടിയുമിങ്ങിനെക്രമം| കാരണവ്യഷ്ടി
സൂക്ഷ്മവ്യഷ്ടിയും സ്ഥൂലവ്യഷ്ടി| ചെരുമിങ്ങിനെക്രമാൽ വി
ശ്വാദിനാഥന്മാരും|ഇങ്ങിനെജീവെശ്വരഭെദമെന്നറിഞ്ഞാലും|
പിന്നെയു മുണ്ടുഭെദംജീവനെന്നതുകെൾക്ക| ഇന്നിനിക്കിതുഭ
വിക്കെണമെന്നപെക്ഷയാ|തന്നുടെഗെഹങ്ങളാകുന്നജാഗരാദി
കൾ|സൎഗ്ഗസ്ഥാപനസംഹാരങ്ങളാംവൃത്തിയൊടും വിശ്വന്തൈ
ജസൻപ്രാജ്ഞനെന്നനാഥന്മാരൊടും | യുക്തമാമവസ്ഥയിൽ

കൎത്തൃരൂപനായ്ക്കൎമ്മ|കൎത്താവായ്ഭോക്താവായിസഞ്ചരിക്കുന്നുസ
ദാ|സ്ഥൂലദെഹെനചെയ്യുംകൎമ്മങ്ങളുശെഷവും| സൂക്ഷ്മദെഹത്തി
ലിരുന്നപൊട്ടുഭുജിക്കയും| ഇന്ദ്രിയംപതിന്നാലുള്ള വററിനുടെ
വിഷ|യങ്ങളെഭുജിക്കുന്നുജാഗരകാലത്തിലും|ഇങ്ങിനെകൎമ്മഫ
ലാപെക്ഷയാശരീരിണാം| കൎമ്മകൎത്താവായ്ഭോക്താവായ്ഭവിച്ചി
യങ്ങുന്ന|കാരണംജീവനെന്നു ചൊല്ലുന്നുമൂഢചിത്തഃ| ന്മാരാ
യുള്ളവൎക്കെന്നും ജീവനെന്നറികെടൊ |പ്രാണെങ്കൽസുഷുപ്തി
യിൽബുദ്ധിയിൽചക്ഷുസ്സിങ്കൽ| കായത്തിൽഗൃഹക്ഷെത്രവ
സ്തുവെന്നവററിങ്കൽ| ഭാവങ്ങൾഭവിക്കുന്നുഞാനെന്നുജീവന
പ്പൊൾ|ഭാവസംബന്ധങ്ങളാംസംസാരംഭവിക്കുന്നു| ദെഹവു
മെൻറപുനരിന്ദ്രിയങ്ങളുമെൻറ|ദെഹംഞാനെന്നുതന്നെനി
നച്ചുചെയ്തീടുന്ന|കൎമ്മങ്ങൾകൊണ്ടുംഭാവംകൊണ്ടുംജീവനുപൂൎവ്വ
കൎമ്മവാസനയാലെബന്ധനായ്നിരന്തരം| ജന്മവുംമരണവുംവ
ന്നനുഭവിക്കുന്നു|തന്മായാഗുണമനുസരിച്ചുവസിക്കയാൽ|നി
ത്യനാകുന്നൊരാത്മാതനിക്കുജനിമൃതി| ദുഃഖമുണ്ടാമൊകൎമ്മ ബ
ന്ധനായ്വന്നീടുമൊ| നിഷ്ക്രിയൻനിഷ്കാരണൻനിൎഗ്ഗുണൻ നി
രാമയ| നിഷ്പ്രകാരെണനാമഞ്ചൊല്ലുവാനെന്തുമൂലം| എവംചി
ന്തയിലറിയാതെ ചക്രത്തെപ്പൊലെ| മെവീടും സംസാരികൾ
ക്കൊരുകാലത്തിലും| ജീവനെന്നുള്ളബന്ധഭാവവും പൊക
യില്ല| സൎവ്വകാലവുംകൎമ്മബന്ധനായ്വന്നുകൂടും|തന്നെത്താനറി
യെണമെന്നുചൊല്ലീടുന്നതു തന്നെസത്യമെന്നൊൎത്തു കണ്ടാലു
പരമാൎത്ഥം| തന്നെത്താനറിയുന്നതാരുവാനവനീശൻ|പിന്നെ
യില്ലവനൊരുജന്മവുംദുഃഖങ്ങളും| ഇക്കാണാകുന്നശരീരങ്ങളും
പ്രപഞ്ചവും|ദുഃഖവുംസുഖങ്ങളുംസകലെന്ദ്രിയങ്ങളും|മിത്രവുമ
മിത്രവുംപുത്രരുംധനങ്ങളും| ഭൃത്യരുംസ്ഥാനങ്ങളും മററുമൊരൊ
ന്നിങ്ങിനെ| ഉൾത്തളിരിങ്കൽതൊന്നീടുന്നതൊക്കയുംമായാ| ക
ല്പിതമതുനിത്യമല്ലസത്യവുമല്ല| സത്യമാകുന്നതാത്മാവാനന്ദാത്മ
കൻപരൻ|നിത്യനവ്യയൻനിഖിലാധാരൻനിരാധാരൻ| നി
ഷ്കളൻനിരഞ്ജനൻ നിൎഗ്ഗുണൻനിരാമയൻ| മുക്തനാംമുക്തി
പ്രദൻപരമൻപരമാത്മാ| ഉള്ളതൊന്നിതെന്നറിഞ്ഞീടുകമനൊ

ഹരെ| തള്ളകമററുള്ളവമിത്ഥ്യയെന്നറിഞ്ഞാലും| മിത്ഥ്യാഭൂത
മായുള്ളകാരിയ മിനിയുംകെ| ളുത്തമെനിനക്കാത്മ തത്വത്തെ
ബൊധിപ്പാനാ|യ്സത്വാദിഗുണത്രയംവ്യക്തമായ്ത്തെങ്കൊ ഗുണ|
യുക്തമായിബ്രഹ്മാ വിരാട്ടിങ്കലു മുണ്ടായ്വന്നു| വിഷ്ണുവും ഹിര
ണ്യഗൎഭാംശമാസ്സത്വഗുണൊ| ല്കൃഷ്ടനായുണ്ടായ്രുദ്രൻതാനുമീശ്വ
രാംശത്താൽ| ഉത്ഭവിച്ചിതുതമൊഗുണമാശ്രയിച്ചെവ| മുത്ഭ
വസ്ഥിതിസംഹാരങ്ങളെച്ചെയ്യാനായെ| ഇങ്ങിനെപ്രപഞ്ച മു
ണ്ടാകുന്നതറിഞ്ഞാലും| പിന്നെമററാവരണശക്തികാരിയംകെ
ൾക്ക| ഈശ്വരനെയുമാത്മജ്ഞാനമുള്ളവരെയും| ചെററുംബൊ
ധിച്ചീടാതെമററുജീവന്മാരെയും| ആത്മദെഹാദിപഞ്ച കൊശ
ങ്ങളിവറെറയും| ആത്മികപദാൎത്ഥങ്ങളായ്മററുള്ളവറെറയും|രൂ
പാഭിധാനപ്രപഞ്ചത്തെയും ബ്രഹ്മത്തെയും| എതുമെ തിരിയാ
തെകാളരാത്രിയെപ്പൊലെ| ഒക്കവെമറച്ചീടുംശക്തിയുംരണ്ടായ
സത്വാവരണവുമഭാനാവരണവുമെവം| ആവരണയായുള്ള
ശക്തികാരിയംസംസാരാമയദുഃഖഹെതുബന്ധ മെന്നതുമല്ല|
പ്രപഞ്ചവൃക്ഷത്തിന്റെബീജമായതുമവൾ। ഭ്രമംതീരുവാനി
നുംകെട്ടാലുമെന്തെളിഞ്ഞുനീ| അസത്വാവരണവുമഭാനാവരണ
വു| മസത്താകുന്നിതുരണ്ടുംപിന്നയുംരണ്ടായി| വസ്തുനാസ്തി
യുംവസ്തുനഭാതിയെന്നുമുള്ള| വസ്തുവെമറച്ചിരുന്നീടുന്നകാൎയ്യം
രണ്ടും| നാസ്തിയുന്നഭാതിയുമായുള്ളരൂപംരണ്ടും|തത്വജ്ഞാനെന
നശിച്ചീടുമെന്നറിഞ്ഞാലും| തത്വജ്ഞാനവുംരണ്ടായുണ്ടതിൽ പ
രൊക്ഷജ്ഞാ| നത്തിനാൽനശിച്ചീടുമസത്വാവരണവും|നാസ്തി
യെന്നതുനശിച്ചീടുമന്നെരംവസ്തു| അസ്തിയെന്നനുഭവ സി
ദ്ധിയുമുണ്ടായ്വരും|അസത്വാവരണവുന്നശിക്കുംനഭാതിയാ| മ
സത്തുണ്ടതുമപരൊക്ഷജ്ഞാനത്തിനാലെ| ക്ഷയിക്കുമപ്പൊളഭാ
നാവരണവുംനാശം| നയിക്കുംബ്രഹ്മമസ്തി ഭാതിയെന്നപ്പൊ
ൾവരും| നാസ്തിയുന്നഭാതിയുന്നശിച്ചാലാവരണ| ശക്തിയും
നശിച്ചീടുമാനന്ദാപ്തിയുമുണ്ടാം| തത്വജ്ഞാനവും രണ്ടുണ്ടെന്നു
ചൊന്നതിൽമുൻപു| വസ്തുവെഗുരുമുഖമായ്ത്തിരിച്ചറിവതു| നാ
സ്തിയെനശിപ്പിക്കുംപരൊക്ഷജ്ഞാനമിതെ|ന്നൊൎത്തു കാണിതു

തന്നെശ്രവണമാകുന്നതു| ശ്രവണത്തിനാലാത്മാവിന്നവണ്ണ
മെന്നനു|ഭവമാസ്സുരുവതിനുചിതമുണ്ടായിട്ടും| ശ്രവണത്തിനാ
ലറിയപ്പെട്ടോരാത്മാവിനെ| മനനത്തിനാൽ വിചാരിച്ചാൽ
സംശയംതീരും| ശ്രവണമനനംകൊണ്ടോത്മാവു ഞാന്താനെ
ന്നൊ|രറിവുണ്ടാകുമപരൊക്ഷജ്ഞാനവുമതാം| ആത്മാവെയറി
യുമ്പൊളനൎത്ഥനിവൎത്തിയും|ആനന്ദാപ്തിയുംസിദ്ധിച്ചീടുമെന്ന
റിഞ്ഞാലും| അജ്ഞാനമാവരണംവിക്ഷെപംപിന്നെപരൊ|ക്ഷ
ജ്ഞാനമപരൊക്ഷജ്ഞാനവുമനന്തരം| അനൎത്ഥനിവൎത്തിയു മാ
നന്ദാപ്തിയുമെവ|മവസ്ഥയെഴുണ്ടല്ലൊ ജീവനു സുമംഗലെ|
അദ്ധ്യാരൊപവുമപവാദവുംമായതന്റെ|മിത്ഥ്യയായുള്ള കാൎയ്യ
ഹെതുവുന്നിവൎത്തിയും| കാരണംസത്ത്യംകാൎയ്യമസത്ത്യം ബ്രഹ്മം
സത്ത്യം|കാരിയംമായാകാൎയ്യമസത്ത്യമാഗന്തുകം| മായക്കു പൎയ്യായ
ശബ്ദങ്ങളായ്പലതുണ്ടു| കാൎയ്യങ്ങളതുംനാമരൂപങ്ങൾ പൊലെവ
രും| വിദ്ദ്യയുമവിദ്ദ്യയുംമിത്ഥ്യയുംതമസ്സുമ|വ്യക്തവുംപ്രധാനവു
മിങ്ങിനെചൊല്ലീടുന്നു| ഇത്തരംപലതായിട്ടെങ്കിലും മഹാമാ
യാ|ശുദ്ധയുംമലിനയുമായിട്ടുഭവിക്കുന്നു| ശുദ്ധയായുള്ള ദയാ
സംസാരാമയംതീൎത്തു| മുക്ത്യൎത്ഥയാകുംപിന്നെമിത്ഥ്യയാംമലിന
യും| തന്നുടെഗുണങ്ങളാലൊന്നുമെ തിരിക്കാതെ| നിൎണ്ണയമവ
സ്തുതാംവസ്തുതാമെന്നാക്കുന്നു| നിൎഗ്ഗുണെസഗുണവും കെവ
ലെദ്വൈതീഭാവ|നിശ്ചയതാവുമുണ്ടാക്കുന്നു ഭ്രാന്തിയെപ്പൊലെ
രജ്ജുവെസ്സൎപ്പമെന്നുംശുക്തിയെത്താരമെന്നും|വസ്തുവെത്തിരി
യാതെതൊന്നിക്കുന്നതുപൊലെ| അവസ്തുഭൂതമായ ലൊകങ്ങൾ
പതിന്നാലു|മവററിലുള്ളചരാചരങ്ങളഖിലവും| അവശ്യന്നി
ത്ത്യമെന്നൊൎത്തനൎത്ഥഹെതുവായൊ| രവിദ്ദ്യൊപാധികളിൽ മമ
താമുണ്ടാകയാൽ| സമൃദ്ധിവെണമിനിക്കെന്നുമെന്നുടെ പുത്ര|
കളത്രഭൃത്ത്യാദികൾക്കാശ്രയംഞാനെന്ന്യമ|റെറാരുത്തനില്ലാധ
നധാന്ന്യാദിവസ്തുക്കളെ| ഭരിച്ചീടുവാനെന്നുമെന്നുടെദെഹം ന
ന്നാ|യ്ഭരിച്ചീടുവാനെന്നുമെന്നുടെദെഹംനന്നാ|യ്ഭരിച്ചീടണം മ
പായങ്ങളെസൂക്ഷിച്ചിട്ടു| വസിച്ചീടണം മരിപ്പൊളുവുംമനൊ
ജ്ഞമാ|യ്മരിച്ചീടണമിഹലൊകസൌഖ്യങ്ങളെല്ലാം|ഭുജിച്ചീടണം

ന്മൊരൊസല്ക്കൎമ്മങ്ങളെച്ചെയ്തു|രമിച്ചീടണംസ്വൎഗ്ഗ മിങ്ങിനെമായാബലാ|ലവസ്തുവസ്തുവാക്കിക്കല്പിച്ചുഭ്രമിപ്പിക്കും| മിത്ഥ്യയാം മലിനയായുള്ളൊരുമായാകാൎയ്യം|സത്യമെന്നൊൎത്തു വസിച്ചീടുവൊൎക്കൊരുനാളും| നിത്യനാമാത്മസ്വരൂപത്തെയും കണ്ടുകിട്ടാ| മുക്തിസ്വപ്നത്തിൽപ്പൊലുംസംഭവിക്കയുമില്ലാ| ഭുക്തിയുംസുഷുപ്തിയുംമൈഥുനവിഹാരവും|വൃത്തികളിവചെയ്തു കാലങ്ങൾകഴിക്കയും|സത്വരംജനിക്കയുംവൃത്തികൾകഴിക്കയും |ചത്തുപൊകയുമഥാപിന്നെയുമതുപൊലെ|പൂൎവ്വജന്മനികൎമ്മമെങ്ങിനെയെന്നാലതു| സൎവ്വമനന്തരംജന്മത്തിലനുഭവം| മുജ്ജന്മകൎമ്മഫലമിജ്ജന്മന്തന്നിൽഭുജി|ച്ചിജ്ജന്മകൎമ്മഫലമിന്നിമെൽജന്മത്തിലും ജന്മങ്ങൾതൊറുംഫലാപെക്ഷപൂണ്ടജ്ഞാനമാ| യ്കൎമ്മങ്ങൾചെയ്തുസംസാരാംബുധൌനിമഗ്നരായി|എങ്ങുമെമറുകരകാണാതെ വലയുന്നൊ|രിങ്ങിനെമലിനതൻവശന്മാരറികെടൊ|ശുദ്ധയും മലിനയുമിങ്ങിനെഭവിക്കുന്നു| മുക്തിക്കുംജന്മാദി ദുഃഖത്തിനും കൎത്തവ്യമായി|ചിത്താകുമാത്മസ്വരൂപന്തന്നെജഡമായ|തത്വങ്ങളായുംമായാനാമമായിരിപ്പതും| എന്തിനെന്നതുംമുന്നെപറഞ്ഞിട്ടുണ്ടുബാലെ| ലൊകസൃഷ്ട്യാദിക്രമഹെതുനാപലപല|രൂപനാമങ്ങളംഗീകരിച്ചുശിവവിഷ്ണു| രൂപികളായുംഗ്രഹക്ഷെത്രങ്ങൾതൊറുമൊരൊ| മൂൎത്തിഭെദങ്ങൾകൈക്കൊണ്ടീശ്വരന്മാരായ്മറവു| മൂൎത്തിലാദാരുക്കളാംപ്രതിമാദികളിലും| വ്യാപൃമാസ്പൃതികാൎയ്യാൎത്ഥമായ്ക്കാണെന്നിതെ| ന്നൊൎത്തുകാണെണെടൊജീവെശ്വരന്മാരുടെഭെദം| ജീവനീശ്വരനാത്മാവിങ്ങിനെ ചൊല്ലീടുന്നതൊക്കയും മഹാമായാകാൎയ്യമായിരിപ്പൊന്ന| കാരണനായ്പരമാത്മാവെന്നിയെമായാ| കാരിയമെല്ലാംപൊയ്യാകുന്നിതെന്നറിഞ്ഞാലും|മാത്മാവൊന്നചെതനമായിട്ടുംപലതായു| മാത്മചൈതന്യമൊന്നുപലജീവന്മാരായും| വന്നീടുന്നതുനിരൂപിച്ചുകാണുമ്പൊൾഭെദ|മിന്നവണ്ണമെന്നറിയായ്കരുമതുംകെൾക്ക| ആത്മാവുമനാത്മാവുന്തമ്മിലുള്ളൊരുഭെദ| മാകാശംപൃഥിവിയുമെന്നതുപൊലെവരും|ആത്മാവാകാശതുല്യമനാത്മാവനീസമം|ആത്മാനാത്മഭെദങ്ങളെവമെന്നറിയണം|ആകാശത്തിനുഗുണമുണ്ടാ

കകൊണ്ടിട്ടാത്മാ|വാകാശംപൊലെങ്കിലുംഗുണവാനല്ലതാനു|നി
ൎഗ്ഗുണൻനിരഞ്ജനൻ നിഷ്കളൻനിരാമയൻ| മുഗ്ഗുണഹീനന്മാ
യാരഹിതൻപരബ്രഹ്മം| സച്ചിദാനന്ദസ്വരൂപൻ സനാതന
ൻപര|നച്യുതനഖണ്ഡനവ്യക്തനാദ്യന്തഹീനൻ|സത്യജ്ഞാനാ
ത്മാപരമാത്മാസർവ്വാത്മാവാത്മാ| നിത്യനദ്വയനെന്നുബൊധി
ക്കവഴിപൊലെ|അവനീസമമാകുമനാത്മാവജ്ഞാനമാ| യനൃത
ജഡ ദുഃഖമൊഹാന്ധകാരങ്ങളായി| ഗൊഷ്ഠംഗൊപുരങ്ങളുംമ
ണ്ഡപംഗൃഹങ്ങളും| ക്ഷെത്രങ്ങൾഘടശരവാദി ഭാണ്ഡങ്ങളെ
ന്നും| ധാത്രീമണ്ഡലമൊന്നാകുന്നുയെങ്കിലുമതിൽ| പെൎത്തുനാ
മങ്ങൾപലതിങ്ങിനെചൊല്ലുംപൊലെ| ആത്മാവല്ലാതെയുള്ളകാ
ൎയ്യമാമനാത്മാവു|മാത്മതുല്യമായ്പലതായിട്ടുഭവിക്കുന്നു| ആകാശ
മൊന്നുഘടാകാശം കുഡ്യാകാശവും|ഗൊപുരാകാശംമഹാകാശം
മെഘാകാശവും| ആകാശത്തിനുപലനാമരൂപങ്ങളുള| വായ്വരു
മുപാധിഭെദങ്ങളാലതുപൊലെ|ആത്മാവുമനാത്മാവിൻകാൎയ്യമാ
മുപാധിക| ളിൽപ്പലതായിവ്യവഹരിക്കപ്പെട്ടുന്നിതു|തൊയമൊ
ന്നതും.പലനാമമായ്ച്ചൊല്ലീടുന്നു | സൂൎയ്യമണ്ഡലമൊന്നുപലതാ
യ്ക്കാണാകുന്നു|!ആയതുപൊലെയാത്മാപലതായചെതന| കാൎയ്യ
മായിട്ടുമുപാധികളിൽപ്രകാശിച്ചു|തന്നുടെചൈതന്യത്താൽജഡ
തത്വങ്ങളായും|നന്നായ്ശൊഭിപ്പിച്ചുതാനൊന്നിലുംകൂടിടാതെ| നി
ന്നിടുമവ്യാകൃതനായ്ഗുണഹീനനായി| ട്ടെന്നതുധരിച്ചാലുമിനി
യുംകെട്ടീടുക| ആത്മാവിനൊന്നിനൊടു ഐക്യതയില്ലചെററു|
മാത്മാവുതന്നെപരമാത്മാവെന്നറിഞ്ഞാലും|പരമാത്മാവുതന്നെ
ജീവാത്മാവാകുന്നതും|വാരിയുംഘടൊദരപൂരവാരിയുമ്പൊലെ|
സത്യവുമനിത്യവുമിങ്ങിനെരണ്ടില്ലെക| വസ്തുവുള്ളതുനിത്യമാ
യുള്ളസത്യമെന്നും| ചിത്തത്തിലറിയുമ്പൊളജ്ഞാന മയമായ|
മിത്ഥ്യാകാരിയമില്ലെന്നായ്വരുമതുനെരം| തത്വാൎത്ഥവിജ്ഞാനവു
മുണ്ടായ്വന്നീടുമപ്പൊൾ| ചിത്തവുമെകാഗ്രമായാനന്ദസ്വരൂപ
നായി| നിത്യനാകുന്നജീവൻ ജീവൊഹമഹംബ്രഹ്മ| മസ്മി
ബ്രഹ്മാഹമെന്നുള്ളൊരനുഭവംവന്നു| സിദ്ധിച്ചീട്ടുമ്പൊൾജീ
വന്മുക്തിയുംസായുജ്യമാം| മുക്തിയുംവരുംപിന്നെജന്മവുമുണ്ടായ്വ

രാ। ഉത്തമെനീയുമനിത്യാൎത്ഥമായുള്ളമായാ।തത്വാൎത്ഥമറിഞ്ഞുക
മാനസയായിസ്സദാ। ഭക്തിശ്രദ്ധകൾരണ്ടുമല്ലാതെ മററുള്ളൊ
രു। വൃത്തികൾനിനക്കാതെശ്രദ്ധയായഖണ്ഡാൎത്ഥ। സിദ്ധിയെ
പ്രാപിപ്പാനായുദ്യൊഗന്തുടൎന്നാലും। ശ്രദ്ധയൊടിനിയുംനീകെട്ടു
കൊണ്ടാലുംബാലെ।ദുഃഖവുംജന്മംകൎമ്മംരാഗവുമഭിമാനം। ചൊ
ല്ലൊങ്ങു മവിവെകമജ്ഞാനമെന്നീവണ്ണം। എഴുണ്ടന്യൊന്യഹെ
തുഭൂതമായ്ജ്ഞീവൻതന്നി। ക്കെഴുംഞാൻചൊല്ലിടുവൻകെട്ടാലും മ
നൊഹരെ। ഐക്യമൊന്നിലുമില്ലാതിരിക്കുമാത്മാവിനു। ദുഃഖമു
ണ്ടെന്നുതൊന്നീടുന്നതജ്ഞാനംതന്നെ। മായൊപാധികളായദെ
ഹത്തിലിരിക്കയാൽ। കായസംബന്ധങ്ങളാംകൎമ്മവ്യാപാരങ്ങ
ളാൽ। ദെഹദെഹികൾരണ്ടുമൊന്നെന്നുസംകല്പിച്ചു। ദെഹിയാ
മാത്മാവിനുസംബന്ധമുണ്ടാക്കുന്നു। ആത്മാവുനിരഞ്ജനനാക
യാലൊന്നിങ്കലും। ആസ്ക്തിക്യമില്ലപരമാനന്ദമത്രെനിത്യം।ജീവ
നുദുഃഖംസ്വാഭാവികമായുള്ളുവെന്നാൽ।പൊകയില്ലെല്ലൊശീല
മെങ്ങിനെകളയുന്നു। കായമുള്ളളവുതൻശീലവുമിരുന്നീടും। കാ
യത്തിനുടെരസഗന്ധങ്ങളതുപൊലെ। കായമാംസ്വരൂപവുംശൈ
ലമാംസ്വഭാവവു।മെകമായിരിക്കയാൽ പൊകയില്ലൊന്നുകൊ
ണ്ടും।പൊകുന്നുതാകിൽസ്വരൂപംനശിച്ചെന്ന്യെമററു। പൊകുന്ന
തില്ലസ്വഭാവന്തന്നെയൊന്നുകൊണ്ടും।വെല്ലമാംസ്വരൂപത്തി
ൽമധുരസ്വഭാവത്തെ। തള്ളണമെങ്കിൽവെല്ലമെപ്പെരും പൊ
യീടണം।നിംബപത്രത്തിൻസ്വഭാവികമായുള്ളകൈപ്പു।നന്നാ
യ്പൊകണമെങ്കിലിലകൾപൊയീടണം। എന്നതുപൊലെജീവാ
ത്മാവിനുസ്വഭാവിക। മെന്നുകല്പിച്ചാലതു പൊകയില്ലൊരുനാ
ളും।പൊകണമെങ്കിൽ സ്വരൂപംനശിക്കണമപ്പൊഃളായതുകൊ
ണ്ടുശ്രുതിഭെദവുമുണ്ടായ്വരും। ആത്മാവുനിത്യനെന്നുമനന്തനെ
ന്നുമുള്ള। താല്പൎയ്യാൎത്ഥവുംവിപരീതമായ്വരുമെല്ലൊ। ദുഃഖങ്ങളെ
ല്ലാമന്തഃകരണധൎമ്മമെന്നു। വൃത്തിജ്ഞാനെനവിചാരിച്ചുകണ്ട
റിയുമ്പൊൾ।ആത്മാവിനില്ലദുഃഖമുണ്ടെന്നുതൊന്നുന്നതും। ആ
ത്മാവെമനസ്സറിഞ്ഞീടുന്നീലതുമൂലം। ഉള്ളതുപൊകയില്ലെന്നു
ള്ളതുബൊധിപ്പാനാ। യുള്ളഞാൻപറഞ്ഞീടാമിനിയുംകെട്ടുകൊ

ൾക|അഗ്നിക്കുസ്വാഭാവികമായുള്ളൊരുഷ്ണപ്രഭാ| മശ്ശമാക്കുവാ
ൻമണിമന്ത്രാദിപ്രതിബന്ധ| സൽക്രിയകളെച്ചെയ്തു ശൈത്യ
ത്തെവരുത്തിയാൽ| തല്ക്കാലംപാൎക്കുംകൎമ്മശക്തിപോവോളംപി
ന്നെ| ശുഷ്കാന്നിതാന്തമതിതീക്ഷ്ണമായ്ജ്വലിച്ചുടൻ| തൽക്ഷണമു
ഷ്ണതാപവുംവന്നീടുമതുപോലെ| ആത്മാവുതനിക്കുദുഃഖം സ്വാഭാ
വികമെന്നോ| ത്തുല്കൃഷ്ടകൎമ്മങ്ങളെകൊണ്ടതുനശിപ്പിച്ചാൽ| മു
ക്തിയായുള്ളസുഖസിദ്ധിയുമുണ്ടാംകൎമ്മ| ശക്തിപോമതുനേരം
മുക്തിയുംനശിച്ചീടും| പിന്നെയുംപൂൎവ്വകൎമ്മവാസനപോലെ ദുഃ
ഖം|വന്നനുഭവിച്ചീടുംജീവനുസുമംഗലെ| ദേഹധൎമ്മങ്ങളെല്ലാ
മാത്മധൎമ്മമെന്നുമി| ദ്ദേഹംഞാനെന്നുംനിനച്ചോരൊരൊ കൎമ്മം
മായാ|മോഹിന്മാരാച്ചെയ്തുകൊണ്ടുജന്മാദിദുഃഖം| ദേഹിയാമാ
ത്മാ വിനുണ്ടാകുന്നിതജ്ഞാനത്താൽ| രാഹുഗ്രസ്തേന്ദുസൂൎയ്യമ
ണ്ഡലങ്ങളെപ്പോലെ|ദേഹിയുംദേഹങ്ങളിൽവാഴുന്നുനിസ്സംഗ
നായി|നിത്യനാസ്ഥിരാമയനാകുമാത്മാവിനൊരു|ദുഃഖമില്ലൊന്നു
കൊണ്ടു മൊരുകാലത്തിങ്കലും| കൎമ്മങ്ങൾചെയ്കിട്ടതുകൊണ്ടുദേ
ഹവുമുണ്ടാം| കൎമ്മവുംദേഹവുംകൈക്കൊണ്ടിരുന്നെ ചെയ്തീടാ
വു| ദേഹമുണ്ടെങ്കിൽ ദുഃഖമുണ്ടതുദേഹത്തിനു| ദേഹിയാകുന്ന
ജീവൻതനിക്കില്ലതുനൂനം| നിഷ്കളനെന്നാകയാൽകൎമ്മംചെയ്യു
ന്നൊന്നല്ല|നിത്യനാകയാൽജന്മമൃത്യുദുഃഖവുമില്ല|നിൎഗ്ഗുണനെന്നാ
കയാലൊന്നിനുംകൂട്ടന്നൊ|നല്ലഭയനെന്നാകയാൽനിസ്സഹായ
നുമായാൽ| നിൎമ്മലനെന്നാകയാലനാദിയായമായാ|തന്മലവിര
ഹിതന്നായിമേവീടുന്നവൻ|ആദ്യനവ്യയനജ നഖിലാധാരൻ
പരൻ|വെദ്യനല്ലാതപരമാനന്ദൻവെദാത്മകൻ | നിശ്ചലൻ
നിരാമയൻ നിഗമാന്താൎത്ഥവെദ്യൻ| സച്ചിൽ ബ്രഹ്മാത്മാ
സകലാധാരൻനിരാധാരൻ|യോഗേശനീശനമൃതാത്മകൻനി
യമിനാം|യോഗിനാംഹൃദിസ്ഥിതിചെയ്തീടുംപരിപൂൎണ്ണൻ| ആ
ത്മജ്ഞാനികൾക്കാത്മബോധത്തെനൽകുന്നവൻ| ആത്മാവെ
ങ്ങിനെയിരിപ്പൊനെന്നു ധരിക്കെടൊ| ജീവനു മാത്മാവെന്നു
ഞ്ചൊല്ലുന്നൊന്നൊന്നുതന്നെ|ജീവാത്മാതന്നെ പരമാത്മാവായീ
ടുന്നതും| മായോപാധികൾപലതാകയാൽപലജീവ|ന്മാരെന്നു

ചൊല്ലുന്നതുനെരല്ലെന്നറിയണം। ഉൾത്താരിൽകൊണ്ടു വിചാ
രിച്ചുകണ്ടാലുന്നിയു।മുത്തമെനിനക്കാത്മ ബൊധമുണ്ടായീടുവാ
ൻ। നിൎവ്വികാരിയായ്സൎവ്വസാക്ഷിയായ്ക്കൂടസ്ഥനാ। യ്സ്വാത്മാവാ
യൊരാത്മാവദ്വയൻനിരാമയൻ। എന്നതുബൊധിയാതെ ത
ന്നെത്താൻവഞ്ചിപ്പതു।നന്നല്ലാമായാഭ്രാന്തിവദ്ധിക്കമതുമൂലം।
പരിപൂൎണ്ണനായുള്ളപരമാനന്ദൻനിജ।ഹൃദയാംബുജത്തിങ്ക ലി
രുന്നീടുന്നുസദാ। നെരിയൊടതുള്ളതെന്നറിയുന്നില്ലി ന്നാരും।
പരയാകുന്നമായാ മൊഹാന്ധന്മാരാകയാൽ। ഗണനായകനെ
ന്നുംവാണിമാതെന്നുംവിഷ്ണു ഭഗവാനെന്നുംരമാദുൎഗ്ഗാ പാൎവ്വതി
യെന്നും। പലമൂൎത്തിഭെദമായ്യൊന്നീടുന്നതുംമററു।ശിലാദാരുക്ക
ളായപ്രതിമാദികളിലും। വ്യാപിച്ചുമൂൎത്തിഭെദാൽ കണ്ടീടുന്നതും
സൎവ്വ।വ്യാപ്തനാംപരമാത്മാ തന്നകക്കാമ്പിൽസദാ। ഇരുന്നീടു
ന്നജഗന്നാഥനെന്നറിയാതെ।തിരഞ്ഞിടുന്നിതവിടവിടെ മൂഢ
ന്മാരായി। ധാത്രിമണ്ഡലന്തന്നിലുള്ളൊരുപ്രതിമാദി। ക്ഷെത്ര
ങ്ങളെല്ലാമറിഞ്ഞീടുന്നുവഴിപൊലെ। ക്ഷെത്രത്തിനുള്ളിലു ണ്ടെ
ന്നൊൎക്കുന്നീതന്നെരത്തും। ഗാത്രത്തിലിരിപ്പുള്ളതറിയുന്നില്ലതാ
നും। ഗാത്രശുദ്ധിക്കജലന്തന്നിൽസ്നാനവുംചെയ്തു। ക്ഷെത്രത്തി
ന്നപുക്കുവലംവച്ചീടുന്നിതുസദാ। മൂൎത്തിയെതെവിടെ യെന്നാല
തൊൎത്തറിയുന്നു। ശാസ്ത്രങ്ങൾകണ്ടിട്ടൊരൊതരാമായ്ഭ്രമിക്കുന്നു।
അപ്പൊഴമഭിമാനമുൾപ്പൂവിലുണ്ടാകയാൽ। ചിത്സ്വരൂപനെ യ
റിയുന്നിലസുമംഗലെ। രാഗാദിദൊഷങ്ങളാലശുദ്ധിഭവിച്ചൊ
രു।മാനസവചനദെഹങ്ങൾക്കശുദ്ധ്യൎത്ഥമായി। തൊയത്തിൽമു
ഴുകുന്നമാനുഷന്മാരെപ്പൊലെ। മായാമൊഹിതന്മാരില്ലാരുമെന്ന
റികെടൊ। മാനസംപവിത്രമാക്കീടണമെങ്കിലഭി। മാനമെന്നു
ള്ളതില്ലാതാകണംമനസ്സിങ്കൽ। രാഗാദിദൊഷങ്ങളെ യുണ്ടാക്കു
മഭിമാനം।വെറായീടുമ്പൊൾ മനസ്സുംവിശുദ്ധമായീടും। മാന
സംപവിത്രമായീടുമ്പൊൾദെഹശുദ്ധി। താനെവന്നീടുംസ്നാനം
ചെയ്യെണമെന്നില്ലെടൊ। കായത്തിൽപററീടുന്ന പങ്കങ്ങളു
ശെഷവും। തൊയത്തിൽസ്നാനഞ്ചെയ്യാൽ പൊയീടു മതെന്നി
യെ। ഉള്ളുകത്തുളവാകുംദൊഷങ്ങൾപൊകുന്നില। ഉള്ളംനന്നാ

വാൻരാഗദ്വെഷാദിപൊയിടണം। രാഗാദിദൊഷമെല്ലാംപൊ
കണമിനിക്കെന്നു। നാവിനാലുരപ്പതുകൊണ്ടു പൊകയില്ലെതും
വാക്കന്യംമനസ്സന്ന്യംകായകൎമ്മങ്ങളന്ന്യ। മാക്കികൊണ്ടുള്ളവാക്യം
ദൊഷ്ഠിനുസമമത്രെ। മാനസവചനദെഹങ്ങളെ യൊന്നാക്കി
ത്ത। മാനസത്തിനാൽവിചാരിക്കണമിനിക്കിനി। രാഗാദിദൊ
ഷങ്ങളെനീക്കുവാനെന്നുനല്ലെ। ന്നാകാംക്ഷയൊടുപറഞ്ഞീടണ
മനന്തരം। കായധൎമ്മങ്ങളായകൎമ്മങ്ങളാത്മധൎമ്മ।മായിട്ടു നിനയാ
തെഭഗവൽകഥകളെ। ആവൊളംകെട്ടുവിചാരിച്ചു മുൾപ്രെമാ
ന്വിതം। നാവിനാലുരചെയ്യുമിങ്ങിനെചിലദിനം। കഴിഞ്ഞീടു
മ്പൊൾനിത്യാനിത്യവസ്തുക്കൾതാനെ। തിരിഞ്ഞുവരുമപ്പൊളഭി
മാനവുംനീങ്ങും। അഭിമാനംപൊയ്യിട്ടാലവിവെകവുന്നാശ। മദ
വദ്രാഗാദിദൊഷങ്ങളുംനശിച്ചീടും। ചിത്തവുമതുനെരംശുദ്ധമാ
യിടുംപിന്നെ। ചിത്തിൻറസാന്നിദ്ധ്യവും തത്വബൊധവുമു
ണ്ടാം। മാനസംവിശുദ്ധമായിട്ടുമ്പൊൾദെഹത്തിനു। താനെവ
ന്നീടുംമെദ്ധ്യസ്നാനംചെയ്യില്ലെങ്കിലും। മാനിനീമണെ നീയും
രാഗാദിദൊഷങ്ങളെ। മാനസംതന്നിൽനിന്നുനീക്കുവാൻ വെ
ലചെയ്ക। മാനസവചനദെഹങ്ങളാലായവണ്ണം। ജ്ഞാനമുണ്ടാ
വാൻവെലചെയ്യാലുമതുനെരം। രാഗാദിദൊഷങ്ങളു മാകവെ
നശിച്ചീടും। വെഗെനവിജ്ഞാനവുമുണ്ടാമെന്നറികെടൊ। വി
ജ്ഞാനമുണ്ടായ്വന്നാ ലജ്ഞാനമകന്നീടും। അജ്ഞാനം നശിക്കു
മ്പൊൾജ്ഞാനവും പ്രകാശിക്കും। ജ്ഞാനമെന്നതു പരമാനന്ദ
സ്വരൂപനെ। മാനസത്തിനാലറിയപ്പെടുന്നതു തന്നെ। താന്ത
ൻറമനസ്സുങ്കലാത്മാവെയറിയുമ്പൊൾ। സ്വാന്തവുമെകാഗ്ര
മായാനന്ദസ്വരൂപനാം। ൟശ്വരനഹമെന്നു നിശ്ചയം വരു
മെന്നു। നിശ്ചയിച്ചാലുംവെദവാക്യങ്ങളിവയെല്ലാം। സത്യമെ
ന്നുറച്ചുകക്കാമ്പിങ്കൽ ഭക്തിയൊടും।തത്വജ്ഞാനാൎത്ഥിയായി ജീ
വിക്കശുഭപ്രിയെ। ജ്ഞാനമില്ലാതമൂഢന്മാരാകു മജ്ഞാനിനാം।
മാനസെരാഗാദികൾവദ്ധിക്കനിമിത്തമായി। മായാമൊഹിത
ന്മാരായ്പൂയധൎമ്മങ്ങളായ। കാൎയ്യങ്ങളാത്മധൎമ്മ മെന്നാക്കികൊ
ണ്ടുനിജ। കായത്തിലിരുന്നീടുമീശ്വരനവിരതം।പായുന്നു ദിശി

ദിശിതെട്ടന്നുകൎമ്മങ്ങളെ। പുണ്ന്യക്ഷെത്രങ്ങളെതെ നന്നപെക്ഷി
ച്ചറിയുന്നു। പുണ്ന്യംവൎദ്ധിക്കുംകൎമ്മമറിഞ്ഞുചെയ്യീട്ടുന്നു। ഭജി
ച്ചീട്ടുന്നുചിലർസെവിച്ചീട്ടുന്നുപൂജാ।കഴിച്ചീട്ടുന്നുചിലർപൂജി
പ്പിക്കുന്നുചിലർ। ഭുജിച്ചീട്ടുന്നുചിലർ ഭുജിപ്പിക്കുന്നു ചിലർ।
ദ്വിജത്വമുള്ളൊരൊക്കൊക്കെ ദാനംചെയ്യുന്നുചിലർ। വിപ്രന്മാരെ
ല്ലാരെയുംവരുത്തിട്ടവരെക്കൊ।ണ്ടുൽക്കൎഷമായകൎമ്മങ്ങൾചെയ്യിപ്പി
ക്കുന്നുകെചിൽ। ഭുക്തിയുംപ്രതിഗ്രഹംവസ്ത്രവുംധനങ്ങളും।പ്ര
ത്യെകമവൎക്കഭിലാഷമെന്തന്നാലവ। തൃപ്തിവന്നീട്ടുമാറു കൊട്ടു
ത്തീട്ടുന്നുപുണ്ന്യം। വൎദ്ധിച്ചുമുക്തിലഭിക്കെണ മെന്നിച്ശയൊ
ടെ। മുക്തിദാനൈകമൂൎത്തിപരനാംഭഗവാൻതൻ। ഉൾത്തളിരി
ങ്കലിരുന്നീട്ടുന്നതറിയാതെ। പൃത്ഥ്വീദെവന്മാരാലെ ചെയ്യപ്പെ
ട്ടൊരുകൎമ്മ।ശക്തികൊണ്ടിനിക്കുസായൂജ്യമായിരിപ്പൊരു। മുക്തി
യെലഭിക്കെണമെന്നുചിന്തിക്കുംമൂഢ। ചിത്തന്മാരജ്ഞാനികൾ
ക്കധികാരികളെല്ലൊ। ഉള്ളകത്തിരിക്കുന്നൊരീശനെക്കണ്ടീട്ടുവാ
ൻ। ഉള്ളിലെള്ളൊളമറിവില്ലാത്തമൂഢന്മാരായി। വെള്ളിമാമ
ലതന്നിൽവാഴുന്നുപരമെശൻ। വെള്ളെരുതെന്നുള്ളൊരുവാഹ
നമതുമുണ്ടു। അദ്രിനന്ദനക്കനുരൂപനായനുദിനം।പുത്രന്മാരൊട്ടും
കൂടിസുഖിച്ചുവസിക്കുന്നു। പാലാഴിതന്നിൽ ഫണിമെത്തമെ
ൽശയിക്കുന്ന। നീലവൎണ്ണനാംവിഷ്ണുഭഗവാൻനാരായണൻ।
ശ്രീമഹാലക്ഷ്മിയൊട്ടും ഭൂദെവിയൊട്ടുംകൂടി। സാമൊദംയൊഗ
നിദ്രാചെയ്യുന്നുജഗന്നാഥൻ। ഈപ്രകാരങ്ങളറിഞ്ഞീട്ടുമപ്പൊഴുമു
ള്ളിൽ।സ്വപ്രകാശത്വംഭവിക്കുന്നീലമായാബലാൽ। ഈശന്മാ
ർപലരുണ്ടെന്നുള്ളൊരുമതംപൂണ്ടു।പെശുന്നുകലഹവും കൂട്ടുന്നു
മതഭെദാൽ। അന്യമുള്ളവതാരമൂൎത്തികളെയുംപിന്നെ। മന്നിട
ത്തിങ്കലുള്ളക്ഷെത്രങ്ങൾതൊറുമൊരൊ। പ്രതിമാദികളിലും പല
തായ്ക്കാണാമപ്പൊൾ।അതുപൊലീശന്മാരുംപലതെന്നറിയുന്നു।
പ്രതിമാരൂപംപൊലെഭഗവൽസ്വരൂപവും। മതിയിലൊൎത്തു ക
ണ്ടുപലതായ്ഭാവിക്കുന്നു। തൃഷിതനായുള്ളവൻ ശീതളമായതൊ
യം। പഴുതെന്നുപെക്ഷിച്ചുദാഹശാന്തിക്കുപിന്നെ। മൃഗതൃഷ്ണാം
ഭസ്സുകൊണ്ടെന്നതിനെയുംപരി। ഭ്രമമാനസന്മാരാസ്സുടന്നീട്ടുന്ന

പൊലെ| ഹൃദയനിലയനനാകുമീശ്വരംത്യക്ത്വാ| പ്രതിമാദിക
ളിലുണ്ടെന്നൊൎത്തുസെവിക്കുന്നു| ഹൃദയംതന്നിലുണ്ടെന്നു ള്ളതു
ബൊധിച്ചുള്ളിൽ| സ്മൃതിയുണ്ടാവാനൊരുകാരണംകെൾക്കബൊ
ലെ| അരിമങ്ങളെന്നിവപൊടിച്ചങ്ങതിനാലെ|ഒരുമണ്ഡലമി
ങ്ങതിലീശ്വരനെയും| ധ്യാനിച്ചുപൂജിക്കുന്നു മാനസംതന്നിൽ
നിന്ന|താനന്ദപ്രദനാകു മാത്മാവെത്തന്നെപ്പിന്നെ| പൂജിച്ചു
സമൎപ്പിച്ചാലുദ്വാസിപ്പിക്കുന്നതും| ബൊധിച്ചീടുകനിജഹൃദയെ
മുന്നെപ്പൊലെ| കുംഭകധ്യാനംപിന്നെരെചകാൽ പ്രതിഷ്ഠയും|
സംപ്രതിഉദ്വാസനംപൂരകംകൊണ്ടുഞ്ചെയ്യും| യാതൊരു സ്വരൂ
പത്തെധ്യാനിച്ചീടുന്നുനിജ|ചെതസ്സിലുണ്ടാമപ്പൊ ളായതുസൃ
ഷ്ടിയെല്ലൊ| പിന്നെമണ്ഡലന്തന്നിൽ പ്രതിഷ്ഠിക്കുമ്പൊൾ
സ്ഥിതി| പിന്നെഉദ്വാസിപ്പതുസംഹാരമാകുന്നതു| ഉത്ഭവസ്ഥി
തിസംഹാരങ്ങളെച്ചെയ്യ്തീടുവാൻ|ചില്പുമാനല്ലാതെ:മററാൎക്കാനു
മെളുതാമൊ| അനൃതജഡദുഃഖാത്മകമായിരിപ്പൊരു| തനുതന്നാ
ലെചെയ്യുന്നിലൊരുകാൎയ്യങ്ങളും| നിശ്ചെഷ്ടകാഷ്ഠമൊന്നും കാ
ൎയ്യുന്നിലതുപൊലെ| നിശ്ശെഷദെഹങ്ങളും ചെഷ്ടിക്കുന്നിലാത
ന്നെ| തന്നുള്ളിലിരിക്കയാൽ താന്തന്നെസൃഷ്ട്യാദികൾ| മൂന്നു
ഞ്ചെയ്യുന്നുദെഹംഞാനല്ലശിവനഹം| ഇങ്ങിനെവിചാരിച്ചു ക
ണ്ടാലുമാത്മാവിനെ|അന്യമെന്നുള്ളഭാവ മകലെക്കളഞ്ഞാലും|
സൃഷ്ടിസ്ഥിത്യന്തങ്ങളെച്ചെയ്യാനായ്വീടുന്ന| സൃഷ്ടാവും മുകു
ന്ദനുംപരമെശനുമഹം|ലൊകവുംചരാചരസ്ഥാവരജംഗമവും|
ആകവെതാനാസ്സിദ്രൂപവുമഹംതന്നെ| സൎവ്വസാക്ഷിയാ സ്സക
ലാഗമസ്വരൂപനായി| നിൎവ്വികാരിയാംപരമാനന്ദൻസദൈവ
ഞാൻ| ഞാൻതന്നെസമസ്തവുമെന്നുബൊധിക്കമായയാ| ഭ്രാന്തി
കളെല്ലാംദൂരെകളകമനൊഹരെ| താന്തന്നെജഗത്തുകളായ തെ
ന്നറിഞ്ഞാലും| താന്തന്നെജഗന്നാഥനായിരിപ്പതുംസദാ| താന്ത
ന്നെസദാശിവബ്രഹ്മാനന്ദമായതും| ഭ്രാന്തികൊണ്ടെങ്ങുമിങ്ങു മ
ന്വെഷിക്കെണ്ടബൊലെ| ക്ഷെത്രത്തിനുള്ളിലുണ്ടെന്നൊൎത്തുകൊ
ണ്ടനുദിനം|ക്ഷെത്രങ്ങൾതൊറും വലംവെക്കുന്നെന്തിനു വൃഥാ|
ഗാത്രത്തിലിരിക്കുന്നതറിയപ്പൊകായ്കയാൽ| ക്ഷെത്രത്തെവലം

വെച്ചാൽകാണുന്ന വാറെങ്ങിനെ| ക്ഷെത്രത്തിലും മന്ത്രത്തി
ലുംഗൃഹത്തിലും|ഗാത്രന്തന്നിലുംമഹാകാശവദ്വ്യാപിക്കുന്നു|സ
ൎവ്വവ്യാപിനംസൎവ്വസാക്ഷിണം സൎവ്വാധാരം| സൎവ്വത്രപരിപൂ
ൎണ്ണമഖണ്ഡജ്യൊതിൎമ്മയം| സൎവ്വദെവതാമയംസച്ചിദാനന്ദംപ
രം| നിൎവ്വികാരണംപരമാനന്ദംനിത്യാനന്ദം| ഇങ്ങിനെയുള്ളപ
രമാത്മാവെനിജഹൃദ|യാംബുജംതന്നിലുണ്ടെന്നുള്ളതു ബൊധി
യാതെ| മന്നിടത്തിംകലുള്ള ക്ഷെത്രങ്ങൾതൊറുംനട| ന്നന്വെ
ഷിച്ചെന്നാൽകണ്ടുകിട്ടുകയില്ലഖെദാലെ| മരവുംകല്ലുംചെമ്പുമി
രിമ്പുമിവകൊണ്ടു| പരിചൊടുണ്ടാക്കുന്നു ക്ഷെത്രങ്ങളതിനുള്ളി
ൽ| പ്രതിമാദികളുണ്ടാക്കീട്ടുവിപ്രന്മാരാൽ| കൃതമായൊരു പ്ര
തിഷ്ഠാകലശവുമാടി|പരമെശ്വരനിതെന്നുള്ളിൽ ധ്യാനിക്കകൊ
ണ്ടു| പരമാത്മാവുപ്രതിമകളിൽവ്യാപിക്കുന്നു| യാതൊരു സ്വ
രൂപമായ്ച്ചിന്തിച്ചീടുന്നതെന്നാ| ലായതുപൊലെ പരചൈതന്യം
ശൊഭിക്കുന്നു| സാക്ഷാലുള്ളൊരുപരചൈതന്യ മൊന്നായതു|
ക്ഷെത്രങ്ങൾപലതിലുംപലതായ്ശ്ശൊഭിക്കുന്നു| കാശിയുംരാമെശ്വ
രംശ്രീരംഗംകുംഭകൊണം|കാമാക്ഷിഗയാപുരുഷൊത്തമം ഗൊ
കൎണ്ണവും| കാളഹസ്തിയുംകമലാലയഞ്ചിദംബരം| വ്യാഘ്രെന്ദ്രപു
രംശിവപെരൂർതൃക്കാശിയൂരും| ഇങ്ങിനെമഹാപുണ്യക്ഷെത്രങ്ങ
ളായിട്ടുണ്ടു| പിന്നെയുംമഹാക്ഷെത്രമുണ്ടെല്ലൊപലതരം| ഓരൊ
രൊക്ഷെത്രങ്ങളിലൊരൊരൊപ്രതിമാസു|ഓരൊരൊ മൂൎത്തികളാ
യ്ശ്ശൊഭിച്ചീടുന്നുപരൻ| ശ്രീവിശ്വനാഥനെന്നുംശ്രീമഹാ ദെവ
നെന്നും|ശ്രീകാന്തനെന്നുംശിവവിഷ്ണുസംയുക്തനെന്നും|ശ്രീപ
ത്മനാഭനെന്നും മധുസൂദനെന്നും| ശ്രീപാഞ്ചജന്യംധരിച്ചൊരു
ശ്രീകൃഷ്ണനെന്നും|അവതാരങ്ങൾപൂണ്ടമൂൎത്തിഭെദവുമൊരൊ| ത
രമിങ്ങിനെപ്രതിമകളിൽസംകല്പിച്ചു| ധ്യാനിച്ചുസെവിക്കയാ
ൽധ്യാനിച്ചപൊലെപര| മാനന്ദസ്വരൂപനും വ്യാപിച്ചീടുന്നു
സദാ| പ്രതിമാപലനാമരൂപമായിട്ടെങ്കിലും| പരചൈതന്യമാ
യസാന്നിദ്ധ്യമൊന്നെയുള്ളു| യാതൊരുപ്രകാരെണ്ണചിന്തിച്ചീ
ടുന്നതെന്നാ| ലായതുപൊലെകാണാമീശ്വരചൈതന്യവും| സ
കലജനങ്ങൾക്കുള്ളഭീഷ്ട ദാനംചെയ്യാൻ| സകലാത്മകൻ പ്ര

തിമാദിയി ലനെകനായി| പരിശൊഭിതനായിട്ടുന്നു തെങ്കിലു
മതിൽ| കൃതകൃത്യന്മാരുള്ളവണ്ണം കണ്ടറിയുന്നു| മറ്റുള്ള ജ
നങ്ങൾക്കു കമ്മബന്ധനംകൊണ്ടു| ചെറ്റുമുള്ളതു ബൊധി
ക്കുന്നില മായാബലാൽ| മായാമൊഹിതന്മാരാ മവൎക്കുണ്ടൊ
രിക്കലും|മായാ ഭ്രാന്തികൊണ്ടാത്മസ്വരൂപംകണ്ടുകൂടാ| പ്രകൃതി
വശന്മാൎക്കു സുകൃതമുണ്ടാകുവാൻ| പ്രതിമാസ്വരൂപംകണ്ടതു
പൊലവരുടെ| ഹൃദയാംബുജത്തിലുംധ്യാനിച്ചുഭക്തിയൊടെ|ഭ
ജിച്ചുനാമങ്ങളെജപിച്ചുകമ്മങ്ങളെ| ത്യജിച്ചുഫലാപെക്ഷ യൊ
ഴിച്ചുസ്തവങ്ങളാൽ|സ്തുതിച്ചുദാസഭാവന്നടിച്ചുമുമുക്ഷുത്വം|കൊ
തിച്ചുദിനംപ്രതിവസിക്കുന്നവൎക്കെല്ലാം| കൊതിച്ചതനുഭവിച്ചീ
ടുവാനൊരുകൃപാ| തെരിക്കക്കൊടുത്തരുളീടുന്ന ഭക്തപ്രിയൻ|
ഭക്തവത്സലൻതന്റെ കാരുണ്യമുണ്ടാകുമ്പൊൾ| ശക്തിയാം
മഹാമായാവൈറായിഭവിച്ചീടും|മാനസവിശുദ്ധിയുണ്ടാമനന്ത
രംവൃത്തി| ജ്ഞാനവുമുണ്ടാമാത്മജ്ഞാനവുമുണ്ടാംപിന്നെ| ഹൃദി
സ്ഥംജഗന്നാഥമവൈദ്യന്മാരായുള്ള| പ്രകൃത്യന്മാൎക്കുപ്രതിമാസു
ഭക്ത്യാതിശയാൽ| ഭവിച്ചീടണമെന്നാലീശ്വരകൃപകൊണ്ടു|ന
ശിക്കുമജ്ഞാനവുമാത്മജ്ഞാനവുമുണ്ടാം| സ്വസ്വരൂപപരിപൂൎണ്ണനാ
കിയൊരാത്മാവിനെ| സൎവ്വദാകാണാമെല്ലൊജ്ഞാനികൾക്കതി
നാലെ| പ്രതിമകളിൽഭജിക്കെണമെന്നില്ലനിജ| ഹൃദയെവ
സിപ്പവൻപ്രതിമാദികളിലും| വ്യാപ്തനാകുന്നിതെന്നല്ലൊൎത്തു
കാണെടൊബാലെ| ക്ഷെത്രവുംശരീരവും തമ്മിലുള്ളൊരുഭെദം|
ക്ഷെത്രങ്ങളൊന്നുംഭഗവാന്റെസാന്നിദ്ധ്യംകൊണ്ടു| ചെഷ്ടി
ക്കുന്നില്ലാചെഷ്ടിച്ചീടുന്നുഗാത്രക്ഷെത്രം| തരുക്കൾ ശിലകളും
താമ്രമെന്നിവകൊണ്ടു| തരത്തിൽപണിചെയ്യിട്ടുണ്ടാക്കുന്നിതു
ക്ഷെത്രം| ധാത്ര്യാദി പഞ്ചഭൂതസഞ്ചയം കൊണ്ടുതന്നെ| തി
ൎത്തതെങ്കിലും ബഹു ഭെദമുണ്ടവററിനു| ചെഷ്ടയില്ലൊരിക്ക
ലും കാരണമില്ലായ്കയാൽ| ചെഷ്ടിച്ചീടുന്നു പ്രതിമാരൂപങ്ങ
ളെയെല്ലാം| പഞ്ചഭൂതാത്മകമാ യസൃങ്മാംസാസ്ഥികൾ കൊ
ണ്ടു| സഞ്ചിതമായിട്ടിരിപ്പൊന്നിദ്ദെഹക്ഷെത്രങ്ങൾ| എഴുണ്ടു
മതിലതിലൊൻപതുകവാടവും| താഴികക്കുടത്തിനു കീഴാറു നി

ലകളും| ആറാറു നിലക്കുമെലീരാറാന്നിലയതി|ലാറാറിൽപ
രൻ പരമെശ്വര നിരിപ്പതും| ഉള്ളകം സ്വയംപ്രഭയാൽപ്ര
കാശിക്കുന്നിതു| മുള്ളിലെ പ്പണികളും കരണ വ്യാപാരവും|
ഒക്കയുംപാൎത്തു കണ്ടാലൊക്കുന്നിലതു നിന| ക്കുൾക്കാമ്പിലു
ണ്ടാവാനായ്ചൊല്ലുവൻ കെൾക്കബൊലെ| തങ്ങൾതങ്ങൾ ക്കു
ള്ളൊരു വിരൽകൊണ്ടൊരുതെല്ലും| നീങ്ങാതെയളന്നു സൂക്ഷി
ച്ചുനൊക്കിക്കാണുമ്പൊൾ| അംഗുലംതൊണ്ണൂറാറുകൂടിയാലുള്ള
യാമ| മെങ്ങുമെകുറയാതെകണ്ടീടാംശരീരിണാം| തന്മദ്ധ്യെസു
ഷുമ്നാഖ്യനാഡിയാകുന്നിതതു| മൊന്നായിട്ടൊരുവെണ്മകാണ്ഡ
മെന്നതുപൊലെ| മുളച്ചുമൂലാധാരംതന്നിൽനിന്നതു പിന്നെ|
വളൎന്നുകപാലപത്മത്തൊളമൊന്നായിട്ടു| സുഷുമ്നയുടെവലഭാഗ
മെമൂട്ടിൽമുള|ച്ചെഴന്നു സുഷുമ്നമെൽചുഴന്നുപടൎന്നുടൻ|വളൎന്നു
കപാലപത്മത്തൊളം ശെഷിച്ചങ്ങൊ|ട്ടിങ്ങു നാലുവിരൽനീള
ത്തിൽ തൂങ്ങിയതു| പിംഗലയെന്നുള്ളൊരു നാഡി യാകുന്നിത
തു| തന്നെനാസികാവലത്തെതായിട്ടിരിപ്പതും| പിംഗലായഥാ
തഥാഇഡയുംവാമപാൎശ്വ| നിന്നുണ്ടായതുവാമനാസിക യാ
കുന്നതും|പിംഗലാസുഷുമ്നാവാമെചപൃഷ്ഠപാൎശ്വഗാ| പിംഗ
ലയപ്പൊൾ വളൎന്നൊടിഞ്ഞുതൂങ്ങിയതു| വലത്തെനെത്രമ്മുഴ
യെന്നുപെരന്നാഡിക്കു| ധരിക്കപുനരലംബുഷയുമതുപൊലെ|
വാമലൊചനം പിന്നെഅസ്ഥിജിഹ്വയാന്നാഡി| വാമകൎണ്ണ
മാംവലത്തെച്ചെവിഗാന്ധാരിയും| മൂട്ടിൽനിന്നുണ്ടായൊരുനാ
ഡികളെഴിങ്ങിനെ|കെട്ടാലുമിതിന്നുമെൽമണിപൂരകന്തന്നിൽ|
കുക്കുടാണ്ഡം പൊലൊരുകന്ദമുണ്ടതിന്മെൽനി| ന്നൊക്കവെയു
ണ്ടാവുന്നുമറ്റുള്ളഞരമ്പുകൾ| മുന്നഞ്ചൊന്നവയെഴനാഡിയു
മതിനുള്ളിൽ|തന്നെയന്ന്യമായുള്ളതൊക്കയുംബഹിൎഭാഗെ| അ
ക്കിഴങ്ങിന്മെൽനിന്നുനാലുനാഡികളുണ്ടാ|യൊക്കെക്കുംമൂലമൊ
ന്നുമുഖങ്ങൾവെവ്വെറെയാം| സുഷുമ്നയുടെമുമ്പിൽപൊക്കിൾക്കു
വാമഭാഗാ|ലെഴന്നുശുദ്ധിചക്രത്തിന്നധൊഭാഗത്തൊളം| സു
ഷുമ്നയുടെ സുഷിരത്തിൽതന്മുഖംകൊട്ടു|ത്തിരുന്നുമൂൎദ്ധാവിങ്കൽ
പിയൂഷമുണ്ടാകുന്നു ശംഖിനിയെന്നനാഡിയാകുന്നതതിന്നുടെ|

മുമ്പിലുണ്ടൊരു നാഡി തന്നാമം പയസ്വിനി। തൻമുമ്പിൽ വി
ശൊദരയാകുന്നി തവററിനു। ഒന്നായിട്ടുന്നു കൊഷ്ഠന്തന്മാൎഗ്ഗാ
നനന്ദ്വിധാ। ഭൊജനനാഡിയായീട്ടുന്നിതു വിശൊദര। ജീവന
നാഡിപയസ്വിനിയുമറിഞ്ഞാലും। എവമിമ്മൂന്നു നാഡിക്കും പൂ
രൊഭാഗത്തിങ്കൽ। മെവീട്ടുന്നിതു സരസ്വതിയാകുന്ന നാഡീ। ര
സനയാകുന്നതെന്നറികാ പിന്നെവിശൊ। ദരത ന്മൂലം രണ്ടുമറി
യായിരിപ്പതിൽ കീഴ്മ്മറി പക്വാശയപാത്രമായതുപൊലെ। മെൽമ
റിയാമാശയപാത്രവുമറികെടൊ। പിന്നയും നാഡീ കന്ദത്തിന്ന
ധൊഭാഗത്തിങ്കൽ। നിന്നു നാഡികൾ കീഴ്പ്പൊട്ടെക്കു പൊയവമൂ
ന്നും। എന്നതിൽ ബലിശകൃത്ത്യാഗകാരിണ്ണിതമാ। തന്നുടെ മുഖ
മായിട്ടുന്നതു ഗുദദ്വാരം। രാകയെന്നൊരു നാഡി ബാലിത ന്മുമ്പി
ൽ മൂത്ര। ദ്വാരമാകുന്നിതുതു ബാലിയെപ്പൊലെതന്നെ। രാകാബാ
ലിയെന്നിവരണ്ടിനും പുരൊഭാഗെ। രാകക്കന്തനിക്കു മന്തൎദ്വാരം
രണ്ടായിട്ടു। ബാഹ്യഭാഗത്തു മുഖമൊന്നായിശൂംകുസിനി। നാഡി
യാകുന്നിതുതന്നെ ശുക്ലവാഹിനി। ഇങ്ങിനെ പതിന്നാലു നാഡി
കൾ ദെഹന്തന്നിൽ। തിങ്ങിട്ടും ബലം പൂണ്ടിട്ടുള്ളതെന്നറിഞ്ഞാലും
പിന്നെയും നാഡികന്ദാൽ തിൎയ്യഗൂൎദ്ധ്വാധൊഭാഗാൽ। പൊങ്ങിവ
ന്നുളവായൊരെഴുപത്തീരായിരം। എണ്ണുകിൽ കുറവില്ലാ നാഡിക
ൾ ദെഹന്തന്നിൽ। എങ്ങുമെ പടൎന്നിതു ദെഹരക്ഷാൎത്ഥം തദാ। സു
ഷുമ്നയുടെ പിന്നിൽ തണ്ടെല്ലാമതു ബലം। കലൎന്നു ദെഹക്ഷെത്രത്തി
ന്നുതൂണെന്നപൊലെ। വളൎന്നു ശിരസ്സാകുന്താഴികക്കുടത്തിനു
ബലങ്ങൾ കൊടുത്തിരിക്കുന്നിതെന്നറിഞ്ഞാലും। പഞ്ചഭൂതങ്ങളു
ടെ ഗുണങ്ങൾകൊണ്ടുളവായി। സഞ്ചിതം ത്വഗാദിധാതുക്കളാൽ ഗാത്ര
ക്ഷെത്രം। തൊലി ചൊര മാംസ മെദാസ്ഥി മജ്ജയെന്നിവ। പല
സാധനങ്ങളാൽ പണിതീൎത്തിരിക്കുന്ന। ഗാത്രക്ഷെത്രത്തിനൊടു
തുല്യമായ്വന്നീടുമൊ। ക്ഷെത്രങ്ങൾ മരം കല്ലെന്നിവ കൊണ്ടുണ്ടാ
യതും ഈശ്വരനിരിക്കുന്ന ക്ഷെത്രവും പ്രതിമയും। ഗാത്രമൊന്നതു
തന്നെ പാത്രമായ്വൎത്തിക്കയാൽ। ഗാത്രക്ഷെത്രത്തിനൊളം മഹത്വം
മററന്ന്യഥാ। ക്ഷെത്രങ്ങൾക്കില്ലെന്നറിഞ്ഞീടുക വരാനനെ। ഇങ്ങി
നെയുള്ള ഗാത്രക്ഷെത്രത്തിന്മദ്ധ്യഭാഗെ। നിന്നീടും സുഷുമ്നയാ

ന്നാധിതന്നന്തൎഭാഗെ|ശ്രീകൊവിലാറുണ്ടതി ലൊരൊരൊപീഠ
ങ്ങളും|ശ്രീകരമായുള്ളതിന്മെൽ സ്ഥിതിചെയ്യീടുന്നു|ശിവശക്തി
കൾകലയൊടുനിഷ്കളമായു|മവിടെത്തന്നെചരാചരവും വസി
ക്കുന്നു| പ്രത്യെകമൊരൊശിവശക്തിക്ഷെത്രത്തിൽ പുക്കു|നിത്യ
വുംപൂജാക്രമാൽചെയ്യീടാംമനസ്സിനു|മാനസധ്വജനെല്ലൊ ജീ
വനെന്നതിനാലെ|മാനസസഹിതനായ്ശിവനുംഗമിച്ചീടും|മൂലാ
ധാരാദ്യാധാരമാറിലുംപൂജിക്കുമ്പൊൾ|മെലെനിന്നീടും നിരഞ്ജ
നനാംജീവൻതദാ|തന്നന്തൎഭാഗത്തിങ്കലുള്ളക്ഷെത്രങ്ങൾതൊറും
നന്നായി സ്ഥിതിചെയ്യുമീശ്വരസ്വരൂപത്തെ| തന്ത്രിയെപ്പൊ
ലെപൂജിച്ചീടാംപൂജാദ്രവ്യങ്ങ|ളെന്തെന്നാലതു നിവെദിക്കാം ദാ
സവൽസദാ|സെവിക്കാംവലംവെക്കാംസ്തുതിക്കാം നമിച്ചീടാം
ഭാവങ്ങൾതനിക്കെന്തെന്നാലതുസാധിച്ചീടാം| പിന്നെയെന്തി
നുവ്യഥാസെവിക്കുന്നന്യക്ഷെത്ര|ത്തിൽചെന്നീശൻ പ്രതിമ
കളിലുണ്ടെന്നൊൎത്തു|ദീപന്തന്നുടെകയ്യിലിരിക്കുംനെരത്തിങ്കൽ
തിയന്വെഷിച്ചു നടക്കെണമെന്നില്ലായെല്ലൊ|വല്ലജാതിയും ഭ
ഗവത്സ്വരൂപത്തെകാണ്കെ|യല്ലാതെയൊരുശ്രദ്ധയില്ലെല്ലൊമന
സ്സിനു| എന്നാൽനിന്മനസ്സിനാൽ നന്നായിവിചാരിച്ചു| തന്നു
ള്ളിലിരുന്നിട്ട മീശ്വരംനിരാധാരം| തന്നുടെക്ഷെത്രന്തന്നി ലു
ണ്ടെന്നുബൊദ്ധ്യമായാ|ലന്യക്ഷെത്രങ്ങളിലും സെവിച്ചാൽഫ
ലമുണ്ടാം| കണ്ണില്ലാതവൻമൊഹാൽപശുവെന്നുറച്ചൊരു| ക
ന്നിനെക്കൊണ്ടപൊലെ വന്നിടുമറിയാഞ്ഞാൽ| ഗാത്രമൊക്കു
മ്പൊൾ ശിവക്ഷെത്രമാകുന്നതതി| ലാസ്ഥയാശ്ശിവൻപരമാ
ൎത്ഥകൈവല്യപ്രദൻ| നിത്യനദ്വയൻപരമാനന്ദൻപരമാത്മാ|
സത്യസംകല്പനാത്മാവാഴുന്നുനിരാമയൻ| ഗാത്രമായിരിക്കുന്ന
ക്ഷെത്രവുമന്യമുള്ള| ക്ഷെത്രവുംതമ്മിലുള്ളഭെദങ്ങൾ നിരൂപി
ച്ചാൽ| തീൎത്തുചൊല്ലീടാംസമമല്ലെന്നുമഹിമക| ളെറ്റമുണ്ടെ
ല്ലൊഗാത്രക്ഷെത്രത്തിന്നതുമൂലം| ഗാത്രങ്ങൾകൊണ്ടുചെഷ്ടിച്ചു
ണ്ടാക്കിടുന്നൊരന്യ| ക്ഷെത്രങ്ങൾധരാതലംതന്നിലു ള്ളവയെ
ല്ലാം|ഗാത്രമാംക്ഷെത്രംകൎമ്മസഹിതംധാതാവിനാൽ| കല്പിതംപ
ഞ്ചഭൂതസഞ്ചിതംതത്വാവൃതം| ത്വങ്മാംസാസ്ഥികൾകൊണ്ടു രമ്യ

മാംശരീരത്തിൽ|നിൎമ്മലമായാമനൊരഥമുണ്ടതിന്മീതെ|നിന്നിട്ടു
മാത്മാസച്ചിന്മയനവ്യയൻസദാ| ജന്മാദിഹീനൻജഗൽക്കാര
ണൻപരബ്രഹ്മം|സൎവ്വസാക്ഷിയാസ്സനാതനനായ്സ്വാത്മാവാ|
യ്നിൎവ്വികാരിയായുള്ള പരമാത്മാവുതന്നെ| ജീവനായതുമാത്മാവാ
യതുംമഹാമായാ| ദെവിയായതുമ്മായാകാൎയ്യങ്ങളായുള്ളതും| സ
ത്യമായതുംമിത്ഥ്യയായതുംജഗത്ത്രയ| കൎത്താവായതുമന്യമല്ലെന്നു
ബൊധിച്ചാലും| ജീവാത്മാവെന്നുമാത്മാവെന്നു ഞ്ചൊല്ലീടുന്ന
തു|കെവലമല്ലാമായാകാൎയ്യഹെതുക്കളെല്ലൊ| മായൊപാധികളി
ൽമെവീടുമ്പൊൾചൊല്ലുംജീവ| നായൊന്നാത്മാവൊന്നന്യം
പരമാത്മാവൊന്നെവം|ഏരിയുംകൂപംഘടമിങ്ങിനെമൂന്നായിട്ടു|
പെരുചൊല്ലുന്നുജലംമൂന്നിലുമൊന്നുതന്നെ| കുംഭജീവനംകൂപ
ജീവനമെരിക്ഷീരം| സാമ്പ്രതമുപാധിഭെദങ്ങൾ കൊണ്ടെവ
ഞ്ചൊല്ലും| കുംഭത്തിലുള്ളജലംകൂപത്തിൽചെൎന്നീടുമ്പൊൾ| കും
ഭശബ്ദമെന്നനാമവുമില്ലാതയാം| കൂപജീവനമുണ്ടെന്നെരമാ
യതുമെരി| ക്ഷീരത്തിൽചെൎക്കമ്പൊൾ കൂപതൊയവുന്നഹി|
ഏരിയിൽനിന്നു വെറായ്യൊന്നിയന്നിരുംക്രമാ| ലെരിയിൽത്ത
ന്നെചെരുമന്നെരമതുപൊലെ|ജീവചൈതന്യംപരമാൎത്ഥികനാ
യിടുമ്പൊൾ| ജീവനെന്നുള്ളനാമംപൊയ്പരമാൎത്ഥികനാം| പര
മാൎത്ഥിക നായൊരാത്മാവുകൂടസ്ഥനാ| യ്പൂരണംപരമാനന്ദാമൃത
മായിടുന്ന|പരമാത്മാവിനൊടന്നെരമാത്മാവുതന്നെ| പരമാത്മാ
വുമെന്നുബൊധിക്കാംവഴിപൊലെ| മാനസൊപരിവാഴുമാത്മാ
വെത്തിരിയാതെ| മാനിയായ്വസിക്കുന്നുമാനസമതുമൂലം| ജ്ഞാ
നമാകുന്ന വസ്തുവെന്തെന്നുമറിയാതെ| മാനുഷരജ്ഞാനികളാ
യിട്ടുഭവിക്കുന്നു| ദെഹാദിമാനങ്ങളാലുള്ളൊരുകൎമ്മബന്ധം| ദെ
ഹിയാമാത്മാവിനുമുണ്ടാക്കിച്ചമെക്കുന്നു|കൎമ്മബന്ധനെന്നാക്കി
ദുഃഖവുമുണ്ടാക്കുന്നു| കൎമ്മികളായൊ രവിവെകികളറികെടൊ|
മംഗലശീലെനീയുംനിന്നുടെമനസ്സിനാൽ|കൎമ്മങ്ങളെല്ലാന്ദെഹ
ധൎമ്മമെന്നറിഞ്ഞാലും| ദെഹധൎമ്മങ്ങളൊന്നു മാത്മധൎമ്മമല്ലെ
ന്നും |ദെഹിയാമാത്മാനിരുപാധികൻനിത്യൻപരൻ| നിൎമ്മ
ൻനിരുപമൻ സ്വതന്ത്രൻപരിപൂൎണ്ണൻ| ജന്മാദിഹീനൻസ

ദൈവാനന്ദൻമായാപരൻ നിത്യനദ്വയനഖിലാധാരൻനിരാധാരൻ|സത്യമാകുന്നവസ്തുവെന്നറിഞ്ഞാലുംബാലെ|അവസ്തുഭൂതമായഭ്രാന്തികളെല്ലാമെവ; മവശ്യമസത്യമെന്നറിഞ്ഞുത്യജിച്ചാലും| ജന്മാദിദുഃഖങ്ങളാത്മാവിനുണ്ടാമെന്നൊരു| കന്മഷംമനതാരിലുണ്ടായീടരുതെടൊ| എന്നതുകൊണ്ടുപറഞ്ഞൊ നവയെല്ലാമിന്നും| സന്ദെഹംതീൎന്നീടുമാറിനിയുംകെട്ടുകൊൾക| ഐഹികമെന്നും പാരത്രികമെന്നെവംരണ്ടും| ദെഹിയാമാത്മാവിനില്ലായ്കയാൽസുഖദുഃഖം| വന്നനുഭവിക്കുന്നവാറതെങ്ങിനെപര| മാനന്ദസ്വരൂപനെല്ലൊസദാകാലത്തിലും| ചിത്തത്തിൽവിചാരമില്ലായ്കയാലാത്മാവിനു| ദുഃഖമുണ്ടെന്നുംസ്വഭാവികമാകുന്നിതെന്നും|ഉൽകൃഷ്ടകൎമ്മങ്ങളാൽദുഃഖങ്ങളൊഴിച്ചുടൻ|മുക്തിപ്രാപിച്ചുസുഖിച്ചിരിക്കാമെന്നുമൊരൊ|ദുശ്ചിന്തഭവിക്കയാൽദുഃഖങ്ങളുണ്ടാകുന്നു| നിത്യനായുള്ളജീവാത്മാവിനെന്നറികെടൊ| ദുഃഖങ്ങളാത്മധൎമ്മമാകുന്നതെന്നാലതു| മുൽകൃഷ്ടകൎമ്മങ്ങളാൽപൊകയില്ലെന്നുവരും| കൎമ്മങ്ങൾകൊണ്ടുമുക്തിസൌഖ്യത്തെവരുത്തിയാൽ| കൎമ്മപുണ്യങ്ങൾനശിക്കുമ്പൊൾമുക്തിയുംകെട്ടുംകൎമ്മംകൊണ്ടുണ്ടാകുന്നമുക്തിക്കുനിത്യത്വവും|ജന്മനാശവുമില്ലജന്മവുമൊടുങ്ങീടാദെഹംകയ്യ്കൊണ്ടിട്ടുള്ളമുക്തികൾമൂന്നുണ്ടല്ലൊ|ദെഹികൾക്കതുജീവമുക്തിയെന്നറിഞ്ഞാലും| ദെഹമുക്തിയും ജീവമുക്തിയുമെന്നുണ്ടതിൽ| ദെഹമുക്തിക്കുപുനൎജ്ജന്മമില്ലറിഞ്ഞാലും|കൎമ്മബന്ധനംബന്ധംബന്ധമൊചനംമുക്തി|കൎമ്മനാശം വന്നെന്നാൽ ജന്മനാശവുംവരും| കൎമ്മത്തിനുടെബീജമായതജ്ഞാനമതു| നിൎമ്മൂലനശിപ്പിപ്പാൻജ്ഞാനാഗ്നിയുണ്ടാകെണം| നിൎമ്മലമായൊരാത്മജ്ഞാനംകൊണ്ടനാദിയാം |കൎമ്മബീജമാ മജ്ഞാനന്നശിച്ചീടുന്നെരം| ബ്രഹ്മതല്പരത്വവുംജ്ഞാനവുമുണ്ടാംപിന്നെ| കൎമ്മബന്ധനമവക്കെന്നുമെ യുണ്ടാല്ലരാ| ഉൽകൃഷ്ടകൎമ്മങ്ങളാലുളവാംമുക്തിസുഖം | നിത്യമല്ലെന്ന തറിഞ്ഞീടുവാനിനിയുംകെൾ| ഉഷ്ണംകൊണ്ടുറക്ക മില്ലാതെസംഭ്രമിച്ചെററ | മുഷ്ണംപൂണ്ടുഴലുമ്പൊൾ ശീതത്തെ വരുത്തുവാൻ| ശില്പമാംവ്യജനത്താൽവീശിടുന്നെരമതി | ലുല്പന്നനാ

യവായുതന്നുടെശൈത്യത്തിനാൽ| ഉഷ്ണശാന്തിയുംസുഖനിദ്രയും
വരുമുട| നുഷ്ണവുംവരുംശൈത്യവായുവെറിട്ടന്നെരം| നിദ്രയുമ
കന്നുപൊംവ്യഗ്രവുംവളൎന്നിട്ട| മുഗ്രകൎമ്മങ്ങൾകൊണ്ടുണ്ടായാ
ലിങ്ങിനെവരും| ആമയമെല്ലാന്തിന്നുയാമിനിതന്നിലതി| മൊ
ദമൊട്ടറങ്ങിഞാനുന്നെന്നെന്നപൊലെ|പുണ്യകൎമ്മങ്ങളാലെ
വന്നണയുന്നമുക്തി| നിൎണ്ണയംനിദ്രാസുഖത്തിന്നു പമാനന്ത
ന്നെ| കൎമ്മംകൊണ്ടുണ്ടാകുന്നു ജന്മസംസാരാമയം| കൎമ്മമുള്ള
പ്പൊൾദെഹമുണ്ടെന്നതറിഞ്ഞാലും| ദെഹമുള്ളവരാരുംമുക്തന്മാ
രാകുന്നില|ദെഹൊഹമെന്നഭാവംകൊണ്ടുബന്ധന്മാരത്രെ| ബ
ന്ധമൊചനന്തന്നെമുക്തിയെന്നറിഞ്ഞാലും|ബന്ധമററീട്ടന്നെ
രംദെഹവുന്നശിച്ചുപൊം| ദെഹസംബന്ധംദെഹിക്കുണ്ടെന്നു
നിനപ്പതു| ദെഹിയാമാത്മാവിന്നുസംബന്ധമാകുന്നതും| ദുഃഖ
വുമതുമൂലമാത്മാവിന്നുണ്ടാകുന്നി| തൊക്കയുമവിവെക കാരണ
മൊന്നുതന്നെ|ആത്മാവിന്നൊരിക്കലുംദുഃഖമില്ലെന്നുനൂനം| ആ
ത്മാവുസുഖസ്വരൂപൻസദാകാലത്തിലും| കൎമ്മജന്യമായുള്ളദെ
ഹംഞാനെന്നുചിന്തി| ച്ചന്യൊന്യാദ്ധ്യാസമാത്മാവിങ്കലുമുണ്ടാ
കുന്നു|ചിന്തിച്ചുപരമാൎത്ഥമറിവാൻവശമല്ലാ|അന്ധന്മാരാത്മാ
വിന്നുബന്ധവുമുണ്ടാക്കുന്നു|മാനസംകൊണ്ടുനന്നായ്മനനഞ്ചെ
യ്യുന്നെരംജ്ഞാനമാകുന്നദൃഷ്ടിനന്നായിത്തെളിഞ്ഞിട്ടും| ആനന്ദ
സ്വരൂപനാമാത്മാവിനെയുംസദാദീനമെന്നിയെകാണായ്വന്നീ
ട്ടമതുനെരം| ഞാനെന്നു മിനിക്കെന്നുമെന്നുടെയെന്നുമഭി|മാ
നങ്ങളുള്ളതെല്ലാന്നശിച്ചുവിവെകിയായി| ജീവനുമാത്മാവുമൊ
ന്നിശനുമതുതന്നെ|നാശവുമൊരുനാളുമില്ലദുഃഖവുമില്ല| നിത്യ
നാമാത്മാവിന്നുസംസാരാമയദുഃഖ|മെത്തുകയില്ലചെററുമെന്നു
ബൊധവുമുണ്ടാം| ഉള്ളതുവിചാരിച്ചുബൊധിപ്പാനാളായ്വന്നാ
ൽതള്ളിപ്പൊമാത്മാവിന്നുദുഃഖമുണ്ടെന്നഭാവം| മായകൊണ്ടവി
വെകമാനസന്മാക്കുസദാ| കാലവുമാത്മാമനസ്സുമതാം ഭവിക്ക
യാൽ| കൎമ്മമാംപാശംകൊണ്ടുമനസ്സുബന്ധിക്കയാൽ| നിൎമ്മല
നായജീവൻദുഃഖിതനായീടുന്നു| ദെഹദെഹികൾരണ്ടുമൊന്നെ
ന്നുനിനക്കുന്ന| മൊഹികളെല്ലാമവിവെകികളറിഞ്ഞാലും| ദെ

ഹത്തെത്യജിപ്പാനുമാത്മാവെത്തിരവാനും|ദെഹംഞാനെന്ന പാ
ശബന്ധത്തെഛെദിപ്പാനും| ദെഹിയൊടുള്ളവ്യതിരിക്തത്വം ഭ
വിപ്പാനുംദെഹികൾക്കുണ്ടായ്വന്നീടെണ്ടതുവിവെകവും|ഐഹി
കസുഖങ്ങളിലുള്ളൊരുവൈരാഗ്യവും| വിദ്യയുമവിദ്യയുമെന്നതു
പൊലെമനൊ|വൃത്തിയിൽതൊന്നുമവിവെകവുംവിവെകവും|
മാനസമൊന്നാകിലുംവൃത്തിഭെദംകൊണ്ടതി| ശൊഭനമായുംവ
രുംമലിനമായുംവരുംപാത്രമെന്നതുംശുഭമശുഭമെന്നാകുന്നു|ഗാ
ത്രമൊന്നതിനിന്ദ്യം മൃദുലമൊന്നായ്വരും| പാൎത്തുകാണുമ്പൊൾ
വൃത്തിഭെദമെന്നറിഞ്ഞീടാ| മൊൎത്തുകാണെതുപൊലെ മനസ്സും
ഭവിക്കുന്നു ശുദ്ധമായിരിക്കുന്നമനസ്സിന്നശുദ്ധത|വൎദ്ധിച്ചുവ
രുംരാഗദ്വെഷാദിദൊഷങ്ങളാൽ| രാഗാദിദൊഷങ്ങൾകൊണ്ട
വിവെകമായുള്ള|രൊഗവുംവളൎന്നീടുംമനസ്സിനതുനെരം|രൊഗ
മാമവിവെകംകൊണ്ടു ദെഹാത്മബന്ധാൽ|ഭാവപീഡയുംവന്നു
ദുഃഖിയാകുന്നുജീവൻ|ദെഹൊഹമെന്നുകൎമ്മവശനായ്യനുത്രയ|
ഗെഹത്തിലിരിക്കുന്നമുജ്ജന്മ കൎമ്മങ്ങളെ| ത്യജിച്ചങ്ങൊട്ടു ങ്ങു
മ്പൊൾഗെഹമായുള്ളദെഹംത്യജിച്ചിട്ടുടൻനിജചൈതന്യമശെ
ഷവും|ഭജിച്ചുബന്ധിച്ചുള്ളൊരൈഹികകൎമ്മങ്ങളിൽ|സ്ഫുരിച്ചുത
നുത്രയഗെഹവുമുണ്ടാകുന്നു| ഇങ്ങിനെയവിവെകമായുള്ള രൊ
ഗംകൊണ്ടു|തിങ്ങീടുന്ദുഃഖമനുഭവിച്ചീടുന്നുജീവൻ|ദൊഷങ്ങൾ
കൊണ്ടുണ്ടാകും രൊഗങ്ങൾ ശമിപ്പാനാ| യ്യെഷ്ടജന്നല്ലവിവെ
കാമൃതമുണ്ടാക്കണം| സാധനചതുഷ്ടയപത്ഥ്യത്തൊടിരുന്നതി|
ശൊഭനമായവിവെകാമൃതംസെവിക്കുമ്പൊൾ| രാഗദ്വെഷാദി
ദൊഷകൊപംകൊണ്ടവിവെക|രൊഗങ്ങൾമനസ്സിനുണ്ടായതും
ശമിച്ചീടുംദെഹാത്മബന്ധഭാവപീഡയുന്നശിച്ചീടു|ന്ദെഹിയാ
മാത്മാവിനുദുഃഖവുമില്ലാതയാം|നിത്യനാമാത്മാവിനുദുഃഖമുണ്ടെ
ന്നുമൂഢ| ചിത്തന്മാരവിവെകംകൈക്കൊണ്ടുചൊല്ലീടുന്നു| നി
ൎമ്മലചിത്തന്മാരാകുംവിവെകികൾക്കുള്ളിൽ|നിൎമ്മലനാത്മാവെ
ന്നുനിൎണ്ണയമുണ്ടാകുന്നു|ചൊല്ലുവൻവിവെകിയുമവിവെകിയു
ന്തമ്മി|ലുള്ളൊരുഭെദമതുംകെട്ടുകൊണ്ടാലുംബാലെ|നിത്യമല്ലാത
ജഡമായചെതനമായി| ദുഃഖമാംസ്വരൂപമായുള്ള ദെഹാദിക

ളിൽ। നിത്യമല്ലെന്നുള്ളൊരുനിശ്ചയത്വംവന്നു। ദുഃഖങ്ങളെ
ല്ലാമന്തഃകരണധൎമ്മമെന്നും। നിത്യനായ്സ്വാത്മാവായാദ്യന്തവി
ഹീനനാം। സച്ചിദാനന്ദസ്വരൂപൻതന്നെജീവനെന്നും। കാ
യാദിധൎമ്മങ്ങളിലാത്മാവിനൊരുബന്ധം। കാലങ്ങൾമൂന്നിങ്ക
ലുമില്ലെന്നുമനസ്സിനാൽ। ആവൊളംവിചാരിച്ചുദൃഢ നിശ്ചയ
ത്തൊടെ। മെവുന്നുവിവെകിയാകുന്നവനവൻവിദ്വാൻ। ആ
ത്മാവല്ലാതെയുള്ളദെഹധൎമ്മങ്ങളെല്ലാ।മാത്മധൎമ്മമായ്കല്പിച്ചന്യൊ
ന്യാദ്ധ്യാസഞ്ചെയ്തു। തന്നുടെസ്വരൂപവുമിന്നവണ്ണ മെന്ന
തു।മൊന്നറിയാതെദെഹംഞാനെന്നുമിനിക്കെന്നും। ഞാനതിക
ലശ്രെഷ്ഠൻഞാനതിരൂപശ്രെഷ്ഠൻ। മാമകംധനംഗൃഹമെന്നും
ശ്രൂന്യാസ്ത്രീയെന്നും। മൊദവാനഹംസുഖിദുഃഖിഞാൻ ദരിദ്ര
വാൻ।ഭാവമിങ്ങിനെഞാൻഞാനെന്നുമായാന്ധകാരാൽ।അസ
ത്യംസത്യമാക്കിസത്യത്തെജഡമാക്കിഅസത്യം സത്യമെതന്നെ
തുമെതിരിയാതെ। പ്രജ്ഞയെന്നൊരുനാമമന്തനിക്കുള്ളതുംവെടി।
ഞ്ഞജ്ഞാനമാൎഗ്ഗെണസഞ്ചരിക്കുംമനസ്സിന്റെ। ദുൎവ്വിചാരത്താ
ലവിവെകവും ഭവിക്കുന്നി। തുവ്വിയിലവരവിവെകികളാകുന്ന
തും।സൎവ്വജ്ഞന്മാരായുള്ളൊർചൊല്ലുന്നിതവർകളെ।സൎവ്വദാസം
സാരികളെന്നുമംഗലശിലെ। പാൎത്തുകാണുമ്പൊൾ മനസ്സാകു
ന്നിതെല്ലാററിനും।കൎത്തവ്യമെന്നുവന്നിട്ടുന്നതെന്നതുമൂലം। അ
ജ്ഞാനവശന്മാരായ്കൎമ്മികളായിട്ടുള്ള।അജ്ഞന്മാൎക്കുള്ളൊരവിവെ
കത്തെകളഞ്ഞുടൻ।വിജ്ഞാനമായവിവെകംമനതളിരിങ്കു। ലുല്ല
ന്നമായിട്ടുന്നവാറതെങ്ങിനെയെന്നാൽ। ചൊല്ലുവനതു മെങ്കി
ൽകെട്ടാലുന്തെളിഞ്ഞുനീ। നല്ലതുവന്നുകൂട്ടുമില്ലസംശയമെതും।
മാനസമൊന്നാകുന്നു ജീവാത്മാക്കൾക്കെന്നാലും। മാനമില്ലാ
തൊരവിവെകികൾക്കുണ്ടുഭെദം। മാനസംബുദ്ധിചിത്ത മഹം
കാരവുമെന്നു। നാലായിപ്പിരിഞ്ഞുമായാബല വശത്തിനാൽ।
ബുദ്ധിയുമുപാധിയുമൊന്നായിട്ടഹമെന്നു। ചിത്തമാത്മാവൃതങ്ക
ൽകലന്തരാഗാദിയാം। വൃത്തികൾപതിമൂന്നുംകൈക്കൊണ്ടുക
ൎമ്മങ്ങൾക്കു। കൎത്താവായ്ഭൊക്താവായി ദുൎവ്വിചാരജ്ഞനായി। ക
ൎമ്മവാസനാബലാൽ തന്നെത്താനറിയാതെ। ജന്മസംസാരദുഃഖ

മാത്മാവിനുണ്ടാകുന്നു। പൊങ്ങീട്ടുംമായാബലംകൊണ്ടു മാനസ
ത്തിന്നു। തിങ്ങീട്ടുമവിവെകമുണ്ടായിട്ടതുമൂലം। നിൎമ്മലനായിട്ടു
ന്നജീവനുദെഹാദികൾ। തന്നൊടുസംബന്ധവും ദുഃഖവുമുണ്ടാ
കുന്നു। എങ്ങിനെയവിവെകം മനസ്സിലുണ്ടാമെന്നാൽ। തുംഗ
മാമജ്ഞാനത്താലുണ്ടാകുമവിവെകം। ദുൎദ്ധരമായൊരവിവെകം
കൊണ്ടഭിമാനം । ബുദ്ധിയിലുണ്ടാമതിൽനിന്നു രാഗാദിക
ളും। വൎദ്ധിച്ചിട്ടവകൊണ്ടുകൎമ്മവുമുണ്ടാകുന്നു। സിദ്ധിച്ചീടുന്നു
കൎമ്മംകൊണ്ടുദെഹാദികളും। കൎമ്മജന്യമാംശരീരത്തിൽ സൂക്ഷ്മ
മാന്തനു। തന്നിലുള്ളൊരുമനസ്സിന്റെ ദുൎവ്വിചാരത്താൽ। ദെഹ
ദെഹികൾതമ്മിലന്യൊന്യബന്ധമുണ്ടെ। ന്നെവംതൊന്നീട്ടുമവി
വെകമാനസത്തിനാൽ। അന്യൊന്യബന്ധമുണ്ടെന്നുള്ളതു മ
ദ്ധ്യാരൊപ। മെന്നറിയുംപൊളവിവെകവുന്നശിച്ചീടും। ചിത്താ
കുമാത്മാവിന്റെ സ്വപ്രകാശത്തെക്കൊണ്ടു। തത്വങ്ങളെല്ലാംപ്ര
കാശിച്ചുചെഷ്ടിച്ചീടുന്നു। തന്നുടെപ്രഭാകൊണ്ടുതന്നെയും പ്ര
കാശിപ്പി। ച്ചന്യമായുള്ളപ്രപഞ്ചെദ്വയപദാൎത്ഥവും। ഒക്കയുംപ്ര
കാശിപ്പിച്ചഗ്നിയെപ്പൊലെജഡ। തത്വമായുള്ളൊരജ്ഞാനത്തി
നാലറിയാതെ। മെവുന്നുജീവാത്മാവാസ്സ്വദെഹങ്ങളിലും। ദീപ
ങ്ങൾ ഗൃഹങ്ങളിൽ ദീപിക്കുന്നതുപൊലെ। ആത്മചൈതന്യം
കൊണ്ടുസകലപദാൎത്ഥവും। താല്പൎയ്യമെന്യെപ്രകാശിച്ചു ചെ
ഷ്ടിച്ചീടുന്നു। ആത്മാവിനൊന്നിനൊടുംബന്ധമില്ലതുപൊലെ।
ആത്മാവിനൊടുബന്ധമില്ല ബുദ്ധ്യാദികൾക്കും। അയസ്കാന്ത
ത്തിനുള്ളചൈതന്യംകൊണ്ടുമെന്മെ। ലയസ്സുപ്രവൃത്തിച്ചീടുന്നി
തെന്നതുപൊലെ। ചെതനനായൊരാത്മാവിന്നുടെചൈതന്യത്താ
ൽ। ചെതസ്സുംപ്രകാശിച്ചുസ്മൃതിയെച്ചെയ്യീടുന്നു। മാനസമചെ
തനമെങ്കിലുമാത്മാവിന്റെ। സാന്നിദ്ധ്യംകൊണ്ടു മചെതനനെ
ന്നുള്ളഭാവം। മായയാമജ്ഞാനംകൊണ്ടുണ്ടായി ച്ചമെകയാൽ।
കായസംബന്ധദുഃഖമാത്മാവിനുണ്ടാകുന്നു। മാനസ സമീപ
സ്ഥനാകയാലാത്മാവിനെ। മാനസധ്വജനെന്നു ചൊല്ലുന്നിത
തുമൂലം। മാനസെപാറീടുന്നദൊഷങ്ങളുടെഭാവ। മാരൊപിച്ചീ
ടുംമനസ്സാത്മാവിലതുനെരം। അദ്ധ്യാസമായിട്ടാഗന്തുകമായുള്ള

മൊക്ഷം| സിദ്ധിക്കുമാത്മാവിനുനിൎമ്മലനെന്നാകിലും| ധവള
മായിട്ടതിശുദ്ധമാംസ്ഫടികത്തിൽ| ശബളാസിതരക്ത വൎണ്ണങ്ങ
ൾകാണാകുന്നു| പരമാൎത്ഥന വിചാരിച്ചു കാണുമ്പൊ ളതി|
ലൊരുസംബന്ധമില്ലെന്നറിയാമതുപൊലെ| മാനസാദികൾ
ബന്ധിച്ചീടുകയില്ലനൃന|മാനന്ദസ്വരൂപനാമാത്മാവെയൊരി
ക്കലും| മായാന്ധകാരംമനസ്സിങ്കലുണ്ടാകമൂലം| മായകൊണ്ടുള്ള
ബന്ധമുണ്ടാക്കിച്ചമക്കുന്നു| മായാതൻഗുണങ്ങളെ താനനുസ
രിക്കയാൽ| മായാമൊഹിതന്മാൎക്കുബന്ധനാകുന്നുജീവൻ| മാ
യകൊണ്ടുള്ളൊരജ്ഞാനാന്ധകാരത്തെയെല്ലാം| മാനസംതന്നി
ൽനിന്നുനീക്കണംവഴിപൊലെ| മായനീങ്ങുംപൊളവിവെകവു
ന്നശിച്ചീടു|മ്മാനസവിശുദ്ധിയും ജ്ഞാനവുമുണ്ടായ്വരും| കൎമ്മ
ങ്ങൾകൊണ്ടുംവ്രതംകൊണ്ടുംദാനങ്ങൾകൊണ്ടും| ധൎമ്മങ്ങൾകൊ
ണ്ടുംമഹാതീൎത്ഥസ്നാനങ്ങൾകൊണ്ടും|പുണ്യങ്ങൾകൊണ്ടും പുരു
ഷാൎത്ഥധൎമ്മങ്ങൾകൊണ്ടും| നിൎണ്ണയംമായാബന്ധമൊഴിഞ്ഞീടു
കയില്ലാ| മായയാമജ്ഞാനാന്ധകാരംപൊകണമെങ്കിൽ| മാന
സന്തന്നിൽജ്ഞാനദീപമുണ്ടായീടണം| ഉഗ്രമാമിരിട്ടിനെപ്പൊ
ക്കണമെങ്കിൽദീപ|മുജ്വലിച്ചുണ്ടായിരിക്കെണമെപ്പൊഴുതിലും|
സ്വപ്രകാശനാമഗ്നിതന്നാലെ ദീപമായി| വൎത്തിക്കയില്ലാതൈ
ലവൎത്തികൾകൂടവെണം| സ്ഥാലിയിൽതൈലംവീഴ്ത്തിതിരിയുമി
ട്ടുവഹ്നി|ജ്വാലയാൽപ്രദീപ്തമാംദീപമെന്നതുപൊലെ| കായ
മാംവിളക്കതിൽകൎമ്മമാന്തൈലമൊഴി|ച്ചായതിൽ മനസ്സായീടു
ന്നവൎത്തിയുമിട്ടു| ആത്മാവാകുന്നൊരഗ്നികലൎന്ന ദീപപ്രഭാ|
അജ്ഞാനാന്ധകാരത്തെക്കളയുമറിഞ്ഞാലും| ചിത്തമാംവൎത്തിയു
ടെപുഷ്ടിയെത്രയുണ്ടെന്നാ| ലത്രയുംവെഗാൽകൎമ്മതൈലങ്ങളൊ
ടുങ്ങീടും| മാനസവൎത്തിതന്മെലുജ്വലിച്ചീയങ്ങുന്ന| ജ്ഞാനദീ
പൊൎജ്ജ്ദീപ്തികൊണ്ടുകൎമ്മമാംതൈലം|വെഗെനനശിച്ചീടു മായ
തുനെരമ്മന|സ്സാകുന്നവൎത്തിതന്നെദീപിച്ചുവൎദ്ധിച്ചുടൻ| മായ
കൊണ്ടതിരമ്യമായിട്ടുപണിചെയ്യു|കായമാംവിളക്കുസന്തപ്തമാ
യ്നശിച്ചീടും| ജ്ഞാനദീപവുന്നശിച്ചീടുമന്നെരംപര|മാനന്ദനാ
യീടുന്നിതാത്മാവെന്നറിഞ്ഞാലും| മാനസന്തന്നി ലറിവില്ലെ

നുവന്നിട്ടുമ്പൊൾ| ജ്ഞാനഹീനമാമവിവെകവുമതുതന്നെ| ആ
യതു നീങ്ങീടുവാനായുള്ളൊരുപായമി| ന്നായതവിലൊചനെ
ചൊല്ലുവനിനിയുംകെൾ| മുൻപിനാലുണ്ടാകണമെന്നാലു സാധ
നമതിൽ |സന്തതംസാധുക്കളൊടുള്ളസംഗമമൊന്ന|സൽക്കഥ
കളുംഭഗവൽകഥകളുംകെൾപ്പാ | നുൾക്കാമ്പിലതിശ്രദ്ധ യു
ണ്ടാകുന്നതുമൊന്ന| കർമ്മങ്ങൾചെയ്തീടുന്നതൊക്കയും ബ്രഹ്മാ
ർപ്പണ|മെന്നുചിന്തിച്ചുചെയ്തീടണ മെന്നതുമൊന്ന| മൃച്ഛിലാ
ദാരുപ്രതിമാദിദൈവതങ്ങളി|ലീശ്വരനെന്നുള്ളൊരു ഭക്തിയും
വിശ്വാസവും| നാമങ്ങൾപലവിധമുള്ളവജപിക്കയും|രാമദെ
വനെഹൃദിധ്യാനിച്ചുരമിക്കയും| ഇങ്ങിനെചിലദിനംകഴിഞ്ഞിട്ടു
ന്നനെരം| നിർമ്മലമായ്വന്നിട്ടുംമനസ്സുമതിനാലെ| പൊയീടുമ
വിവെകമെന്നുള്ളൊരജ്ഞത്വവും| സ്ഥായിയൊടപ്പൊൾവൃത്തി
ജ്ഞാനവുമുണ്ടായ്വരും| വൃത്തിയെന്നതു മനൊവൃത്തി യെന്നറി
ഞ്ഞാലും|വൃത്തിയിൽജ്ഞാനംപ്രകാശിപ്പതുവൃത്തിജ്ഞാനം|ജ്ഞാ
നമാകുന്നതാത്മസ്വഭാവ മറിഞ്ഞാലു|മായതു മനസ്സിലുണ്ടാകു
മ്പൊൾജ്ഞാനമുണ്ടാം| ജ്ഞാനവുംരണ്ടുവിധമുണ്ടതുപൊലെവൃ
ത്തി| ജ്ഞാനവും സ്വരൂപ ജ്ഞാനവു മിങ്ങിനെ ചൊല്ലും
അജ്ഞാനപ്രകാശവുംജ്ഞാനവുംസ്വരൂപജ്ഞാ| നത്തിനുണ്ടതു
സുഷുപ്തിയിലുംവൃത്തിയിലും|അജ്ഞാനത്തിനുംസ്വരൂപജ്ഞാന
ത്തിനുംതമ്മിൽ| വിദ്വെഷമില്ലവൃത്തിജ്ഞാനത്തിനുണ്ടു താനും
അങ്ങിനെയുള്ളസ്വരൂജ്ഞാനംവൃത്തിതന്നി |ലെങ്ങുമെ പ്രകാ
ശിച്ചുവൃത്തിജ്ഞാനവുമുണ്ടാം|ജ്ഞാനവുമജ്ഞാനവുമുള്ളൊരുസ്വ
രൂപമ| ജ്ഞാനമെങ്ങിനെകളയുന്നവാറതുംകെൾക്ക| അക്കരശ്മി
യാലഖിലാർത്ഥവുംപ്രകാശിക്കും |ശഷ്പങ്ങൾപൊലുംദഹിക്കുന്നി
തുമില്ലെന്നാലും|ഉഷ്ണരശ്മികൾസൂര്യ്യകാന്തത്തിൽ പ്രകാശിച്ചാൽ
തൽക്ഷണംതൃണകാഷ്ഠങ്ങളെയുംദഹിക്കുന്നു | അക്കണക്കിനെ
മനൊവൃത്തിയിൽപ്രവെശിച്ചിട്ടജ്ഞാനത്തെയുംദഹിപ്പിക്കുന്നു
വൃത്തിജ്ഞാനം|വൃത്തിജ്ഞാനംകൊണ്ടാത്മതത്വജ്ഞാനവു മുണ്ടാം
തത്വജ്ഞാനമുണ്ടായാൽസിദ്ധിക്കുംകൈവല്യവും| ഇങ്ങിനെവി
വെകവുമവിവെകവുമുണ്ടാ|യ്വന്നിടുംപ്രകാരവുമവിവെകത്തെ

നിക്കി। നല്ലൊരുവിവെകിയായിജ്ഞാനിയായാത്മതത്വ। മുള്ളം
കൊണ്ടറിഞ്ഞുകൈവല്യത്തെലഭിപ്പാനും।മായയാമജ്ഞാനവുംജ
ഡമായചെതന।മായിരിപ്പൊരുദെഹധൎമ്മവുംദുഃഖങ്ങളും। ഒക്ക
വെസത്യമെന്നുള്ളതുബൊധിപ്പാനും। ദുഃഖമാത്മാവിനുണ്ടെന്നു
ള്ളതുകളവാനും।വിസ്തരിച്ചുരചെയ്യുകെൾപ്പിച്ചെ നിനിയുകെ।
ളുക്തമായെല്ലൊമുൻപെമുക്തികൾനാലുണ്ടെന്നു। ആയതിനുടെ
ക്രമഭെദങ്ങൾതന്നെച്ചൊല്ലാ।മായതവിലൊചനെ തെളിഞ്ഞുകെ
ട്ടാലുംനീ।സാലൊകംസാമീപവുംസാരൂപ്യംസായൂജ്യവും। നാലു
ക്തികളെവമഞ്ചെന്നുചൊല്ലുന്നിതു।സാലൊക്യാദികൾ മൂന്നുമു
ക്തിയുംജീവന്മുക്തി।നാലാന്നിൎവ്വാണംവിദെഹാനന്ദം നിത്യാന
ന്ദം। ജീവന്മുക്തികൾമൂന്നുംനിത്യമാ യ്വരുന്നില। ദെഹംകയ്ക്കൊ
ണ്ടിട്ടുള്ളമുക്തികളതാകയാൽ। ഹെയമായിരിപ്പൊന്നി ദ്ദെഹമെ
ന്നതുകൊണ്ടു।ദെഹയുക്തനുബന്ധമൊചനംവരുന്നില।മൎത്ത്യരു
മമൎത്ത്യരുമെന്നതുപൊലെജീവൻ। മുക്തന്മാർപലകാലംമുക്തരാ
യിരുന്നിട്ടും।അല്പകാലവുംബഹുകാലവുമതുപൊലെ। ഉല്പന്നസു
ഖദുഃഖങ്ങളുമുണ്ടായിട്ടുന്നു। ദെഹാഭിമാനജമായ്മാനുഷക്കുള്ള ദുഃ
ഖം।ദെവകൾക്കുള്ള ദുഃഖംദെവവൈരികളാലും।പുണ്യകൎമ്മഫല
ഫലക്ഷയത്തിനാലുംവാനൊർ।വിണ്ണിൽനിന്നധഃപതനംവരു
മതിനാലും।ദുഃഖങ്ങളുണ്ടാകുന്നിതക്കണക്കിനെജീവ। ന്മുക്തന്മാ
ർ സുരന്മാരെപ്പൊലെയന്നറിഞ്ഞാലും ബന്ധമൊചനംവന്നാ
ലന്നെരന്താനെമുക്തി സംഭവിച്ചീടുംപുനജ്ജന്മവു മുണ്ടായ്വരാ
എങ്ങിനെകൎമ്മബന്ധമൊചനംവരുത്തുവ।തെങ്ങിനെ സായൂജ്യ
മാംമുക്തിയെ ലഭിപ്പതും। ആയതുചൊല്ലീടുവൻ കെട്ടാലുംസാ
ലൊക്യാദി।നാലുമുക്തിയുംനാലുസാധനത്തിനാലുണ്ടാം। ചരിത
ക്രിയയൊഗംജ്ഞാനമെന്നിവനാലാം।ചരിതഭഗവാന്റെ ചരി
തംകെൾക്കതന്നെ ക്രിയയായതുപൂജാവിധിയെ നറിഞ്ഞാലും।
പ്രിയവാദിനിയൊഗമായതഷ്ടാംഗയൊഗം।മുൻപിനാൽശമദ
മമാസനംപ്രാണായാമം। സംപ്രതിപ്രത്യാഹാരം ധാരണധ്യാ
നംപിന്നെ। ഏഷ്ട ചിത്തെനസമാധിയുമിങ്ങിനെക്രമാ।ലഷ്ടാം
ഗയൊഗങ്ങളെന്നറിഞ്ഞുകൊൾകപൊലെ।ജ്ഞാനമായതുജീവപ

രയൊരൈക്യമിദം। നാലുസാധനങ്ങളാൽനാലുമുക്തിയുംമുണ്ടാം
സാലൊക്യാദികൾമൂന്നുമുക്തിയുംപ്രാപിക്കുന്നു ।കായംകളെല്ലാ
ണ്ടിട്ടതുകാരണമവമൂന്നും।കമ്മബന്ധത്തിൽനിന്നു വെർപെട്ടു
ന്നീലാപുന। ജ്ജന്മവുമുണ്ടാകുന്നുകമ്മവാസനപൊലെ।പുണ്ണ്യ
ങ്ങൾവളൎന്നുണ്ടായ്വന്നീട്ടുംമുക്തികൾക്കു। പുണ്ണ്യങ്ങൾ നശിക്കും
പൊഴുനാശവുംഭവിച്ചീട്ടും। പുണ്ണ്യപാപങ്ങളവരണ്ടിനു മൊരു
പൊലെ। കമ്മബന്ധനംഭവിച്ചീട്ടുന്നു ശുദ്ധാത്മികെ। ബന്ധന
ത്തിനുഭെദമുണ്ടെന്നുചൊല്ലാമതു। മന്ധന്മാരാകു മജ്ഞാനികൾ
ക്കുതൊന്നീട്ടുന്നു। ലൊഹചങ്ങലകൊണ്ടു ബന്ധിച്ചിട്ടിരിപ്പൊ
രു।ദെഹമാകുന്നുപാപകമ്മകനാകുന്നവൻ। ഹെമചങ്ങല കൊ
ണ്ടുമുക്തനായ്ബന്ധനെന്നു।നാമവുംപൂണ്ടിട്ടുന്നു സുകൃതിയാകുന്ന
വൻ। സ്വൎഗ്ഗവുമിരിമ്പുമെന്നുള്ളൊരുഭെദമുണ്ടു। പുണ്ണ്യകമ്മ
വുംപാപകമ്മവുംനിരൂപിച്ചാൽ। ചങ്ങലാരണ്ടുകൊണ്ടുംബന്ധി
ച്ചീട്ടുന്നുജീവൻ। തന്നെയെന്നതിലൊരുഭെദമുണ്ടതുംകെൾക്ക।
കാരിരിമ്പതിനിന്ദ്യംകനകമതിരമ്യം।।നെരറിയാതെയുള്ള മൊ
ഹികൾക്കവന്തൊന്നും। ബ്രഹ്മവിദ്വരിഷ്ഠനു രണ്ടിനുംഭെദമി
ല്ല। പിന്നെമറ്റുള്ളൊക്കൊക്കെ ഭെദമുണ്ടെന്നുതൊന്നും। മൎത്ത്യ
നായ്ജനിച്ചിഹലൊകത്തിലിരുന്നൊരൊ। സല്ക്കമ്മങ്ങളെച്ചെയ്യാ
ൽസ്വൎഗ്ഗത്തെപ്രാപിച്ചീടാം। മൎത്ത്യവെഷവുംപൃത്ഥീമണ്ഡലെ
വെടിഞ്ഞുടൻ।।നിജ്ജരന്മാരെപ്പൊലെരൂപവുംധരിച്ചീടാം। പു
ണ്ണ്യങ്ങളൊടുങ്ങുവൊളം വസിച്ചീടാംഭ്രമൊ। പിന്നയും ജനിക്ക
ണംപുണ്ണ്യങ്ങൾനെടിട്ടുവാൻ।കൈക്കലുള്ളൊരുധനമൊത്തുവൊ
ളവുംനന്നാ।യ്സ്ഥിത്യവുംവിററുണ്ടെനാലസ്യനായിരുന്നീടാം। നെ
ടിയധനമെല്ലാമൊട്ടുങ്ങീട്ടുന്നനെരം।മൊടിയുന്നശിച്ചു പട്ടിണി
യുമകപ്പെട്ടും। ആടൽതീപ്പതിനാരുമില്ലവിട്ടുന്നുവെഗാ। ലൊടി
ച്ചീട്ടുന്നുനിജ കമ്മവാസനപൊലെ। പിന്നയുംപൂൎവ്വാശ്രമ ത്ത
ന്നിൽനിന്നുടൻധനം। നന്നായ്നെടിയാൽസുഖിച്ചിരിക്കാമവി
ടയും। സല്ക്കമ്മങ്ങളെച്ചെയ്തുലഭിച്ചീട്ടുന്നജീവൻ। മുക്തിസൌ
ഖ്യവുമിതുപൊലെവന്നീട്ടുംനൂനം। ധന്യനായ്വന്നാൽപിന്നെ ജ
ന്മമുണ്ടാമൊഎന്നു। സന്ദെഹംവെണ്ടാകമ്മബന്ധനാകയാൽവ

രും| രംഭതൻബീജമെകംനട്ടതുമുളയ്ക്കുംപൊ|ഉൻപൊട്ടവളങ്ങളു
മിട്ടപാലനംചെയ്യാൽ| ആക്കംപൂണ്ടൊരുകുലയുണ്ടാകുമതെന്നി
യെ| മെൽക്കുമെൽകുലയുണ്ടായ്വരുന്നീലതുപൊലെ| പിന്നയുമ
തിനുടെബീജത്തെവളൎത്തിയാൽ| വന്നീട്ടമൊരുകുലയതിനും മു
ന്നെപ്പോലെ| ആക്കമുള്ളൊരുകുലമുത്തതുപഴക്കുമ്പൊൾ| മുഖ്യ
മാമൊരുഫലമെന്നുചൊല്ലീടാമത| ഇലയുന്തണ്ടുംപൂവും മുതലാ
യവാന്തര|ഫലമിങ്ങിനെരണ്ടുവിധമായുണ്ടാംകൎമ്മം| കൃതകൃത്യ
ന്മാരെന്നിമറ്റുള്ളജനങ്ങൾക്കു| കൃതമായുള്ളകൎമ്മഫലങ്ങളനുഭൂ
തം| പുണ്യമിശ്രമപാപമിങ്ങിനെമൂന്നായിട്ട |നിന്നീടുംഫല മ
നുഭവ്യമാമെവിടയും| പുണ്യമുണ്ടായിടണമെന്നുറച്ചൊരുകൎമ്മം|
നന്നായിപ്പിഴയാതെചെയ്യണമെന്നൊൎത്തുള്ളിൽ| കൃത്യാകൃത്യവു
മദൃഷ്ടങ്ങളുംദൃഷ്ടങ്ങളു|മൊക്കയുമറിഞ്ഞിരിക്കുന്നവ നെന്നാകി
ലും| നിത്യവുമൊരുപൊലെതന്നെവൎത്തിക്കയില്ല|മൎത്ത്യജന്മത്തി
ൽമിത്ഥ്യാമയനായിരിക്കയാൽ| കൎമ്മവിഭ്രമംവരുമന്നെരം പാപ
ങ്ങളും| നന്മയായുള്ളപുണ്യത്തൊടുചെന്നിടകൂടും| മൊക്ഷമെത്ര
യുണ്ടെന്നാലത്രയും പുണ്യംനീക്കി| ശെഷിച്ചപുണ്യമനുഭവി
ക്കാംസ്വൎഗ്ഗത്തിലും| ശെഷിച്ചപുണ്യമൊട്ടങ്ങീടുമ്പൊൾകൈവ
ല്യവും| വെറിട്ടപുണ്യപാപമിശ്രമാംബന്ധത്തിനാൽ| പിന്ന
യുംഭ്രമാന്ധലെവനുടൻജനിച്ചീടും|പുണ്യകൎമ്മംകൊണ്ടെവംവ
ന്നീടുമറിഞ്ഞാലും| നല്ലതെന്മാവിൻബീജന്നട്ടതുമുളച്ചുണ്ടാ|യ
ല്ലലെന്നിയെകൊമ്പുംശിഖയുംപടച്ചയും| ഒക്കയുമൊരുപൊലെ
ചുററിവൎദ്ധിച്ചിട്ടതു| പൂത്തുമാങ്ങയുമുണ്ടായ്പഴുത്തൊരനന്തരം| ദ
ക്ഷിണാദിക്കിലുള്ളകൊമ്പത്തുള്ളൊരുഫലം| ഭക്ഷിപ്പാനാകാപ
ഴുത്തിട്ടുമെത്രയുംകഷ്ടം| ചുനയുംപാരമെരിഞ്ഞിട്ടുള്ള പുളിപ്പുമു|
ണ്ടരിഞ്ഞുപചിച്ചാലുമശിച്ചുകൂടാതെല്ലും| അന്യശാഖികൾതൊറു
മുള്ളൊരുഫലമെല്ലാം|നന്നുനന്നമൃതിനുതുല്യമായുള്ളരസം| വൃ
ക്ഷമൊന്നതിൽഭെദമിങ്ങിനെകാണുന്നീലെ| പക്ഷംചന്ദ്രനുംര
ണ്ടുമൊന്നുപൊലല്ലായെല്ലൊ| ഇങ്ങിനെപലതരമുണ്ടെല്ലൊനി
രൂപിച്ചാ|ലെന്നതുപൊലെപുണ്യന്തന്നിൽപാപവുമുണ്ടാം| ക
ൎമ്മമെത്രയുംപുണ്യാച്ഛക്ഷമായ്വരികിലും| ചെമ്മെയങ്ങതിൽ

കൂടെപ്പാപവുമുണ്ടായ്വരും | പാപകമ്മത്തിൽകൂടെപുണ്ണ്യവുമുണ്ടാ
യ്വരും|തൊയത്തിൽശീതൊഷ്ണാദിഭെദങ്ങൾകാണുന്നപൊലെ| മ
ന്ദങ്ങളായിട്ടുള്ളകമ്മങ്ങളുടെഫലം| ജന്മസംസാരാമയ കാരണ
മാകയാലെ| കമ്മങ്ങൾകൊണ്ടുപുനജ്ജന്മമില്ലാതെയുള്ള |കൈവ
ല്യംവരുന്നില്ലെന്നറികശുഭപ്രിയെ| കമ്മമൊക്കയുംജന്മപ്രദമെ
ങ്കിലുംപുണ്ണ്യ|കമ്മമാനന്ദപ്രദംനിത്ത്യമാനന്ദൊദയം| വിദ്ദ്യയെ
ഭജിപ്പതിനായുള്ളമാഗ്ഗമത്രെ|നിത്ത്യവുംപിഴയാതെനിശ്ചല ഹൃദയ
നായി|ഭക്തിയൊടുപാസിച്ചുകമ്മംചെയ്യതിൻഫല| മൊക്കയും
ബ്രഹ്മാപ്പണമായിട്ടുസമപ്പിച്ചാൽ| ഭക്തവത്സലൻതന്റെകാ
രുണ്ണ്യമുണ്ടായ്വരുന്നു| മുക്തിയുംഭവിച്ചീടുമില്ലസംശയം ബാലെ|
മററുള്ളകമ്മങ്ങളാൽമുക്തിവന്നീടുന്നതി|ല്ലററീടുന്നില്ലകമ്മ ബ
ന്ധനമതുമൂലം| സത്ത്യമായുള്ളമുക്തിസായൂജ്യമെന്നുബൊധി|ച്ചു
ൾത്തളിരിങ്കൽഭക്തിശ്രദ്ധപൂണ്ടാലുംബാലെ| കമ്മവും ശരീര
വുംജന്മാദിദുഃഖങ്ങളു|മൊന്നുമില്ലെന്നുവന്നു|ശൂന്ന്യമായ്ഭവിച്ചെ
ന്നാൽ| ശൂന്ന്യമെന്നെല്ലൊവന്നതെന്നാലെന്തൊരുസുഖ| മെ
ന്നുതൊന്നീടുമകക്കാമ്പിലെങ്കിലൊകെൾക്ക| സായൂജ്യമുക്തിപു
നജ്ജന്മ ഹീനമാംമുക്തി| കാലവുമില്ലജീവനാശവുംവരുന്നില
ആനന്ദ സ്വരൂപനാ മാത്മാവുതന്നെ പര| മാനന്ദമായ പ
രബ്രഹ്മമായീടുന്നതു| മാത്മാവെ യറിയുംപൊ ഴറിയാ മതി
നുടെ| താല്പയ്യം പരമാത്ഥ ബൊധജ്ഞാനത്തിനാലെ| ആത്മാ
വെ മനസ്സിനാ ലറിഞ്ഞീടണമതി| നാത്മാവിൻ പ്രകാശ
ത്വം മനസ്സി ലുണ്ടാകണം| ആത്മ ചൈതന്ന്യമതു മനസ്സില്ലു
ണ്ടാകുംപൊ| ളാത്മാവെ മനസ്സുകൊണ്ടറിയാം വഴിപൊലെ
ആത്മാവെ യാത്മാവറിഞ്ഞീടണമെന്നുതന്നെ| താല്പയ്യംമന
സ്സെന്നുരണ്ടായിപ്പറഞ്ഞീടാം| പ്രതിമാകളിൽപ്രകാശിക്ക മീ
ശ്വരനെപ്പൊൽ| പ്രതിബിംബമാംമനസ്സിങ്കലുംജ്വലിക്കണം|
അന്നെര മാത്മാവിനെയറിയാംമനസ്സിനു| മന്ന്യഥാജഡംമന
സ്സെത്രയുമന്ധകാരം|ഉഭയപ്രപഞ്ചങ്ങൾകണ്ടറിഞ്ഞീടുവാനാ|
യുഭയാശ്രയനയനങ്ങളായിരിക്കുന്ന| ചിത്തവുംനയനവുംതത്വ
ങ്ങളെന്നാകിലും| പ്രത്യെകംവത്തിക്കുന്നുചിത്തിന്റെപ്രാകാ

ശത്താൽ। സ്ഥൂലമായുള്ളനെത്രംസൂക്ഷ്മമാകുന്നചിത്തം। ശീല
ങ്ങളവറ്ററിനാലൊകനമൈക്യകതന്നെ। ശീതൊഷ്ണഭയരതികാമ
രാഗാദികളും। മൊദഖെദമുഖ്യദിനരാത്രികളിവയെല്ലാം। ഭെദ
മെന്നിയെ യറിഞ്ഞീടുന്നനെത്രമിതു। ചെതസ്സിൻപ്രഭാവചാ
തുൎയ്യങ്ങൾകൊണ്ടുതന്നെ। ചിത്തവിഭ്രമംവന്നാൽനെത്രവുംഭ്രമി
ച്ചീടും। പ്രത്യെകമായിട്ടൊന്നുന്തിരിച്ചുകാണുന്നില്ലാ। ദൃഷ്ടിയി
ൽകണ്ടീടുന്ന മിപ്രപഞ്ചങ്ങളെല്ലാം। ദൃഷ്ടിക്കുള്ളറിവുമാനസ
വുമതുപൊലെ। ചിത്തിൻെറപ്രകാശത്താൽമനസ്സു പ്രകാശി
ച്ചു। നിത്യനാമാത്മാവിനെയറിയുംവഴിപൊലെ। സച്ചിദാന
ന്ദത്വവുംനിത്യനിൎമ്മലത്വവും। വ്യക്തവുമവ്യക്തവുംസൎവ്വസംപൂ
ൎണ്ണത്വവും। അൎക്കതൊയാഗ്നിയെപ്പൊൽസുപ്രഭാ ശീതൊഷ്ണ
വും। നിത്യനാമാത്മസ്വഭാവങ്ങളെങ്കിലുന്തദാ। സ്വച്ഛതകലൎന്നു
നിൎമ്മലമായിട്ടുഞ്ചിത്ത। ദൎപ്പണപ്രതിബിംബത്തിൽപ്രകാശി
ക്കുമ്പൊലെ। മറ്റുമുള്ളവറ്ററിൽ സന്ധി പുറത്തായ്ശൊഭിപ്പീലാ।
നിത്യനാമാത്മാവെന്നുബൊധിക്കവരാനനെ। ചിത്താകുമാത്മാ
വിൻെറസ്വപ്രകാശവുംമനൊ। വൃത്തിയുമെകീഭവിച്ചീടുമ്പൊ
ളാത്മജ്ഞാനം। സിദ്ധിക്കുമപ്പൊൾവിദെഹാ നന്ദമായിടുന്നു।
മുക്ത്യാനന്ദവുമനുഭവിക്കാംമനൊഹരെ। ആനന്ദംപലപ്രകാര
ത്തിലുമുണ്ടാംപര। മാനന്ദമതിൽപരമില്ലമറ്റൊരാനന്ദം। നി
രുപാധികമായിസൎവദാനിത്യമായി। നിരതിശയമായിട്ടിരിക്കും
മുക്ത്യാനന്ദം। സശരീരമായനിത്യാൎത്ഥമായ്സ്വെന്ദ്രിയ। വശമാ
യതിശയയുക്തമായിരിപ്പൊരു। സുഖമായജ്ഞാനമാ യിരിക്കു
മന്യമുള്ളു। നിഖിലാനന്ദങ്ങളുമെന്നുബൊധിക്കബൊലെ। ബ്ര
ഹ്മാനന്ദത്തി നുപമാനമായൊന്നുമില്ല। നിൎണ്ണയമാനന്ദംമ
റ്റെങ്കിലുംവിചാരിച്ചാൽ। സുഷുപ്ത്യാനന്ദംപൊലെമുക്ത്യാന
ന്ദവുമെന്നു। കഴിക്കാമനുഭവസിദ്ധിപാൎത്തീടുന്നെരം। മുക്തിയും
സുഷുപ്തിയുമൊന്നുപൊലിരിക്കിലും। മുക്തിക്കുനിത്യത്വവുംസു
ഷുപ്തിക്കനിത്യത്വവും। വ്യക്തമായ്ക്കാണുകകൊണ്ടുതുല്യമല്ലെന്നാ
കിലും। മുക്തന്മാൎക്കൊക്കസുഷുപ്ത്യാനന്ദം മുക്ത്യാനന്ദം। സുഷു
പ്ത്യാനന്ദന്തന്നെമുക്ത്യാനന്ദവുമെന്നാൽ। സുഷുപ്ത്യാവസ്ഥയ

വിദ്യൊപാധിഎന്നുമുമ്പിൽ| പറഞ്ഞതെന്തെന്നുള്ളിൽസംശയ
മുണ്ടാകെണ്ടാ| പറഞ്ഞിടുവനതുകെട്ടുകൊണ്ടാലുംബാലെ| ജാ
ഗരാദ്യവസ്ഥകൾമൂന്നിനുംസാക്ഷിഭൂത|നായിരിക്കുന്നിതാത്മാ
നിൎവ്വികാരിയായ്സ്സദാ|ആയതെങ്ങിനെയെന്നുചൊല്ലീടാംജാഗ്രാ
ദികൾ| മായാകാൎയ്യൊപാധികാൎയ്യങ്ങളെങ്കിലുംകെൾക്ക| ബാ
ഹ്യാൎത്ഥമറിഞ്ഞു സ്വെന്ദ്രിയങ്ങളിനാലും| താല്പൎയ്യത്തൊടുവ്യാ
പാരങ്ങളെച്ചെയ്യുന്നതു|യാതൊരിക്കലങ്ങതുജാഗ്രമെന്നറിഞ്ഞാ
ലും| ചെതസ്സുപിന്നെബാഹ്യാൎത്ഥങ്ങളെയറിയാതെ| മാനസാ
ധിഷ്ഠാനമാമന്തരിന്ദ്രിയമൊന്നു| താനെയുള്ളതുകൊണ്ടുജാഗ്രാ
വസ്ഥയിലുള്ള| വാസനാവിഷയങ്ങളാകവെഭുജിപ്പാനാ|യ്യാ
നൊരുഭൊക്താവുമായ്സ്സൂക്ഷ്മകൎത്താവുമായി| കൎമ്മവുംകരണവുംജാ
തിവൎണ്ണാശ്രമവു| മെന്നിവസംകല്പമായുള്ളരൂപംപൂണ്ടുടൻ |
മാനസന്തന്നെഭ്രമിക്കുന്നവസ്ഥയെതതു| മാനിനീമണെസ്വ
പ്നാവസ്ഥയെന്നറിഞ്ഞാലും| ജാഗ്രസ്വപ്നാവസ്ഥകളൊന്നുമെ
തൊന്നീടാതെ| വാക്കുമന്ധകാരംപൊലൊന്നുമെതിരിയാതെ |
കാരണമാകുമജ്ഞാനത്തിനാൽലീനമായി| മെവീടുമവസ്ഥയാ
കുന്നതുസുഷുപ്തിയും| അവസ്ഥാത്രയമിവമൂന്നിനുംസാക്ഷിയാ
യി| പ്രവൃത്തിയുക്തനായിനില്ക്കുന്നിതാത്മാവുതാൻ| സാക്ഷി
യാസ്സില്ലതെവമെന്നുബൊധിച്ചീടുവാൻ| സാക്ഷിലക്ഷണം
കെട്ടുബൊധിക്കവരാനനെ| ലൊകത്തിലെകനന്ന്യന്മാരുടെഅ
വസ്ഥയും| വ്യാപാരങ്ങളുമീശന്മാരയുമൊരുപൊലെ| കണ്ടിരി
ക്കയാൽ സാക്ഷിയെന്നുചൊല്ലുന്നിതതി| നുണ്ടിനിയുക്കെളൊ
രുസാദൃശ്യംചൊല്ലീടുവൻ| സന്ന്യാസിവരനൊരുവനൊരു മഠ
ത്തന്നിൽ| മൌനവ്രതനായിരിക്കുന്നവനരികത്തു| ചെന്നിരു
ന്നിതുരണ്ടുപെർഗൃഹസ്ഥന്മാരവർ| മൌനഭാവംപൂണ്ടൊരുമു
ഹൂൎത്തമിരുന്നിതു| പിന്നെയന്ന്യൊന്ന്യംമൃദുവാദികളായൊരൊവാ
ൎത്താ| നന്നായിപ്പറഞ്ഞിരുന്നാരൊരുമുഹൂൎത്തവും| പിന്നെയ
ന്ന്യൊന്ന്യമൊരുമുഹൂൎത്തംകലഹിച്ചു| ഒന്നിനൊന്നടികൂട്ടീട്ടന്ന്യായ
മറിവാനായി|രാജദ്വാരത്തിൽചെന്നനെരത്തുമന്ത്രികളും| വ്യാ
ജത്തെത്തിരിപ്പാനാസ്സാക്ഷിയാരെന്നനെരം| സാക്ഷിസന്ന്യാ

